ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ പ്രസിദ്ധീകരണം

# കേരള ഇക്കോണമി

ജൂൺ–ജൂലൈ 2021

പുസ്തകം 2 ലക്കം 6-7

പ്രത്യേക പതിപ്പ്

## 2021 22 സാമ്പത്തിക വർഷത്തെ പുതുക്കിയ സംസ്ഥാന ബജറ്റിനെ കുറിച്ചുള്ള ചർച്ച

GIFT GULATI INSTITUTE OF FINANCE AND TAXATION

# കേരള ഇക്കോണമി

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ്
ആന്റ് ടാക്സേഷൻ പ്രസിദ്ധീകരണം
ജൂൺ-ജൂലൈ 2021 പുസ്തകം 2 ലക്കം 6 & 7

എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
കെ എൻ ബാലഗോപാൽ

എഡിറ്റർ ഇൻ ചീഫ്
കെ ജെ ജോസഫ്

ഉപദേശക സമിതി
എ വി ജോസ്
ഡി നാരായണ
കെ എൻ ഹരിലാൽ
കെ രവിരാമൻ
തങ്കം അരുൺ
രാജേശ്വരി എസ് റൈന
താരാ എസ് നായർ
സി ബാലഗോപാൽ
ഡി ഷൈജൻ
സിദ്ദിഖ് റാബിയാത്ത്
എൻ രാമലിംഗം
എൽ അനിതാകുമാരി
സക്കറിയാ സിദ്ദിഖി
അനൂപ് എസ് കുമാർ

കൺസൾട്ടിംഗ് എഡിറ്റേഴ്സ്
ജോർജ് ജോസഫ്
പ്യാരേലാൽ രാഘവൻ

എഡിറ്റിംഗ് അസിസ്റ്റന്റ്
യു പി അനിൽകുമാർ

വിലാസം
ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ,
ഗിഫ്റ്റ് കാമ്പസ്, ചാവടിമുക്ക്,
ശ്രീകാര്യം, തിരുവനന്തപുരം, കേരള- 695017.
ഫോൺ : 0471 2596970, 2596980, 2590880, 2593960.
Email : keralaeconomy@gift.res.in www.gift.res.in

Printed and published by K J Joseph on behalf of Gulati Institute of Finance and Taxation, Thiruvananthapuram. Printed at Solar Offset, Manvila, Thiruvananthapuram.
For private circulation. Not for sale.

കേരള ഇക്കോണമി
പുസ്തകം 2 ലക്കം 6&7 ജൂൺ-ജൂലൈ 2021

GIFT GULATI INSTITUTE OF FINANCE AND TAXATION

# ഉള്ളടക്കം

പേജ് നമ്പർ

എഡിറ്റോറിയൽ 3

1. കേരളത്തിന്റെ സാമ്പത്തിക വികസനത്തിന് പുതിയ കാഴ്ചപ്പാട് 5
കെ എൻ ബാലഗോപാൽ
2. കേരള സമ്പദ്ഘടനയെ കുറിച്ചുള്ള ധീരമായ വീക്ഷണം 8
തോമസ് ഐസക്ക്
3. പുതുക്കിയ ബജറ്റിന്റെ മുൻഗണനകളും പ്രശ്നങ്ങളും 13
എം എ ഉമ്മൻ
4. ഘടനാപരമായ മാറ്റം നിർണ്ണായകം 17
ആർ കെ സിംഗ്, ഐ എ എസ്
5. ഉത്തരം ലഭിക്കേണ്ട ചില ചോദ്യങ്ങൾ 20
സി പി ജോൺ
6. മനുഷ്യരെയല്ല, തൊഴിലാണ് കയറ്റുമതി ചെയ്യേണ്ടത് 22
സജി ഗോപിനാഥ്
7. ആഗോള സാമ്പത്തികമാന്ദ്യവും കേരള ബജറ്റും 25
ആൽവിൻ പ്രകാശ്
8. തൊഴിൽ സൃഷ്ടാക്കളായി കേരളം മാറണം 29
ജി വിജയരാഘവൻ
9. കേരള ബജറ്റ് : ചില നിരീക്ഷണങ്ങൾ 32
മേരി ജോർജ്
10. ബജറ്റും ചാക്രിക വിരുദ്ധ നിലപാടുകളും 37
കെ രവി രാമൻ
11. ആരോഗ്യ മേഖലയിൽ ദീർഘ വീക്ഷണമുള്ള ബജറ്റ് 45
ബി ഇക്ബാൽ
12. ബജറ്റും കാർഷിക മേഖലയും 48
ആർ രാമകുമാർ
13. എന്തുകൊണ്ട് സർക്കാർ കൂടുതൽ പ്രവാസി സൗഹൃദമാകണം? 51
ഇരുദയ രാജൻ
14. വികസനത്തിന് വാക്കുകളല്ല, പ്രവൃത്തിയാണ് വേണ്ടത് 56
എസ് ആദികേശവൻ
15. തൊഴിൽ അവസരത്തിനായി ഐ ടി മേഖലയ്ക്ക് ഊർജം പകരുക 60
ഇ എസ് ബിനു ജേക്കബ്

16. ടൂറിസം മേഖലക്ക് പ്രത്യേക പാക്കേജ് നൽകണം 62
ഇ എം നജീബ്

17. ബജറ്റും സ്ത്രീപക്ഷ കരുതലും 64
നിർമല പത്മനാഭൻ

18. ലിംഗനീതിയും അസംഘടിത മേഖലയും ഉയർത്തുന്ന ആശങ്കകൾ 68
സോണിയ ജോർജ്

New studies on Kerala 72

What is new(s) from GIFT 84

GIFT GULATI INSTITUTE OF FINANCE AND TAXATION

# എഡിറ്റോറിയൽ

## സവിശേഷ സാഹചര്യത്തിലെ സവിശേഷ ബജറ്റ്

2021–22 സാമ്പത്തിക വർഷത്തേക്കുള്ള സംസ്ഥാന ബജറ്റ് അതിന്റെ സവിശേഷതകൾകൊണ്ട് ഓർമ്മിക്കപ്പെടുന്ന ഒന്നായി മാറിയിരിക്കുകയാണ്. കേരളത്തെ ഒരു വൈജ്ഞാനിക സമ്പദ് ഘടനയായി പരിവർത്തനം ചെയ്യുക എന്ന ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാനത്തിന്റെ വികസനത്തിന് പുതിയ ദിശാബോധം നൽകുന്ന ഒരു സമ്പൂർണ ബജറ്റ് 2021 ജനുവരി 15ന് പ്രഫസർ ടി.എം തോമസ് ഐസക് അവതരിപ്പിക്കുകയുണ്ടായി. ഈ ബജറ്റ് അവതരിപ്പിക്കുന്ന വേളയിൽ സംസ്ഥാനത്ത് കോവിഡ് വ്യാപനം ഏറെക്കുറെ നിയന്ത്രണ വിധേയമായിരുന്നു. ഏപ്രിൽ ആറിന് നടന്ന അസംബ്ലി തിരഞ്ഞെടുപ്പിൽ കേരള ജനത ചരിത്രപരമായ ഒരു തീരുമാനമെടുക്കുകയും ഇടതുപക്ഷ ജനാധിപത്യ മുന്നണി തുടർച്ചയായ രണ്ടാം വട്ടം അധികാരമേറ്റു. തുടർന്ന് ശ്രീ കെ.എൻ ബാലഗോപാൽ പുതിയ ധനമന്ത്രിയായി അധികാരമേൽക്കുകയും ചെയ്തു. ഒരു സമ്പൂർണ്ണ ബജറ്റ് അവതരിപ്പിച്ചിരുന്നുവെങ്കിലും, ആശങ്കയുയർത്തുന്ന വിധത്തിൽ കോവിഡ് പരന്നതും പ്രതികൂലമായ സാമ്പത്തിക പ്രത്യാഘാതം സൃഷ്ടിച്ചുകൊണ്ട് മൂന്നാം തരംഗത്തിനുള്ള സാധ്യത ഉയർന്നതും പുതുക്കിയ ഒരു ബജറ്റ് അനിവാര്യമാക്കി തീർത്തു. പ്രതികൂല സാഹചര്യങ്ങളെ തരണം ചെയ്യുന്നതിന് അനുയോജ്യമായ വിധത്തിലുള്ള ഒന്നായി മാറി അത്.

2021 ജൂൺ നാലിന് ശ്രീ കെ.എൻ ബാലഗോപാൽ പുതുക്കിയ ബജറ്റ് അസംബ്ലിയിൽ അവതരിപ്പിച്ചു. പ്രൊഫസർ ഐസക് അവതരിപ്പിച്ച ബജറ്റിന്റെ എടുപ്പുകളിൽ പണിതുയർത്തിയ ഒരു ബജറ്റായിരുന്നു എല്ലാ അർത്ഥത്തിലും അത്. 2026 ഓടെ രണ്ടു ദശലക്ഷം അധിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ലക്ഷ്യമിടുന്ന തരത്തിൽ കേരളത്തെ ഒരു വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയായി രൂപപ്പെടുത്തുക എന്ന ആശയം ഊട്ടിയുറപ്പിക്കുകയാണ് അദ്ദേഹം ചെയ്തത്. സമ്പദ് വ്യവസ്ഥയുടെ എല്ലാ ഉല്പാദന മേഖലകളെയും പുതിയ വൈജ്ഞാനിക അധിഷ്ഠിത സാമ്പത്തിക പ്രവർത്തനങ്ങളാക്കി പരിവർത്തനം ചെയ്യുന്നതിനൊപ്പം, ശാസ്ത്രത്തിലും പരിചയ സമ്പന്നതയിലും അധിഷ്ഠിതമായ വിജ്ഞാനത്തെ ഉല്പാദന ക്ഷമത, മികവ്, തൊഴിൽ സൃഷ്ടിക്കൽ എന്നിവ ഉയർത്തുന്ന വിധത്തിൽ സന്നിവേശിപ്പിക്കുക എന്നതാണ് ഇതിന്റെ കാതൽ. ആഗോള സമൂഹത്തിൽ ചെലവ് കുറഞ്ഞ തൊഴിൽദാതാക്കളായി മാറുന്നതിന് പകരം വൈജ്ഞാനിക മൂലധനം കവചമാക്കുന്ന, മത്സരക്ഷമമായ ഒരു സമ്പദ്‌വ്യവസ്ഥ രൂപപ്പെടുത്തുക എന്നതാണ് ഇതിന്റെ ആശയം. കെ – ഡിസ്ക് വഴിയായി ഇതിനുള്ള വകയിരുത്തൽ 50 ശതമാനം കണ്ട് ഉയർത്തിയത് ഇതിനോടുള്ള പ്രതിബദ്ധതയുടെ തെളിവായി വേണം കാണാൻ. ആരോഗ്യ മേഖലക്കായുള്ള ഫണ്ട് കാര്യമായ തോതിൽ ഉയർത്തിയതുവഴി കോവിഡിന്റെ രണ്ടാം തരംഗത്തോട് അവസരോചിതമായ പ്രതികരണമാണ് ബജറ്റ് നടത്തിയത്. മഹാമാരിയുടെ

മൂന്നാം തരംഗത്തെ പ്രതിരോധിക്കുന്നതിനും സഹായകരമായ ഒരു നീക്കമാണ് ഇത്.

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ സംഘടിപ്പിച്ച, പുതിയ ധനമന്ത്രിയും മുൻ ധനമന്ത്രിയും പങ്കെടുത്ത ഒരു ബജറ്റ് ചർച്ചയെ ആധാരമാക്കിയാണ് ഈ പ്രത്യേക പതിപ്പ് പ്രസിദ്ധീകരിക്കുന്നത്. പ്രഫസർ ടി.എം തോമസ് ഐസക് അധ്യക്ഷത വഹിച്ച പ്രസ്തുത യോഗത്തിൽ ശ്രീ കെ.എൻ ബാലഗോപാൽ പുതുക്കിയ ബജറ്റിന്റെ അടിസ്ഥാന കാര്യങ്ങൾ അവതരിപ്പിക്കുകയുണ്ടായി. നിലവിലെ പ്രത്യേക സാഹചര്യത്തിൽ വരുത്തിയ ആവശ്യമായ മാറ്റങ്ങൾക്കൊപ്പം മുൻ ബജറ്റിന്റെ അജണ്ട അദ്ദേഹം ശക്തമായി തന്നെ മുന്നോട്ട് വച്ചു. ഈ പരിപാടിയിൽ മുതിർന്ന ഉദ്യോഗസ്ഥർ, പ്രശസ്തരായ നയരൂപീകരണകർത്താക്കൾ, പ്രഗത്ഭരായ പണ്ഡിതർ, വാണിജ്യ, വ്യവസായ മേഖലകളുടെ പ്രതിനിധികൾ തുടങ്ങിയവരുടെ സാന്നിധ്യമുണ്ടായതിൽ ഞങ്ങൾ സന്തുഷ്ടരാണ്. ഈ യോഗത്തിലെ ചർച്ചകളിൽ പ്രകടിതമായ ആശയങ്ങളുടെ ഒരു രൂപരേഖ ഈ പ്രത്യേക പതിപ്പിൽ ഉൾക്കൊള്ളുന്നുണ്ടെന്നും അത് *കേരള ഇക്കോണമി*യുടെ വായനക്കാർക്ക് താല്പര്യമുളവാക്കുമെന്നും ഞാൻ പ്രതീക്ഷിക്കുകയാണ്.

**കെ ജെ ജോസഫ്**

# കേരളത്തിന്റെ സാമ്പത്തിക വികസനത്തിന് പുതിയ കാഴ്ചപ്പാട്

**കെ എൻ ബാലഗോപാൽ**

മുൻ ധനമന്ത്രി ഡോ. തോമസ് ഐസക് അവതരിപ്പിച്ച ബജറ്റിൽ ചില മാറ്റങ്ങൾ മാത്രം വരുത്തിയ ബജറ്റാണ് പുതിയതായി അവതരിപ്പിച്ചരിക്കുന്നത്. ഇത് നമ്മുടെ കീഴ്വഴക്കങ്ങളിൽ നിന്നുള്ള ഒരു വ്യതിചലനമായി കാണാവുന്നതാണ്. സാധാരണ ഗതിയിൽ ഒരു ഗവൺമെന്റ് അധികാരമേൽക്കുമ്പോൾ നേരത്തെ അവതരിപ്പിച്ച ഇടക്കാല ബജറ്റിൽ ഒരു സമ്പൂർണ അഴിച്ചുപണി നടത്തുക പതിവാണ്. എന്നാൽ ഇക്കുറി അത് ഉണ്ടായില്ല. കാരണം, മുൻ ഗവൺമെന്റിന്റെ ഒരു തുടർച്ചയാണ് ഈ സർക്കാർ എന്നതാണ്. അതുകൊണ്ട് പരിമിതമായ ചില മാറ്റങ്ങൾ മാത്രമാണ് പുതിയ ബജറ്റിൽ വരുത്തിയിരിക്കുന്നത്.

യഥാർത്ഥത്തിൽ ഡോ. തോമസ് ഐസക് അവതരിപ്പിച്ച ബജറ്റ് കേരളത്തിന്റെ ഭാവിയിലേക്ക് പുതിയ ദിശാബോധം നൽകുന്ന നിരവധി നവ ആശയങ്ങൾ ഉൾകൊള്ളുന്ന വിശദമായ ഒന്നായിരുന്നു. ഒരു മഹാമാരിയുടെ സാഹചര്യമുള്ളതിനാൽ ആരോഗ്യ മേഖലക്ക് പരമ പ്രാധാന്യം നൽകേണ്ടതുണ്ട്. നമ്മുടെ ആരോഗ്യ മേഖല ഏറ്റവും മികച്ച രീതിയിലുള്ള പ്രവർത്തനമാണ് കാഴ്ച വയ്ക്കുന്നത്. സംസ്ഥാനത്തെ എല്ലാ പൗരന്മാർക്കും വാക്സിൻ നൽകുക എന്നത് ഏറ്റവും പ്രധാനപ്പെട്ട ഒരു ദൗത്യമാണ്. കോവിഡിന്റെ മൂന്നാം തരംഗത്തെ വളരെ കരുതലോടെ നാം നേരിടേണ്ടതുണ്ട്. അതുകൊണ്ട് ആരോഗ്യ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ബജറ്റിൽ 2800 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വാക്സിനേഷൻ വേഗത്തിൽ നടപ്പാക്കുന്നതിനായി 1000 കോടി രൂപയും ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിന് 500 കോടി രൂപയും നീക്കി വച്ചിട്ടുണ്ട്. ഇതിനു പുറമെ ഐ സി യു, വെന്റിലേറ്റർ, കുട്ടികൾക്കുള്ള ഐ സി യു എന്നിവ അടക്കമുള്ള ആധുനിക സൗകര്യങ്ങൾ ആശുപത്രികളിൽ സജ്ജമാക്കേണ്ടതുണ്ട്. സംസ്ഥാനത്തെ രണ്ടു മെഡിക്കൽ കോളേജുകളിലെങ്കിലും കോവിഡ് ചികിത്സക്കായുള്ള സ്ഥിരമായ സംവിധാനങ്ങൾ ഒരുക്കുകയും വേണം. ആരോഗ്യ മേഖലയിൽ ഗവേഷണം അടക്കമുള്ള കാര്യങ്ങൾ നിർവഹിക്കുന്നതിനുള്ള ഫണ്ടും ബജറ്റിൽ നീക്കി വച്ചിട്ടുണ്ട്.

ഈ ആവശ്യങ്ങൾക്കായി ആരോഗ്യ മേഖലയിൽ 3000 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് കഴിഞ്ഞ ബജറ്റിൽ നിർദേശമുണ്ടായിരുന്നു. കേരളത്തിന് തനതായ രീതിയിൽ വാക്സിൻ വികസിപ്പിക്കുന്നതിന് ഗവേഷണ പ്രവർത്തനങ്ങൾക്കുള്ള ഫണ്ടും നീക്കിവച്ചിട്ടുണ്ട്. സമൂഹത്തിന്റെ താഴെ തട്ടിലുള്ള ജനവിഭാഗങ്ങൾക്ക് ആവശ്യമായ മെഡിക്കൽ സേവനങ്ങൾ നൽകുന്നതിന് സർക്കാർ ബദ്ധശ്രദ്ധമാണ്. കേന്ദ്ര സർക്കാർ ആവശ്യത്തിന് വാക്സിൻ ലഭ്യമാക്കുന്നില്ലെങ്കിലും കേരളത്തിലെ എല്ലാ ജനങ്ങൾക്കും സൗജന്യ വാക്സിൻ നൽ

കാൻ സംസ്ഥാന സർക്കാർ ബാധ്യസ്ഥ രാണ്. എന്നാൽ പിന്നീട് നിലപാട് തിരുത്തി എല്ലാവർക്കും സൗജന്യമായി വാക്സിൻ നൽകാമെന്ന് കേന്ദ്രം തീരുമാനിച്ചിട്ടുണ്ട്.

രണ്ടു ഡോസ് വാക്സിൻ എടുത്ത ഒരു വ്യക്തിക്ക് പിന്നീട് കോവിഡ് പിടിപെട്ടാലും ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാ കുന്നില്ലെന്നത് ശ്രദ്ധേയമാണ്. അതുകൊണ്ട് ജനസംഖ്യയിൽ ഒരു നല്ല ശതമാനത്തിന് വാക്സിൻ ലഭ്യമാക്കാൻ കഴിഞ്ഞാൽ നമുക്ക്, വ്യാപാര സ്ഥാപനങ്ങളും, വ്യവസായ ശാലകളും ടൂറിസ്റ്റ് കേന്ദ്രങ്ങളും തുറക്കാൻ കഴിയും. കാർഷിക മേഖലയിൽ ഒരു പുതിയ തുടക്കം കുറിക്കാനും നമുക്ക് കഴിയും. അതുകൊണ്ട് ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുകയും സമ്പദ് വ്യവസ്ഥയെ തിരിച്ചുകൊണ്ടുവരികയും ചെയ്യുക എന്ന താണ് നമ്മുടെ മുന്നിലുള്ള ഏറ്റവും പ്രധാനപ്പെട്ട ദൗത്യം.

ഈ ഒരു സാഹചര്യത്തിലാണ് 20000 കോടി രൂപയുടെ പ്രത്യേക കോവിഡ് പാക്കേജ് സർക്കാർ പ്രഖ്യാപിച്ചരിക്കുന്നത്. കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിന് 8300 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എല്ലാവർക്കും ഭക്ഷണം ഉറപ്പാക്കുക എന്നത് സർക്കാരിന്റെ മൗലികമായ കടമയാണ്. തോട്ടം മേഖല വളരെ പ്രാധാന്യമർഹിക്കുന്ന ഒരു രംഗമാണ്. നമ്മുടെ കാർഷിക വിസ്തൃതിയുടെ 27 ശതമാനം തോട്ടവിളകളാ ണെന്ന് കാണാൻ കഴിയും. എന്നാൽ കാർഷിക പരിഷ്കരണ നടപടികളുടെ പശ്ചാത്തലത്തിൽ നമ്മുടെ തോട്ടം മേഖല യുടെ കാര്യത്തിൽ ഒരു പുനർവിചിന്തനം അനിവാര്യമാവുകയാണ്. പ്രാഥമിക സഹകരണ സംഘങ്ങൾവഴി 2000 കോടി രൂപയും മറ്റു രീതിയിലുള്ള വായ്പാ സംവിധാനങ്ങൾവഴി 1000 കോടി രൂപയും കാർഷിക വായ്പയായി നല്കാൻ ലക്ഷ്യ മിടുന്നു. വിലനിലവാരം കുറവായതിനാൽ പൈനാപ്പിൾ കർഷകർ വലിയ പ്രതിസന്ധി നേരിടുകയാണ്. കപ്പയുടെ കാര്യത്തിലും സമാനമായ സ്ഥിതിയുണ്ട്. ഇത്തരത്തിലുള്ള മേഖലകളുടെ കാര്യം വിശദമായി പരിശോധിക്കേണ്ടതുണ്ട്.

വ്യവസായ മേഖലക്കായി 800 കോടി രൂപയാണ് മാറ്റിവച്ചരിക്കുന്നത്. ഇതിനു പുറമെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കായി അധിക ഫണ്ട് ലഭ്യമാക്കുന്നതാണ്. പ്രതിസന്ധി നേരിടുന്ന ടൂറിസം മേഖലക്ക് കെ എഫ് സി മുഖേന വായ്പ ലഭ്യമാക്കുന്നതാണ്. ടൂറിസം മേഖലയുടെ മുന്നേറ്റത്തിന് അടിസ്ഥാന സൗകര്യ വികസനമാണ് ഏറ്റവും പ്രധാന പ്പെട്ട കാര്യം. കയർ, കശുവണ്ടി , കൈത്തറി തുടങ്ങിയ പരമ്പരാഗത വ്യവസായ മേഖലകളിൽ നേരിട്ടുള്ള സാമ്പത്തിക സഹായ വിതരണം ഏറെ സജീവമാണ്. നിരവധിയാളുകൾക്ക് നേരിട്ട് തൊഴിൽ നൽകുന്ന മേഖലകളാണ് ഇവ. ടൂറിസം, സമുദ്രതീര സംരക്ഷണം, സമ്പദ്വ്യവസ്ഥയെ തിരിച്ചുകൊണ്ട് വരിക തുടങ്ങിയവയാണ് കേരളം ഇന്ന് നേരിടുന്ന പരമ പ്രധാനമായ പ്രശ്നങ്ങൾ. ഇത്തരം കാര്യങ്ങൾ വിജയ കരമായി നടപ്പാക്കുന്നതിനുള്ള നടപടികൾക്ക് ഇതിനകം തന്നെ തുടക്കം കുറിക്കാൻ കഴിഞ്ഞട്ടുണ്ട്. നിരവധി പേർക്ക് തൊഴിൽ ലഭ്യമാക്കുന്ന ഉൾനാടൻ ജലസ്രോതസുകൾ ഇന്ന് നാശോന്മുഖമാണ്. ഈ രംഗത്ത് തൊഴിൽ ഉറപ്പാക്കുക എന്ന ലക്ഷ്യമിട്ട് 500 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്.

ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളുടെയും വായ്പാ സ്ഥിതി സങ്കീർണ്ണമായ ഒരു സാഹചര്യത്തിലേക്ക് മാറുകയാണ്. എന്നാൽ ഗുജറാത്ത്, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാന ങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ കേരള ത്തിന്റെ വായ്പാ ബാധ്യത കുറവാണെന്ന് കാണാൻ കഴിയും. കേരളത്തിനുള്ള കേന്ദ്ര സഹായം 3.92 ശതമാനമായിരുന്നത് ഇപ്പോൾ 2.45 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. പതിനാലാം ധനകാര്യ കമ്മീഷന്റെ അവാർഡ്

പ്രകാരം ഇത് 1.92 ശതമാനത്തിലേക്ക് താഴ്ന്നിരിക്കുന്നു. റവന്യു കമ്മി നികത്തുന്നതിനുള്ള ഗ്രാന്റിലും ഇടിവുണ്ടായിട്ടുണ്ട്. സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഇത് ഗുരുതരമായ ഇടിവാണ് ഉണ്ടാക്കിയിരിക്കുന്നത്. ജി എസ് ടി യുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും സാമ്പത്തിക നിലയെ വല്ലാതെ ഉലച്ചിട്ടുണ്ട്. കഴിഞ്ഞ ബജറ്റ് പ്രകാരം നമ്മുടെ മൊത്തം വരുമാനം 1.28 ലക്ഷം കോടി രൂപയാണ്. ഏതാനും വർഷങ്ങൾക്ക് മുൻപ് 90000 കോടി രൂപ വരുമാനത്തിലേക്ക് എത്താൻ കഴിഞ്ഞിരുന്നെങ്കിൽ സാമ്പത്തിക വളർച്ചയുടെ കാര്യത്തിൽ നമുക്ക് ഒന്നാം സ്ഥാനത്തെത്താൻ കഴിയുമായിരുന്നു. ഇത്തരമൊരു സാഹചര്യത്തിൽ സർക്കാർ ചെലവുകൾ കാര്യമായി വെട്ടികുറച്ചുകൊണ്ടുള്ള പദ്ധതികളുമായി മുന്നോട്ട് പോകാൻ നമുക്ക് കഴിയില്ല. ഇത് ഒരു അസാധാരണമായ സാമ്പത്തിക സാഹചര്യമാണെന്ന് നമുക്കെല്ലാവർക്കും ബോധ്യമുള്ള കാര്യമാണ്. സാമ്പത്തിക മേഖലയെ ഉത്തേജിപ്പിച്ചുകൊണ്ടല്ലാതെ നമുക്ക് ഭാവിയിലേക്ക് മുന്നേറാനാകില്ല. അതിന് നമുക്ക് കേന്ദ്ര സർക്കാരിന്റെയും പൊതുസമൂഹത്തിന്റെയും ശക്തമായ പിന്തുണ ആവശ്യമാണ്. മറ്റു പല സംസ്ഥാനങ്ങളിലെയും പോലെ കേരളത്തിന്റെ വായ്പാ സ്ഥിതി അത്രകണ്ട് വിഷമമേറിയ ഒരു അവസ്ഥയിലല്ല. നമുക്ക് സാമ്പത്തിക പരാധീനതകളുണ്ട്. അതുകൊണ്ട് ആ രീതിയിലാണ് നമ്മുടെ ഫൈനാൻസും ബജറ്റും ആസൂത്രണം ചെയ്തിരിക്കുന്നത്. കഴിഞ്ഞ ബജറ്റിൽ ഉണ്ടായിരുന്ന പ്രധാനപ്പെട്ട പ്രഖ്യാപനങ്ങളൊന്നും മാറ്റിയിട്ടില്ല. എന്നാൽ സാഹചര്യങ്ങൾക്കനുസൃതമായി പരിമിതമായ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഇത് നമ്മുടെ സംസ്ഥാനത്തിന്റെ വികസന കാര്യത്തിൽ സദ്ഫലങ്ങൾ കൊണ്ടുവരുമെന്ന് പ്രതീക്ഷിക്കുകയാണ്.

■

(കെ.എൻ. ബാലഗോപാൽ, കേരളത്തിന്റെ ധനകാര്യമന്ത്രിയും ഗിഫ്റ്റിന്റെ ചെയർമാനുമാണ്)

# കേരള സമ്പദ്ഘടനയെ കുറിച്ചുള്ള ധീരമായ വീക്ഷണം

ടി എം തോമസ് ഐസക്ക്

കഴിഞ്ഞ ജനുവരിയിൽ അവതരിപ്പിച്ച ബജറ്റിനെയും ജൂണിൽ അവതരിപ്പിച്ച പുതുക്കിയ ബജറ്റിനെയും ഒന്നായി വേണം പരിഗണിക്കാൻ. ഇക്കാര്യത്തിലുള്ള ചർച്ചകളുടെ ഒരു പ്രധാന ന്യൂനത എന്ന് പറയാവുന്നത്, അത് പുതുക്കിയ ബജറ്റിലേക്ക് മാത്രമായി ചുരുങ്ങുന്നു എന്നതാണ്. അതിനാൽ 2021-22 വർഷത്തേക്കുള്ള ബജറ്റ് രേഖകളുടെ പൂർണ്ണമായ യുക്തി നഷ്ടമാകുന്നു എന്നതാണ് പ്രശ്നം. ബജറ്റിലെ കണക്കുകളിലേക്ക് പോകാതെ ഇതിന്റെ യുക്തി എന്ത് എന്നാണ് ആദ്യം പരിശോധിക്കുന്നത്. എന്തുകൊണ്ടാണ് ഈ ബജറ്റ് കേരളത്തിന്റെ സാമ്പത്തിക മാറ്റങ്ങളിലെ ഒരു പ്രധാന വഴിത്തിരിവായി മാറുന്നത്?

ഒന്നാമത്തെ യുക്തി, കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും അന്തസ്സുറ്റതും സുരക്ഷിതവുമായ ഒരു ജീവിത മാർഗം ഇത് ഉറപ്പാക്കുന്നു എന്നതാണ്. സാമൂഹ്യ സുരക്ഷ, ജീവിത മാർഗം, ക്ഷേമ സമ്പദ് വ്യവസ്ഥ തുടങ്ങിയ വിവിധ തലങ്ങളിലായുള്ള ക്ഷേമ പ്രവർത്തനങ്ങളുടെ ചെലവുകൾ കഴിഞ്ഞ ഏതാനും വർഷങ്ങളിൽ മുൻപില്ലാത്ത വിധത്തിലുള്ള വളർച്ച പ്രകടമാക്കിയിട്ടുണ്ട്. കഴിഞ്ഞ രണ്ടു ബജറ്റുകളിൽ ഇതിനായുള്ള വകയിരുത്തൽ വളരെ ഉദാരമായിരുന്നുവെന്ന് പറയാം. കോവിഡ് മഹാമാരിയുടെ ഘട്ടത്തിൽ ജനങ്ങൾക്ക് കൂടുതൽ സഹായമെത്തിക്കേണ്ടി വന്നത് ഇതിന് ഒരു മുഖ്യ കാരണമാണ്. ഇതിനോട് പ്രതികരിച്ചുകൊണ്ട് സാമൂഹ്യ മേഖലകൾക്കും ഒപ്പം ക്ഷേമ പ്രവർത്തനങ്ങൾക്കും കാര്യമായ വകയിരുത്തൽ വേണ്ടി വന്നിട്ടുണ്ട്.

രണ്ട്, മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി കഴിഞ്ഞ രണ്ടു, മൂന്ന് വർഷങ്ങളായി ക്ഷേമ പദ്ധതികൾക്ക് കൂടുതൽ തുക ചെലവഴിക്കുന്നുണ്ടെങ്കിലും അടിസ്ഥാന സൗകര്യ വികസന മേഖലയിലും നമ്മൾ വൻതോതിൽ പണം ചെലവഴിക്കുന്നുണ്ട് എന്നതാണ് വസ്തുത. ഇത് ബജറ്റിൽ നിന്ന് നേരിട്ടല്ല ചെലവാക്കുന്നത്, പ്രത്യുത ബജറ്റിന് പുറത്തു നിന്നാണ്. ഇത് തർക്കവിഷയമായ ഒരു കാര്യമാണ്. എന്നാൽ കഴിഞ്ഞ കേന്ദ്ര ബജറ്റിന് ശേഷം നമ്മൾ ചെയ്ത കാര്യത്തെ എതിർക്കാൻ ആർക്കും കഴിയില്ല എന്നതാണ് വസ്തുത. എന്താണ് കേന്ദ്ര ബജറ്റിൽ നിർദേശിക്കുന്ന ഡെവലപ്മെന്റ് ഫിനാൻഷ്യൽ ഇൻസ്റ്റിട്യൂഷൻ (ഡി എഫ് ഐ) അത് കിഫ്ബിയുടെ മറ്റൊരു രൂപമാണ്. നാലു ലക്ഷം കോടി രൂപയാണ് ഡി എഫ് ഐ വഴി സമാഹരിക്കാൻ കേന്ദ്രസർക്കാർ ലക്ഷ്യമിടുന്നത്. ഇത് ബജറ്റിന്റെ ഭാഗമല്ല. എന്നാൽ ബജറ്റിൽ നിന്നുള്ള ഓഹരി പങ്കാളിത്തവും മറ്റു സഹായങ്ങളും നേരിട്ട് ഈ സ്ഥപനത്തിലേക്കാണ് പോകുന്നത്. നാലു ലക്ഷം കോടി രൂപ സമാഹരിക്കുന്നതിനുള്ള ഒരു ഉപകരണമാണ് ഈ സ്ഥാപനം.

ഇത്തരത്തിൽ കേരളത്തിൽ 60000 കോടി രൂപ സമാഹരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്. വിദ്യാഭ്യാസം, ആരോഗ്യം, റോഡുകൾ തുടങ്ങി സാമൂഹ്യ അടിസ്ഥാന സൗകര്യങ്ങളിൽ ഉണ്ടായിരിക്കുന്ന വമ്പൻ മാറ്റങ്ങൾ ഇന്ന് നമുക്ക് അനുഭവവേദ്യമാണ്. അടുത്ത രണ്ടു, മൂന്ന് വർഷങ്ങൾക്കുള്ളിൽ കേരളത്തിന്റെ അടിസ്ഥാന സൗകര്യ മേഖലയെ ഇത് അടിമുടി നവീകരിക്കാൻ പോവുകയാണ്. ക്ഷേമപ്രവർത്തനങ്ങൾക്കുള്ള ചെലവുകളും മൂലധന ചെലവുകളും തമ്മിൽ ഒരു വൈരുധ്യമുണ്ട്. കാരണം, വളരെ ലളിതമാണ്. ക്ഷേമ പ്രവർത്തനങ്ങൾക്കായുള്ള ചെലവുകൾ കഴിഞ്ഞാൽ മൂലധന വികസനത്തിന് മതിയായ ഫണ്ട് ലഭ്യമാകുന്നില്ല എന്നതാണ്. ഒരുപക്ഷെ നമ്മുടെ സംസ്ഥാനത്ത് ഇത് രാജ്യത്തെ ഏറ്റവും കുറഞ്ഞ തോതുകളിൽ ഒന്നായിരിക്കാം. ഇപ്പോൾ നാം അതിനുള്ള പരിഹാര മാർഗം കണ്ടെത്തിയിരിക്കുന്നു. അനന്തമായി കടമെടുത്തുകൊണ്ട് അടിസ്ഥാന സൗകര്യ മേഖലയിൽ പണം ചെലവഴിക്കാൻ കഴിയില്ല. ഇതിന് കൃത്യമായ ചില മാനദണ്ഡങ്ങൾ നാം പാലിക്കേണ്ടതുണ്ട്. ഇത് ഉറപ്പാക്കുന്നതിനുള്ള ശേഷി കിഫ്ബി എന്ന സ്ഥാപനത്തിനുണ്ട്. ഇത്തരത്തിൽ അടുത്ത രണ്ടു, മൂന്ന് വർഷങ്ങൾക്കുള്ളിൽ അടിസ്ഥാന സൗകര്യ രംഗം ക്രമീകരിക്കപ്പെടുവാൻ പോവുകയാണ്. ഈ അടിസ്ഥാന സൗകര്യങ്ങളെ സാമ്പത്തിക അടിത്തറയുടെ അടിമുടിയുള്ള മാറ്റത്തിലേക്ക് പരിവർത്തനം ചെയ്യുന്നതിനായി നാം പ്രയോജനപ്പെടുത്തും. പരമ്പരാഗത കൈവേലകൾ അടിസ്ഥാനമാക്കിയുള്ള, കുറഞ്ഞ ഉല്പാദനതോതുള്ള സമ്പദ്ഘടന എന്ന നിലയിൽ നിന്ന് ഒരു വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയായി അതിനെ പരിവർത്തനം ചെയ്യുമെന്നർത്ഥം. യുവാക്കൾക്ക് ഉയർന്ന ഗുണനിലവാരമുള്ള ജോലി ഇത് പ്രദാനം ചെയ്യും. ഇത് എങ്ങനെ സാധ്യമാക്കും? ഇതിനുള്ള പ്രധാന ഘടകങ്ങൾ എന്തൊക്കെയാണ്? ആധുനിക ശാസ്ത്ര, സാങ്കേതിക വിദ്യകളെ കൃഷി, പരമ്പരാഗത വ്യവസായങ്ങൾ, കാർഷികോത്പന്ന സംസ്കരണം എന്ന് തുടങ്ങി ഉല്പാദനത്തിന്റെ എല്ലാ തലങ്ങളുമായി കൂട്ടിയിണക്കുക എന്നതാണ് ഇതിൽ ഒന്നാമത്തെ കാര്യം. രണ്ട്, എസ് എം ഇ, സ്റ്റാർട്ട് അപ് മേഖലകളിൽ വിജ്ഞാനത്തിൽ അധിഷ്ഠിതമായ, നൈപുണ്യത്തെ ആധാരമാക്കുന്ന കൂടുതൽ മേഖലകൾക്ക് ഊന്നൽ നൽകുക. നവീകരണത്തെ പ്രോത്സാഹിപ്പിക്കുന്ന ഒരു പരിപാടി തന്നെ ഇക്കാര്യത്തിൽ നമുക്ക് ഉണ്ടാകണം.

മൂന്ന്, നമുക്ക് മൂന്ന് വ്യവസായ ഇടനാഴികളുണ്ട്. തലസ്ഥാന നഗര മേഖല, മംഗലാപുരം-കൊച്ചി, മംഗലാപുരം-പാലക്കാട് എന്നിവയാണ് അവ. ഇവിടെ മികച്ച'ഈസ് ഓഫ് ഡൂയിങ്' ബിസിനസ് മാർഗ്ഗങ്ങൾ വഴിയായി സംസ്ഥാനത്തേക്ക് കൂടുതൽ സ്വകാര്യ മൂലധന നിക്ഷേപം ആകർഷിക്കാൻ നമുക്ക് കഴിയും. നാല്, കേരളത്തിൽ 50 ലക്ഷത്തിനും 60 ലക്ഷത്തിനുമിടയ്ക്ക് വിദ്യാസമ്പന്നരായ സ്ത്രീകൾ ഇന്ന് തൊഴിൽ മേഖലക്ക് പുറത്താണ്. കോവിഡിന് ശേഷം വീടുകളിലിരുന്ന് ഡിജിറ്റലായി ജോലി ചെയ്യുന്ന ആളുകളുടെ എണ്ണം വർധിക്കാൻ പോവുകയാണ്. ഭാവിയിൽ ഏതാണ്ട് 80 കോടിയിൽപരം ആളുകൾ ഇങ്ങനെ വീട്ടിലിരുന്ന് ജോലി ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിന്റെ ഒരു ഭാഗം കേരളത്തിലേക്ക് ആകർഷിക്കാൻ കഴിഞ്ഞാൽ നമ്മുടെ സാമ്പത്തിക അടിത്തറ അടിമുടി മാറും. കേരളത്തിലെ ഏറ്റവും കൂടുതൽ തൊഴിൽ നൽകുന്ന മേഖലയായി അത് മാറും. ഇതിനായി ലോകോത്തര തൊഴിൽദാതാക്കളുമായി നാം ചർച്ച നടത്തണം. കേരളത്തിന്റെ ബ്രാൻഡ് നെയിം കൂടുതൽ തൊഴിൽ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനായി പ്രയോജനപ്പെടുത്തണം. ഇക്കാര്യങ്ങളിൽ, മുൻ

സർക്കാരിന് കിഫ്ബി എങ്ങനെയായിരുന്നുവോ അതുപോലെ ഈ സർക്കാരിന് കെ - ഡിസ്ക് മാറുമെന്ന് കരുതാം.

ഇനി പുതുക്കിയ ബജറ്റിലെ കൂട്ടിച്ചേർക്കലുകൾ എന്തൊക്കെയെന്ന് നോക്കാം. കോവിഡിന്റെ രണ്ടാം ഘട്ടം സംഭവിച്ചു. ഇതിനെ നാം നേരിടേണ്ടതുണ്ട്. ഇതിനായി ഒരു പ്രത്യേക പാക്കേജ് പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനു പുറമെ തീരദേശ മേഖല, തോട്ടം മേഖല, പ്രതിസന്ധി നേരിടുന്ന ഇതര മേഖലകൾ എന്നിവയ്ക്കായി പ്രത്യേക പാക്കേജുമുണ്ട്. 2021-22 സാമ്പത്തിക വർഷത്തേക്കുള്ള സംസ്ഥാന ബജറ്റ് കേരളത്തിന്റെ ഭാവിയിലേക്കുള്ള ധീരമായ ഒരു പുതിയ വീക്ഷണമാണ് അവതരിപ്പിച്ചിരിക്കുന്നത്. പലരും കരുതിയിരിക്കുന്നതിന് വിരുദ്ധമായി കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ റവന്യൂ കമ്മിയും ധനകമ്മിയും കുറയുകയാണുണ്ടായത്. കഴിഞ്ഞ വർഷം മാത്രമാണ് ഇതിന് വിരുദ്ധമായി സംഭവിച്ചത്. അത് അനിവാര്യവുമായിരുന്നു. ജി എസ് ടി വരുമാനം കൂടുന്നതോടെ ഇത് കുറച്ചുകൊണ്ടുവന്ന് ധനസ്ഥിതി ഭദ്രമാക്കാനുള്ള എല്ലാ സാധ്യതയുമുണ്ട്. വൻതോതിൽ കടം കുമിഞ്ഞു കൂടുന്നു എന്ന തരത്തിലുള്ള വാദങ്ങളെല്ലാം അടിസ്ഥാനരഹിതമാണ്. ഇതിനുള്ള കാരണം ലളിതമാണ്. ഇന്ത്യയിലെ ഒരു സംസ്ഥാനത്തിനും അവർക്ക് തോന്നുംപടി വായ്പ വാങ്ങാൻ കഴിയില്ല. വായ്പകൾ ജി ഡി പിയുടെ മൂന്ന് ശതമാനത്തിൽ കൂടാൻ പാടില്ല എന്നതാണ് വ്യവസ്ഥ. ഇത് എഫ് ആർ ബി എം നിയമങ്ങൾക്ക് വിധേയമായ പരിധികൾക്കകത്ത് നിന്നുകൊണ്ട് മാത്രമായിരിക്കും. അതുകൊണ്ട് വലിയ കടത്തിന്റെ കാര്യം അടക്കമുള്ള ചർച്ചകൾ അസ്ഥാനത്താണ്. ബജറ്റിന് പുറത്തുള്ള വായ്പകളെ കുറിച്ചാണ് നാം കൂടുതലായി വിചിന്തനം ചെയ്യേണ്ടത്.

■

(ടി എം തോമസ് ഐസക്ക്, കേരളത്തിന്റെ മുൻ ധനകാര്യ മന്ത്രിയാണ്)

# 2021-22 സാമ്പത്തിക വർഷത്തെ കേരള ബജറ്റിന്റെ ഹ്രസ്വകാല, ദീർഘകാല വികസന കാഴ്ചപ്പാട്

# പുതുക്കിയ ബജറ്റിന്റെ മുൻഗണനകളും പ്രശ്നങ്ങളും

**എം എ ഉമ്മൻ**

2021 ജനുവരി 25 ന് മുൻ ധനമന്ത്രി ഡോ. തോമസ് ഐസക് 2021-22 സാമ്പത്തിക വർഷത്തേക്കുള്ള സമ്പൂർണ്ണ ബജറ്റ് അവതരിപ്പിക്കുകയുണ്ടായി. നമ്മുടെ സംസ്ഥാനത്ത് ദീർഘകാലമായി നിലനിന്നുപോന്ന എൽ ഡി എഫും യു ഡി എഫും മാറിമാറി അധികാരത്തിൽ വരികയെന്ന പ്രവണതക്ക് ബദലായി ഇത്തവണ എൽ ഡി എഫിന് തുടർഭരണം ലഭിക്കുകയുണ്ടായി. മുഖ്യമന്ത്രിക്ക് മാറ്റം വരുത്താതെ തന്നെ എൽ ഡി എഫിന്റെ പുതിയ മന്ത്രിസഭ അധികാരത്തിൽ വന്നുവെങ്കിലും പുതിയ ബജറ്റിന് സംസ്ഥാന അസംബ്ലിയിൽ അംഗീകാരം തേടേണ്ടതുണ്ട്. അതനുസരിച്ച് പുതിയ ധനമന്ത്രി കെ.എൻ ബാലഗോപാൽ ജൂൺ നാലിന് പുതുക്കിയ ബജറ്റ് അവതരിപ്പിച്ചു. രണ്ടു ധനമന്ത്രിമാരുടെയും സമീപനങ്ങളും നിലപാടുകളും ഏറെക്കുറെ സമാനമാണെങ്കിലും പുതിയ ബജറ്റ് അവതരിപ്പിക്കുക എന്നത് അനിവാര്യമായ കാര്യമായിരുന്നു. ഇതിനെല്ലാം പുറമെ, കോവിഡിന്റെ രണ്ടാം തരംഗവും അതോടനുബന്ധിച്ചുണ്ടായ ലോക്ക്ഡൗണും പുതിയ ബജറ്റിലെ കണക്കുകളെ പ്രകടമായി സ്വാധീനിക്കുന്നതായിരുന്നു. പുതിയ ബജറ്റിന്റെ കാര്യത്തിൽ ഏറ്റവും പ്രസക്തമായ അഞ്ചു കാര്യങ്ങൾ ചൂണ്ടിക്കാണിക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഇതിൽ ആദ്യത്തേത് ബജറ്റിന്റെ ഘടനയെയും ആത്മാർത്ഥമായ സമീപനത്തെയും കുറിച്ചുള്ളതാണ്. വികസന നയങ്ങളെക്കുറിച്ചാണ് മറ്റുള്ളവ.

ഒന്ന് : ഒരു വർഷത്തെ വരുമാനം, ചെലവ് എന്നിവയെ കുറിച്ചുള്ള ഒരു അനുമാനക്കണക്കാണ് ബജറ്റ്. ഇന്ത്യയിൽ ഇത് ഏപ്രിൽ ഒന്ന് മുതൽ തൊട്ടടുത്ത വർഷം മാർച്ച് 31 വരെയുള്ള കാലയളവിലേക്കാണ്. ധനപരമായ കാര്യത്തിൽ പ്രകടമാകുന്ന കുശലതയുടെ അടിസ്ഥാനത്തിലാണ് ഒരു ബജറ്റ് വിലയിരുത്തപ്പെടുന്നത്. ഇതിലെ അനുമാന കണക്കുകൾ ഏതെങ്കിലും ഒരു കാര്യത്തെ കുറിച്ചോ, അല്ലെങ്കിൽ പല ഘടകങ്ങൾ സംയോജിപ്പിച്ചുള്ള സംഗ്രഹത്തെ കുറിച്ചോ ആയിരിക്കും. വരുമാനം, ചെലവുകൾ എന്നിവ യാഥാർഥ്യം, ദീർഘദൃഷ്ടി, സമഗ്രത എന്നിവയുടെ അടിസ്ഥാനത്തിലുള്ളതാണോ എന്നും പരിഗണിക്കേണ്ടതുണ്ട്. പാർലമെന്ററി ജനാധിപത്യം നിലനിൽക്കുന്ന പല രാജ്യങ്ങളിലും ഈ അനുമാന കണക്കുകൾ പരിശോധിക്കുന്നതിന് എസ്റ്റിമേറ്റ് കമ്മറ്റികൾ നിലവിലുണ്ട്. കണക്കുകൾ കൃത്രിമമായി അവതരിപ്പിക്കുകയോ കമ്മികൾ പൊതുസമൂഹത്തിന്റെ അംഗീകാരം നേടുന്ന തരത്തിൽ വെള്ള പൂശി അവതരിപ്പിക്കുകയോ ചെയ്യുന്നത് ചോദ്യം ചെയ്യപ്പെടേണ്ട ഒരു രീതിയാണ്. ഈയടിസ്ഥാനത്തിൽ വിലയിരുത്തുമ്പോൾ ജനുവരി 15 ന് അവതരിപ്പിച്ച ബജറ്റിലെയും ജൂൺ നാലിന് അവതരിപ്പിച്ച ബജറ്റിലെയും റവന്യു, ധനകമ്മിയുടെ കണക്കുകളിൽ ഐകരൂപ്യം വരുന്നത് അത്ര

ബുദ്ധിപരമാണ് എന്ന നിഗമനത്തിൽ എത്താൻ കഴിയുന്നതല്ല.

ആദ്യത്തെ ബജറ്റിൽ റവന്യു കമ്മി 16910.12 കോടി രൂപയും ധനകമ്മി 30697.59 കോടി രൂപയുമാണ്. ജി എസ് ഡി പി യുമായുള്ള ഇവയുടെ അനുപാതം യഥാക്രമം 1.93 ശതമാനവും 3.50 ശതമാനവുമാണ്. പുതുക്കിയ ബജറ്റിന്റെ 'ബജറ്റ് ഒറ്റനോട്ടത്തിൽ' എന്ന ഭാഗത്ത് നൽകിയിരിക്കുന്ന ഒന്നാം പട്ടികയിൽ കൊടുത്തിരിക്കുന്ന തുകയും അനുപാതവും ഇത് തന്നെയാണ്. കഴിഞ്ഞ സാമ്പത്തിക വർഷം അവസാനിക്കുന്ന മാർച്ച് 31 ന് 75 ദിവസവും പുതിയ സാമ്പത്തിക വർഷം തുടങ്ങി 140 ദിവസവും പിന്നിടുന്ന ജൂൺ നാലിനാണ് പുതുക്കിയ ബജറ്റ് അവതരിപ്പിക്കപ്പെടുന്നത്. അതുകൊണ്ട് ഇത്രയും ദിവസക്കാലത്ത് ഒരു റവന്യു വരുമാനവും ഉണ്ടായിട്ടില്ലെന്നും ചെലവുകൾ ഒന്നും ചെയ്തിട്ടില്ലെന്നും അനുമാനിക്കുന്നത് കൃത്യതയോടെയുള്ള ഒരു കണക്കായി കാണാൻ കഴിയില്ല. ഇത്തരമൊരു സാഹചര്യത്തിൽ ധനകാര്യ വകുപ്പ് കുറേക്കൂടി സൂക്ഷ്മത പുലർത്തേണ്ടതായിരുന്നു. പകരം ജനുവരി 15 ലെ കണക്കുകൾ അതേപടി പുതുക്കിയ ബജറ്റിൽ നിലനിർത്തുകയാണ് അവർ ചെയ്തത്. പൊതുകടത്തിലോ, പൊതുകണക്കുകളിലോ മാറ്റം വരുത്താതെ തയാറാക്കിയ ഈ അനുമാന കണക്കുകൾ മൂലധന ചെലവുകളിലും ഒരു മാറ്റവും ഉണ്ടാകില്ലെന്ന് വ്യഞ്ജിപ്പിക്കുന്നു. മൊത്തം ചെലവുകളും (162032.39 കോടി രൂപ) മൊത്തം വരുമാനവും ( 130981.06 കോടി രൂപ) തമ്മിലുള്ള വ്യത്യാസവും വായ്പകളുടെ തിരച്ചടവും മൂലധന നേട്ടവും ചേർത്തുള്ള തുകയായ (353.74 കോടി രൂപ) ധനകമ്മി, പുതുക്കിയ ബജറ്റിൽ കാണിച്ചിരിക്കുന്നത് 30697.59 കോടി രൂപയാണ്. മുൻ ബജറ്റിലെ അതേ തുക തന്നെയാണ് ഇത്. എന്നാൽ ജൂൺ നാലിന് അവതരിപ്പിച്ച ബജറ്റിലെ നിരവധി വാഗ്ദാനങ്ങൾ പരിശോധിക്കുമ്പോൾ സംസ്ഥാന ധനകാര്യത്തിൽ ചില ഗുരുതരമായ പിഴവുകൾ ഉള്ളതായി കരുതാൻ ന്യായമുണ്ട്. പ്രത്യേകിച്ച് ധനകമ്മി 3.5 ശതമാനമായി നിലനിർത്തുകയും റവന്യു കമ്മിയെ കുറിച്ച് ഒന്നും വ്യക്തമാക്കാതെയുമിരിക്കുന്ന സാഹചര്യത്തിൽ. എന്നാൽ ഒന്നുറപ്പാണ്, അസാധാരണമായ ഇത്തരം സാഹചര്യങ്ങളിൽ മൗലികമായ നടപടികൾ ആവശ്യമായി വരും.

രണ്ട് : 2020-21 സാമ്പത്തിക വർഷത്തിൽ പ്രഖ്യാപിച്ച 20000 കോടി രൂപയുടെ പ്രത്യേക കോവിഡ് പാക്കേജ് ഇരട്ടിയാക്കി ഉയർത്തുമെന്ന് പുതിയ ധനമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ ഇത് ബജറ്റിന്റെ ഒരു അനുബന്ധമായി ചേർത്തിരിക്കുന്നത് കൂടുതൽ സുതാര്യത ആവശ്യപ്പെടുന്ന ഒന്നാണ്. ഇതിനു പുറമെ 20000 കോടി രൂപയുടെ സാമ്പത്തിക ഉത്തേജക പാക്കേജുകൂടി പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് ധീരമായ ഒരു കാൽവയ്പാണ്. ഇതിൽ 8300 കോടി രൂപ സാമ്പത്തിക ഉത്തേജന പദ്ധതികളുടെ ഭാഗമായി നൽകിയ വായ്പകൾക്കുള്ള പലിശ സബ്സിഡിക്കായാണ് നീക്കിവച്ചിരിക്കുന്നത്. ബജറ്റ് നിബന്ധനകൾ പ്രകാരം ഇത് റവന്യു ചെലവുകളിൽ ഒരു ഇനമായി ഉൾപെടുത്തേണ്ടതാണ്. എന്നാൽ പഴയ ബജറ്റിൽ പലിശ സഹായമായി നൽകുന്നതിന് വകയിരുത്തിയ 21940.20 കോടി രൂപ തന്നെയാണ് പുതുക്കിയ ബജറ്റിലും കാണിച്ചിരിക്കുന്നത്. റവന്യു കമ്മിയായി കാണിച്ചിരിക്കുന്ന തുകയിൽ മാറ്റം വരുത്താതെ നിലനിർത്തണമെങ്കിൽ ഇതല്ലാതെ മറ്റൊരു വഴിയുമില്ല എന്നതാണ് വസ്തുത.

മൂന്ന് : ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യ സുരക്ഷ എന്നീ മേഖലകൾക്ക് തുടർച്ചയായി നൽകുന്ന പ്രാധ്യാന്യം ഇവിടെയും കാണാം. കേരള മോഡലിന്റെ മുൻഗണനകൾക്കും പ്രകൃതത്തിനും അനുഗുണമായ ഒരു സമീപനമാണ് ഇത്. ഇതിൽ ചിലതിനുള്ള

വകയിരുത്തൽ ഉയർത്തുകയും പുതിയ പദ്ധതികൾ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. കേരള സ്റ്റേറ്റ് ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ കൗൺസിൽ (കെ-ഡിസ്ക്) വളരെ പ്രധാനപ്പെട്ട ഒന്നാണ്. പഴയ ബജറ്റുമായി താരതമ്യം ചെയ്യുമ്പോൾ ഇതിന്റെ ഉപദേശക സമിതിക്കുള്ള വകയിരുത്തലിൽ 150 ശതമാനം വർധന വരുത്തിയിട്ടുള്ളതായി കാണാം. കേരളത്തെ ഒരു വൈജ്ഞാനിക സമൂഹമായി പരിവർത്തനം ചെയ്യുന്നതിന് ഘടനാപരമായ പരിവർത്തനം ഏറെ വേണ്ടിവരുന്നുണ്ട്. ആസൂത്രിതമല്ലാതെ നടന്ന സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ വികാസത്തിൽ പ്രകടമായ മാറ്റം ആവശ്യമാണ്. ഇക്കാര്യത്തിൽ സാമൂഹ്യവും ഗുണപരവുമായ സമത്വം എന്ന ആശയത്തെ അവഗണിച്ചുകൊണ്ട് അധികകാലം മുമ്പോട്ട് പോവുക അസാധ്യമാണ്. ഇതിനു ധീരമായ നയ സമീപനം ആവശ്യമാണ്.

നാല് : എൽ ഡി എഫ് സർക്കാരിന്റെ തെരഞ്ഞെടുപ്പ് പ്രകടനപത്രികയ്ക്ക് പുതുക്കിയ ബജറ്റിൽ കൂടുതൽ പ്രാമുഖ്യം നൽകിയിരിക്കുന്നതായി കാണാം. എന്നാൽ പല കാര്യങ്ങളും വെറും വാചകമടിയായി നിലനിൽക്കുന്നുവെന്ന് മാത്രമല്ല, പലതിനും മതിയായ ഉത്തരം ലഭ്യവുമല്ല. ഏറ്റവും കൂടുതൽ പരിസ്ഥിതി പ്രധാന്യമുള്ള നീർത്തട പാടശേഖരങ്ങൾ 1961 ലെ കണക്കുകൾ അനുസരിച്ച് സംസ്ഥാനത്തെ മൊത്തം കൃഷിയിടങ്ങളുടെ 35 ശതമാനമായിരുന്നു. എന്നാൽ ഇന്ന് അത് ഏഴു ശതമാനത്തിന് അല്പം മുകളിൽ മാത്രമാണ്. ഇത് ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകുന്നുവെന്ന് മാത്രമല്ല, സംസ്ഥാനത്തിന്റെ ഭക്ഷ്യസുരക്ഷയെ പോലും അപകടത്തിലാക്കുന്നതാണ്. 2008 ൽ നടപ്പാക്കിയ കേരള നീർത്തട-പാടശേഖര ഭൂനിയമം ഇക്കാര്യത്തിൽ ഏറെ താമസിച്ചുണ്ടായ ഒരു ഇടപെടലാണ്. ഇതുപോലും പിന്നീട് ഭേദഗതി ചെയ്യുകയും കഴിഞ്ഞ ഏതാനും വർഷമായി ഫലപ്രദമായി നടപ്പാക്കുന്നതുമില്ല.

ഇക്കാര്യത്തിലെ ഡേറ്റ ബാങ്കിന് തുടക്കം കുറിക്കാൻ കഴിഞ്ഞില്ലെന്ന് മാത്രമല്ല, പല പ്രശ്നങ്ങളും ഇനിയും പരിഹാരം കാണാതെ അവശേഷിക്കുകയും ചെയ്യുന്നു. അതുപോലെ കടുത്ത പ്രതിഷേധങ്ങൾക്കിടയിലും ക്വാറി മാഫിയ സംസ്ഥാനത്ത് അരങ്ങ് തകർക്കുകയാണ്. പരിസ്ഥിതിക്കായുള്ള പതിനാറാം ലെജിസ്ളേറ്റീവ് കമ്മറ്റി 2019 ൽ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം കേരളത്തിൽ നിയമാനുസൃതമുള്ള ക്വാറികളുടെ പത്തിരട്ടി അനധികൃതമായി പ്രവർത്തിക്കുന്നുണ്ടെന്നാണ് കണ്ടെത്തൽ. ഇവയുടെ എണ്ണം പെരുകുന്നുവെന്നത് നിഷേധിക്കാനാകാത്ത ഒരു വസ്തുതയാണ്. പാരിസ്ഥിതികമായി ലോകത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു മേഖലയാണ് കേരളം. ഇത് സംരക്ഷിക്കുന്നതിന് ഉതകുന്ന വിധത്തിൽ, ആവശ്യമായ ബജറ്റ് പിന്തുണയോടെ സമഗ്രമായ ഒരു പദ്ധതിക്ക് കേരളം രൂപം നൽകുമെന്ന് പ്രതീക്ഷിക്കുകയാണ്. കേരളത്തിന്റെ വികസനത്തിൽ ടൂറിസത്തിന് ഒരു പ്രത്യേക സ്ഥാനമുണ്ട്. സംസ്ഥാനത്തിന്റെ സൗന്ദര്യവും പ്രകൃതിദത്തമായ സവിശേഷതകളും പ്രത്യേകമായ ശ്രദ്ധയും മാനേജ്മെന്റും ആവശ്യപ്പെടുന്നുണ്ട്.

അഞ്ച് : പ്രതികൂലമായ സാഹചര്യത്തിലും ചില പ്രത്യേക കാര്യങ്ങൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞ കെ.എൻ ബാലഗോപാൽ അഭിനന്ദനം അർഹിക്കുന്നുണ്ട്. 'ആരോഗ്യം ആദ്യം' എന്ന പദ്ധതി ഇത്തരമൊരു ആരോഗ്യ അടിയന്തിര ഘട്ടത്തിൽ പുതിയ ഒരു തുടക്കത്തിന് വഴിമരുന്നിടുന്നതാണ്. സൗജന്യ വാക്സിൻ മുതൽ ഓക്സിജൻ, വെന്റിലേറ്റർ അടക്കമുള്ള കാര്യങ്ങൾ ബജറ്റ് ഉൾക്കൊള്ളുന്നുണ്ട്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് ആരോഗ്യ രംഗത്ത് കൂടുതൽ ജീവനക്കാരെ നിയോഗിക്കാൻ കഴിഞ്ഞത് കേരളത്തിൽ മരണ

നിരക്ക് കാര്യമായി കുറയ്ക്കാൻ സഹായകമായിട്ടുണ്ട്. (ആനുവൽ പീരിയോഡിക് ലേബർ ഫോഴ്സ് സർവെ ജൂലൈ 2018– ജൂൺ 2019) അടിസ്ഥാനമാക്കിയുള്ള എൻ എസ് എസ് ഒ റിപ്പോർട്ട് 2020 കാണുക). പ്രാദേശിക സർക്കാരുകളെ സഹായിക്കുന്ന വിധത്തിൽ കുടുംബശ്രീയെ ശാക്തീകരിക്കാൻ കഴിഞ്ഞതിനു പുറമെ സമൂഹത്തിലെ താഴെ തട്ടിലുള്ളവർക്ക് ഒരു താങ്ങായി വർത്തിക്കാനും കഴിഞ്ഞിട്ടുണ്ട്. സൂക്ഷ്മ ധനകാര്യ സ്ഥാപനങ്ങളെ പ്രാദേശിക സമ്പദ്‌വ്യവസ്ഥയുടെ കേന്ദ്രമായി പരിവർത്തനം ചെയ്യുന്നതിനും കഴിഞ്ഞു. സ്മാർട്ട് കിച്ചൻ പദ്ധതിക്ക് അഞ്ചു കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളതെങ്കിലും ഭാവിയിൽ ഇത് ഒരു വമ്പൻ പദ്ധതിയായി മാറുന്നതിനുള്ള എല്ലാ സാധ്യതയും മുന്നിലുണ്ട്. അഭ്യസ്തവിദ്യർക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള നിർദേശമാണ് ബജറ്റിലെ മറ്റൊരു ശ്രദ്ധേയമായ കാര്യം.

ഒരു ബജറ്റിലെ നിർദേശങ്ങൾ എത്രമാത്രം പ്രാവർത്തികമാകുന്നു എന്നിടത്താണ് അതിന്റെ വിജയം. ജനങ്ങൾക്ക് ഉപകാരപ്രദമായ വിധത്തിൽ പ്രാവർത്തികമാക്കാൻ കഴിയുന്നില്ലെങ്കിൽ അത് പതിവ് പല്ലവികൾ മാത്രമായി അവശേഷിക്കും. അതുകൊണ്ട് എല്ലാ ബജറ്റുകൾക്കുമൊപ്പം മുൻ ബജറ്റിലെ നിർദേശങ്ങൾ നടപ്പാക്കിയ കാര്യങ്ങൾ വിശദമാക്കുന്ന ഒരു പ്രോഗ്രസ്സ് റിപ്പോർട്ടുകൂടി ഉൾപ്പെടുത്തുന്നത് അഭികാമ്യമായിരിക്കും.

■

(പ്രൊഫസർ എം.എ ഉമ്മൻ, ഗിഫ്റ്റിലെ ഡിസ്റ്റിംഗ്യൂഷ്ഡ് ഫെല്ലോ ആണ്)

# ഘടനാപരമായ മാറ്റം നിർണ്ണായകം

**ആർ കെ സിംഗ്, ഐ.എ.എസ്**

നീതി ആയോഗിന്റെ എസ് ഡി ജി സൂചിക അനുസരിച്ച് കേരളം ഒന്നാം സ്ഥാനം നില നിർത്തിയിരിക്കുകയാണ്. സാമൂഹ്യ സുരക്ഷ, ആരോഗ്യം, വിദ്യാഭ്യാസം എന്നിവയ്ക്കു പുറമെ ടെലിഫോൺ സാന്ദ്രത, ഇന്റർനെറ്റ് ലഭ്യത, പാരിസ്ഥിതിക രംഗത്തെ മികവ് തുടങ്ങിയ മേഖലകളിലെ നേട്ടമാണ് ഇത് കൈവരിക്കാൻ കേരളത്തിന് സഹായകമായത്. കേരളത്തിന്റെ തൊട്ടടുത്ത് ഒരു പോയിന്റ് മാത്രം താഴെയാണ് ഹിമാചൽ പ്രദേശിന്റെ സ്ഥാനം. ഭാവിയിൽ ഈ സംസ്ഥാനം കേരളത്തിന് കനത്ത വെല്ലുവിളി ഉയർത്താൻ ഇടയുണ്ട്. അധികാര വികേന്ദ്രീകരണത്തിന്റെ സൂചികയുടെ കാര്യത്തിലും കേരളം ഉയർന്ന സ്ഥാനത്താണ്. പ്രതിശീർഷ കണക്കുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനം ഇപ്പോൾ ദേശീയ ശരാശരിയേക്കാൾ 60 ശതമാനം കണ്ട് മുകളിലാണ്. കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടയിൽ നേടിയ വളർച്ച, പ്രത്യേകിച്ച് സേവന മേഖലയിൽ, ഇതിനു സഹായകമായിട്ടുണ്ട്. ഇതിന്റെ ഫലമായി മിക്കവാറും വർഷങ്ങളിൽ വളർച്ചാ നിരക്ക് രണ്ടക്കം കടന്നിരുന്നതായി കാണാം.

എന്നാൽ ഇക്കാരണങ്ങളാൽ നമ്മുടെ സംസ്ഥാനം നേരിടുന്ന ഘടനാപരമായ വെല്ലുവിളികളെ ചുരുക്കി കാണാൻ കഴിയില്ല. രണ്ടു പ്രധാന വെല്ലുവിളികൾ നാം നേരിടുന്നുണ്ട്. ഒന്ന്, ജി ഡി പിയുടെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ നമ്മുടെ മൂലധന ചെലവുകൾ തുലോം കുറവാണ്. ദേശീയ ശരാശരി 2.5 ശതമാനമായിരിക്കെ കേരളത്തിൽ ഇത് 1.1 ശതമാനമാണ്. കിഫ്ബിയുടെ ഇടപെടൽ ചില നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട് എന്നത് ആശാവഹമാണ്. പ്രധാനപ്പെട്ട മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ തൊഴിലില്ലായ്മ ഉയർന്നതാണെന്നതാണ് രണ്ടാമത്തെ പ്രശ്നം. ദേശീയ ശരാശരി ആറ് ശതമാനമായിരിക്കെ കേരളത്തിൽ അത് 11 ശതമാനമാണ്.

ധനപരമായ രംഗത്ത് സംസ്ഥാനം ഘടനാപരമായ വെല്ലുവിളികൾ നേരിടുകയാണ്. നമ്മുടെ റവന്യു ചെലവുകൾ വളരെ ഉയർന്ന തോതിലുള്ളതാണെന്ന് മാത്രമല്ല, ബാധ്യതകളും വളരെ കൂടുതലാണെന്ന് കാണാൻ കഴിയും. ഇത് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഉയർന്ന തോതിലാണ്. ശമ്പളം, പെൻഷൻ, പലിശ ഇവ മാത്രം മൊത്തം റവന്യു ചെലവിന്റെ 61 ശതമാനമാണ്. എന്നാൽ മറ്റു സംസ്ഥാനങ്ങളുടെ കാര്യത്തിൽ ഇത് വളരെ കുറവാണ്. അതുകൊണ്ട് നമ്മുടെ ധനപരമായ ചട്ടക്കൂടിന്റെ കാര്യത്തിലും സാമ്പത്തിക മേഖലയിലും ഘടനാപരമായ ചില പ്രശ്നങ്ങൾ ഉണ്ട് എന്നത് ഒരു വസ്തുതയാണ്. ഈ ബജറ്റ് ഇത്തരം കാര്യങ്ങളെ നേരിടാൻ ശ്രമിക്കുന്നു എന്നതാണ് ശ്രദ്ധേയമായ കാര്യം. ബജറ്റ് മാത്രമല്ല, കഴിഞ്ഞ രണ്ടു വർഷമായി നയപരമായ നിലപാടുകളും അത്തരത്തിലു

ള്ളതാണ്. പൊതുമരാമത്ത് പ്രവർത്തനങ്ങളിലും മറ്റും കൂടുതലായി പണം മുടക്കികൊണ്ട് സമ്പദ്ഘടനയുടെ ചംക്രമണത്തിന് നേർവിപരീതമായ നയങ്ങളാണ് നാം സ്വീകരിച്ചു പോരുന്നത്. ഇതോടൊപ്പം സാമൂഹ്യ സുരക്ഷ കാര്യങ്ങളിലും ചെലവുകൾ ഉയർത്തുന്നു. ആരോഗ്യ മേഖലയിൽ സജീവമായി ഇടപെട്ടുകൊണ്ട് വരുമാനത്തിന്റെ കാര്യത്തിൽ ജനങ്ങൾക്ക് താങ്ങായി വർത്തിക്കാൻ ശ്രമിക്കുന്നു. അതുകൊണ്ട് മരണ നിരക്ക് ലോകത്തെ തന്നെ ഏറ്റവും കുറഞ്ഞ തോതുകളിൽ ഒന്നാക്കി മാറ്റാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

എന്നിരുന്നാലും ധനപരമായ സ്ഥിരമായ പാതയിൽ കേരളം ചരിക്കേണ്ടതുണ്ട്. അതല്ലെങ്കിൽ ഭാവിയിൽ ഗുരുതരമായ പ്രതിസന്ധിയിലേക്ക് നാം വഴുതി വീഴാനിടയുണ്ട്. അതുകൊണ്ട് വളർച്ചയുടെ പാതയിലേക്ക് തിരികെ വരിക എന്നതാണ് കരണീയമായ മാർഗം. നേരത്തെ സൂചിപ്പിച്ചതുപോലെ നമ്മുടെ ചെലവുകളിൽ കൂടുതലും നിർബന്ധിതമായ ചെലവുകളാണ്. അതുകൊണ്ട് ചെലവ് ചുരുക്കുന്നതിനുള്ള സാദ്ധ്യതകൾ വിരളമാണ്. ശമ്പളമിനത്തിലുള്ള ചെലവുകൾ കൂടുതൽ ഉയർത്തുന്ന തരത്തിൽ അധിക തസ്തികകൾ സൃഷ്ടിക്കാതിരിക്കലാണ് ഒരു വഴി. അതുപോലെ തന്നെ കടബാധ്യതകളും പലിശ ഇനത്തിൽ വരുന്ന ബാധ്യതകളും കുറയ്ക്കുന്ന കാര്യത്തിൽ ചില സാധ്യതകളുണ്ട്. പക്ഷെ 61 ശതമാനത്തോളം വരുന്ന റവന്യു ചെലവുകളുടെ കാര്യത്തിൽ ഇലാസ്തികത താരതമ്യേന കുറവാണെന്ന് കാണാം. നേരത്തെ ഡോ. തോമസ് ഐസക് ചൂണ്ടിക്കാണിച്ചതുപോലെ നമ്മുടെ വായ്പ – ജി ഡി പി അനുപാതം കഴിഞ്ഞ വർഷം 36 ശതമാനമാണ്. കേന്ദ്ര സർക്കാർ ചില നിബന്ധനകൾക്ക് വിധേയമായി അനുവദിച്ച രണ്ടു ശതമാനം അധിക വായ്പയെടുക്കുന്നതിനുള്ള അനുവാദമാണ് ഇതിന് ഒരു കാരണം. എന്നാൽ ബീഹാർ, ഉത്തർ പ്രദേശ്, രാജസ്ഥാൻ, പഞ്ചാബ് തുടങ്ങിയ പല സംസ്ഥാനങ്ങളുടെയും കാര്യത്തിൽ വായ്പ-ജി ഡി പി അനുപാതം 40 ശതമാനത്തിന് മുകളിലാണ്.

എന്നാൽ യു പി, ബീഹാർ പോലുള്ള സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി കേരളത്തോട് ധനകാര്യ കമ്മീഷൻ ഉദാരമായ നിലപാടല്ല സ്വീകരിച്ചു കാണുന്നത്. നമുക്ക് രണ്ടു വർഷത്തെ ഒരു അനുകൂലമായ സാഹചര്യം ഉണ്ട്. കാരണം, റവന്യു കമ്മി ഗ്രാന്റിന്റെ കാര്യത്തിൽ ധനകാര്യ കമ്മീഷൻ കൂടുതൽ കേരളത്തോട് ഉദാരമായ സമീപനം സ്വീകരിക്കുമെന്നതാണ്. ഇത് പൂർണ്ണമായി ലഭ്യമാക്കുന്നതിന് രണ്ടു വർഷമെടുക്കും. ഇതോടൊപ്പം ജി എസ് ടി നഷ്ടപരിഹാരം അടുത്ത വർഷം മധ്യത്തോടെ നിലയ്ക്കും. എന്നാൽ ഇക്കാര്യത്തിൽ അടുത്ത ഒരു വർഷത്തേക്കുകൂടി ചെറിയ നേട്ടങ്ങൾ പ്രതീക്ഷിക്കാൻ കഴിയും.

ഈ രണ്ടു വർഷമെന്നത് നിർണ്ണായകമാണ്. അതിനുള്ളിൽ വളർച്ചയുടെ പാതയിലേക്ക് തിരിച്ചെത്തുകയും 10-15 ശതമാനം എന്ന നിലയിൽ ഉയരുന്ന റവന്യു ചെലവുകൾ നിയന്ത്രിച്ച് നിർത്തുകയും വേണം. ഇത് 10 ശതമാനമാക്കി കുറയ്ക്കാൻ കഴിയണം. ഇക്കാര്യത്തിൽ കേരള വികസന മോഡൽ ഫലപ്രദമാകുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ പ്രൊജക്ഷൻ അനുസരിച്ച് അടുത്ത അഞ്ചു വർഷത്തിൽ ഹരിയാന, ഗോവ തുടങ്ങിയ മുന്തിയ വളർച്ച പ്രകടമാക്കുന്ന സംസ്ഥാനങ്ങളെപോലെ കേരളം കുറഞ്ഞത് 13.1 ശതമാനം വളർച്ച കൈവരിക്കേണ്ടതുണ്ട്. ഈ നേട്ടം കൈവരിക്കാൻ കഴിഞ്ഞാൽ എഫ് ആർ ബി എം ലക്ഷ്യങ്ങളിലേക്കുള്ള ദൂരം പരമാവധി കുറയ്ക്കാൻ കഴിയും. മഹാമാരി ശമിക്കുന്നതും സംസ്ഥാനത്തിന്റെ മൊത്തം ജി ഡി പിയുടെ 10 ശതമാനം സംഭാവന നൽകുന്ന ടൂറിസം മേഖലയുടെ തിരിച്ചുവരവും നമ്മുടെ സമ്പദ്വ്യവസ്ഥയുടെ മുന്നേറ്റത്തിന് സഹായകരമാകും.

കുറഞ്ഞ മൂലധന ചെലവുകൾ ഉളവാക്കുന്ന ഘടനാപരമായ പാളിച്ചകൾ കിഫ് ബി വഴിയോ അല്ലെങ്കിൽ പുറമെ നിന്നുള്ള സഹായത്തോടെ പ്രവർത്തിക്കുന്ന പദ്ധതികൾ വഴിയോ പരിഹരിക്കാൻ കഴിയും. തൊഴിലില്ലായ്മയുടെ കാര്യമെടുത്താൽ പുതിയ ബജറ്റ് അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്ന കാര്യത്തിൽ പ്രത്യേക പരിഗണന നൽകുന്നു. ഡിജിറ്റൽ സമ്പദ്വ്യവസ്ഥവഴി വീട്ടമ്മമാർ അടക്കമുള്ള അഭ്യസ്ത വിദ്യർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനാണ് ബജറ്റ് ഊന്നൽ നൽകിയിരിക്കുന്നത്. ഇതിനായി അന്താരാഷ്ട്ര തൊഴിൽ ദാതാക്കളുമായി സഹകരിച്ചുകൊണ്ട് ഒരു പുതിയ ഓൺലൈൻ സംവിധാനം രൂപപ്പെടുത്തുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഇത്തരം ഇടപെടലുകളുടെ കാര്യത്തിൽ കരുതലോടെയുള്ള ശുഭാപ്തി വിശ്വാസമാണ് എനിക്കുള്ളത്. ഉയർന്ന വളർച്ച നിരക്ക് ഉറപ്പുവരുത്തി നമ്മുടെ സവിശേഷമായ കേരള മോഡലിനെ ഹൃസ്വകാല, മധ്യകാല അടിസ്ഥാനത്തിൽ മുന്നോട്ട് നയിക്കാൻ കഴിയുമെന്ന് നമുക്ക് പ്രത്യാശിക്കാം.

■

(ആർ.കെ.സിംഗ്, ഐ.എ.എസ് കേരള സർക്കാരിന്റെ അഡീഷണൽ ചീഫ് സെക്രട്ടറി (ഫിനാൻസ്) ആണ്)

# ഉത്തരം ലഭിക്കേണ്ട ചില ചോദ്യങ്ങൾ

**സി പി ജോൺ**

ഡോ. തോമസ് ഐസക് അവതരിപ്പിച്ച ബജറ്റ് ഞാൻ സസൂക്ഷ്മം വായിക്കുകയുണ്ടായി. അദ്ദേഹം പറയുന്നത് കെ-ഡിസ്ക് എന്നത് കിഫ്ബിയുടെ പുതിയ അവതാരമാണ് എന്നാണ്. ഈ ആശയം ഫലവത്താകില്ല എന്ന അഭിപ്രായം എനിക്കില്ല. ഒരു വിഭാഗം ആളുകൾ പറയുന്നത് വൈജ്ഞാനിക സമ്പദ് വ്യവസ്ഥ എന്നത് കൂടുതൽ തൊഴിലധിഷ്ഠിത മാണെങ്കിലും അത് പ്രത്യുല്പാദനപരമല്ല എന്നാണ്. വൈജ്ഞാനിക സമ്പദ്വ്യവസ്ഥ എന്ന പേരിനോട് എനിക്ക് വിയോജിപ്പുണ്ട്. വിജ്ഞാനാധിഷ്ഠിതമായ സമ്പദ്വ്യവസ്ഥ എന്ന് വിളിക്കാനാണ് ഞാൻ ഇഷ്ടപ്പെടുന്നത്.

ഐക്യ ജനാധിപത്യ മുന്നണി (യു ഡി എഫ്) കിഫ്ബി എന്ന സംവിധാനത്തിന് എതിരല്ല. എന്നാൽ അടിസ്ഥാന സൗകര്യ വികസനം എന്ന നാട്യത്തിൽ ഉയർന്ന പലിശ നിരക്കിൽ വായ്പയെടുക്കുന്നതിന് ഞങ്ങൾ എതിരാണ്. മൂലധനാധിഷ്ഠിതമായ മുതൽമുടക്കാണ് നമുക്ക് വേണ്ടത്. ദൗർഭാഗ്യവശാൽ മൂലധനാ ധിഷ്ഠിത മുതൽ മുടക്കിന്റെ കാര്യത്തിൽ കിഫബിക്ക് ശരിയായ ദിശാബോധമില്ല. ഇത് ഗൗരവതരമായി ചർച്ച ചെയ്യപ്പെടേണ്ട ഒരു കാര്യമാണ്.

ധനകമ്മി 2.45 ശതമാനത്തിൽ നിന്ന് 4.25 ശതമാനമായി ഉയരുന്നതിനെ തടയാൻ കഴിയില്ലെന്ന് ഡോ. തോമസ് ഐസക് വ്യക്തമാക്കിയിട്ടുണ്ട്. റവന്യു കമ്മി 2.94 ശതമാനമാകുമെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ധനകമ്മി 9.25 ശതമാനമായി ഉയർന്നു. ഇതിന്റെ അർഥം ധന ഉത്തരവാദിത്വ ബജറ്റ് മാനേജ്മെന്റ് ആക്റ്റ് (എഫ് ആർ ബി എം ആക്റ്റ്) നിലനിൽ ക്കുന്നില്ല എന്നുതന്നെയാണ്.

നമ്മുടെ സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഗൗരവതരമായ ഇടിവുണ്ടാകുന്നതും റവന്യു ചെലവ് കുതിച്ചുയരുന്നതും ആഴത്തിൽ പരിശോധിക്കപ്പെടേണ്ടതാണ്. 2018-19 ലെ ബജറ്റിലെ പുതുക്കിയ കണക്കുകൾ പ്രകാരം മൊത്തം റവന്യു വരുമാനം 160,000 കോടി രൂപയാണ്. തൊട്ടടുത്ത വർഷം ഇത് 99,042 കോടിയായി കുറഞ്ഞു. 2018 ഉണ്ടായ അസാധാരണ മഴയും വെള്ളപ്പൊക്കവും ഇതിന് ഒരു കാരണമായി എന്ന് നമുക്ക് അനു മാനിക്കാം. എന്നാൽ 2020-21 ലെ ബജറ്റിലേക്ക് വരുമ്പോൾ വരുമാനം കണക്കാക്കിയിരി ക്കുന്നത് 93,115 കോടി രൂപയാണ്. ഈ വർഷം സംസ്ഥാനത്തിന്റെ പൊതുകടം 24,419.91 കോടിയായി ഉയർന്നു. എന്നിരുന്നാലും റവന്യു കമ്മി 16,910.12 കോടി രൂപയാണ്. ഇതെങ്ങനെ സംഭവിക്കുന്നു? ഈ പ്രധാന ചോദ്യമാണ് പ്രതിപക്ഷ കക്ഷികൾ ഉയർത്തുന്നത്.

2021 ജനുവരി 15 ന് അവതരിപ്പിച്ച ബജറ്റിൽ കാണിച്ചിരിക്കുന്ന മൊത്തം വരുമാനം 128,375 കോടി രൂപയാണ്. എന്നാൽ ഇത് ശരിയായ കണക്കല്ല. ഡോ. തോമസ് ഐസക്കും കെ എൻ ബാലഗോപാലും റവന്യു കമ്മിയായി കാണിച്ചിരിക്കുന്നത് ഒരേ തുക തന്നെയാണ്.

ഇതിൽ ഒരു യുക്തിയുമില്ല. കാരണം, ഏറ്റവും ഒടുവിൽ അവതരിപ്പിച്ച ബജറ്റിൽ റവന്യു ചെലവുകൾ ഉയരുന്നതായാണ് കാണിച്ചിരിക്കുന്നത്. അതുകൊണ്ട് എങ്ങനെയാണ് രണ്ടു ബജറ്റിലും ഒരേ റവന്യു കമ്മി തന്നെ വരുന്നത്? നിർണ്ണായകമായ ഈ ചോദ്യത്തിന് ഉത്തരം നൽകേണ്ടതുണ്ട്.

■

(സി.പി. ജോൺ, ആസൂത്രണ ബോർഡ് മുൻ അംഗമാണ്)

# മനുഷ്യരെയല്ല, തൊഴിലാണ് കയറ്റുമതി ചെയ്യേണ്ടത്

**സജി ഗോപിനാഥ്**

രാജ്യങ്ങളുടെ കാര്യത്തിൽ മൈക്കേൽ പോർട്ടറുടെ സിദ്ധാന്തങ്ങളെ ആസ്പദമാക്കിയാണ് ബജറ്റ് തയാറാക്കുന്നത്. തൊഴിൽ, പലിശ നിരക്ക്, സാമ്പത്തിക വളർച്ചക്ക് പ്രതികൂലമാകുന്ന പ്രശ്നങ്ങൾ തുടങ്ങിയ പഴയ ചില സിദ്ധാന്തങ്ങളെയും പുതിയ കാലഘട്ടത്തിൽ നാം വിട്ടു കളയേണ്ടതുണ്ട്. വിജ്ഞാനം, നവീകരണം തുടങ്ങിയ ഘടകങ്ങളെയാണ് സമ്പദ്ഘടനയുടെ മൂലഘടകങ്ങൾ എന്ന നിലയിൽ കാണേണ്ടത്. ആദ്യ ബജറ്റിലും പിന്നീട് അവതരിപ്പിച്ച പുതുക്കിയ ബജറ്റിലും ഈ കാര്യങ്ങൾക്ക് മുന്തിയ പരിഗണന നൽകുന്നുണ്ട് എന്നതാണ് ശ്രദ്ധേയമായ കാര്യം. ഒരു വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥ എന്ന നിലയിൽ വീക്ഷിക്കുമ്പോൾ അവിടെ വൈജ്ഞാനികമായ സാധനങ്ങളുടെ ഉത്പാദനം ഉണ്ടാവുകയും അത്തരം ഉത്പന്നങ്ങളുടെ കൈമാറ്റം നടക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസ മേഖലക്ക് കാര്യമായ ഉത്തേജനം നൽകുന്നത് വഴി കേരളത്തിൽ സംഭവിക്കുന്നത് ഇതാണ്. അതുവഴി ആരോഗ്യം, ഐ ടി തുടങ്ങിയ മേഖലകളിൽ ജോലി തേടി മലയാളികൾ കേരളത്തിന് പുറത്തേക്ക് പോകുന്നു. ഇന്ത്യയിൽ ഐ ടി മേഖലയിൽ ജോലി ചെയ്യുന്നവരിൽ മൂന്നിലൊന്ന് കേരളത്തിൽ നിന്നുള്ളവരാണ്. കേരളത്തിന് പുറത്ത് സംഭവിക്കുന്ന രണ്ട് പ്രധാന മാറ്റങ്ങൾ ബജറ്റ് വേണ്ടവിധത്തിൽ കണക്കിലെടുത്തിട്ടുണ്ടെന്ന് കാണാൻ കഴിയും.

ഒന്ന്, കേന്ദ്രീകൃതവും ബ്രഹത്തുമായ സാമ്പത്തിക വികസന മോഡലുകൾക്ക് മാറ്റം സംഭവിക്കുകയാണ്. അതുപോലെ വ്യവസായ ലോകത്തെ ഫാക്ടറി അടിസ്ഥാനമായ വികസനത്തിനും ഇന്ന് മാറ്റം സംഭവിക്കുകയാണ്. പകരം ചെറുതും വികേന്ദ്രീകൃതവുമായ മോഡലുകളിലേക്ക് സാമ്പത്തിക വികസനം ചുവട് മാറുകയാണ്. ചെറിയ ഒരു മോഡലിൽ നിന്നും നമുക്ക് മികച്ച നേട്ടം ഉണ്ടാക്കാൻ കഴിയുന്ന സ്ഥിതിയുണ്ട്. വ്യാവസായിക സാമ്പത്തിക വ്യവസ്ഥയിൽ ലോകത്തെമ്പാടും സംഭവിക്കുന്ന മാറ്റമാണ് ഇത്. പരമ്പരാഗതമായി പല മേഖലകളിലും സാധ്യമാകാതെ പോയ കാര്യങ്ങൾ ഡിജിറ്റൽ സാങ്കേതിക വിദ്യ വഴി സാധിതമാക്കാൻ കഴിയുന്നുവെന്നതാണ് രണ്ടാമത്തെ കാര്യം. വിദ്യാഭ്യാസ മേഖല തന്നെ ഇതിന് ഒരു ഒന്നാന്തരം ഉദാഹരണമാണ്. ഭൗതികമായ അടിസ്ഥാന സൗകര്യങ്ങളെ വിദ്യാഭ്യാസത്തിനായി നാം കൂടുതലായി ആശ്രയിക്കുന്നുണ്ട്. എന്നാൽ ഇന്ന് ഇതിന് വലിയ തോതിലുള്ള മാറ്റം സംഭവിക്കുകയാണ്. തൊഴിലിടങ്ങളുടെ കാര്യത്തിൽ കാര്യമായ വികേന്ദ്രീകരണം ഉണ്ടാവുകയാണ്. അതായത് സാമ്പത്തിക വളർച്ചയുടെ കാര്യത്തിലെ പരമ്പരാഗതമായ പല ഘടകങ്ങളും ഇന്ന് അത്രയൊന്നും പ്രാധാന്യമില്ലാത്തതായി മാറിയിരിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുടെ വലിയ ഒരു

ശേഖരമുണ്ട്. ഇവർ വിദ്യാഭ്യാസമുള്ളവരാണെങ്കിലും നൈപുണ്യമുള്ളവരല്ല. അതുകൊണ്ട് നാം തൊഴിൽ കയറ്റുമതി ചെയ്തുകൊണ്ടിരിക്കുന്നു.

ഇത്തരത്തിൽ നോക്കുമ്പോൾ കഴിഞ്ഞ കാലങ്ങളിൽ നാം മാനവവിഭവശേഷി കയറ്റുമതി ചെയ്യുകയായിരുന്നു. എന്നാൽ ഇന്ന് ഇത്തരത്തിൽ കയറ്റുമതി നടത്തേണ്ട ആവശ്യമില്ല. നമുക്ക് ആളുകളെ ഇവിടെ തന്നെ നിലനിർത്തി ജോലി മാത്രം കയറ്റുമതി ചെയ്യാൻ കഴിയും. അതായത് ആളുകൾ ഇവിടെ തന്നെ തുടരുന്നത് മൂലം സംസ്ഥാനത്തിനകത്തെ ഉപഭോഗം കാര്യമായി ഉയർത്താൻ കഴിയുമെന്നർത്ഥം. ഇത് നമ്മുടെ സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയിൽ ഏറെ പ്രാധാന്യമുള്ള കാര്യമാണ്. ഈയടിസ്ഥാനത്തിൽ രണ്ട് ബജറ്റുകളും ഈ വിഷയത്തെ എങ്ങനെ വീക്ഷിക്കുന്നു എന്നത് പ്രധാനമാണ്. ഇവിടെ ചില പ്രധാന വെല്ലുവിളികളുണ്ട്. ഇതിന് മൂന്ന് അടിസ്ഥാന ഘടകങ്ങളുണ്ട്. ഒന്ന്, നമുക്ക് നൈപുണ്യ വികസനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ വേണം. വിദ്യാഭ്യാസ രംഗത്ത് വരേണ്ട ഘടനാപരമായ മാറ്റമാണ് രണ്ടാമത്തേത്. മൂന്നാമത്തെ കാര്യം നമ്മുടെ മാനസിക വീക്ഷണത്തിൽ വരേണ്ട മാറ്റമാണ്. സിനിമ പോലുള്ള വിനോദോപാധികൾ ആധാരമാകുന്ന തരത്തിലുള്ള ഒരു സംവിധാനത്തിൽ നിന്നും നവീകരണാധിഷ്ഠിതമായ സമ്പദ് ഘടനയായി നാം മാറേണ്ടതുണ്ട്. വിവിധ മേഖലകളിൽ സേവനം നല്കാൻ കഴിവുള്ള 3.5 ദശലക്ഷം പേർ നമ്മുടെ സംസ്ഥാനത്തുണ്ട്. എന്നാൽ ഇവരെ തൊഴിൽ നൈപുണ്യമുള്ളവരാക്കി മാറ്റാൻ കഴിയുന്ന അടിസ്ഥാന സൗകര്യമില്ല എന്നതാണ് നമ്മുടെ പോരായ്മ.

നൈപുണ്യ വികസനത്തിന് നമുക്കുള്ള എല്ലാ അടിസ്ഥാനസൗകര്യങ്ങളും കണക്കിലെടുത്താൽ പ്രതിവർഷം ഒരു ലക്ഷത്തിനും ഒന്നര ലക്ഷത്തിനുമിടയിൽ ആളുകളെ നൈപുണ്യമുള്ളവരാക്കാൻ കഴിയും. അതായത് ഇക്കാര്യത്തിൽ നമ്മുടെ ആവശ്യവും സൗകര്യങ്ങളും തമ്മിലുള്ള വിടവ് വളരെ വലുതാണ് എന്നർത്ഥം. പ്രശ്നമെന്താണെന്നാൽ മുഖ്യധാരാ വിദ്യാഭ്യാസത്തിൽ ഇത്തരത്തിലുള്ള അടിസ്ഥാന സൗകര്യത്തെ നാം കാര്യമായി പരിഗണിക്കുന്നില്ല എന്നതാണ്. ഇവിടെ ബജറ്റ് മുന്നോട്ട് വയ്ക്കുന്നത് മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുക, വിജ്ഞാനത്തിന്റെ ഉത്പാദനം തുടങ്ങിയ നിർദേശങ്ങളാണ്. അതുകൊണ്ട് നൈപുണ്യ വികസനം വിദ്യാഭ്യാസ സമ്പ്രദായവുമായി ഏകീകരിക്കണം എന്നാണ് എന്റെ അഭിപ്രായം. അധ്യാപക പരിശീലനം മുതൽ തന്നെ തുടങ്ങണം. നമ്മൾ ലക്ഷ്യമിടുന്ന തരത്തിൽ യോഗ്യനായ ഒരു വ്യക്തിയെ വാർത്തെടുക്കുക എന്നതാണ് ഇതിൽ ഏറെ പ്രാധാന്യമേറിയ കാര്യം.

വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ കാര്യത്തിൽ ഘടനാപരമായ മാറ്റം വരണം എന്നതാണ് രണ്ടാമത്തെ കാര്യം. വിദ്യാഭ്യാസ രംഗത്ത് നിയന്ത്രണങ്ങളുടെയും നയപരമായ പ്രതിസന്ധികളുടെയും ഒരു മല തന്നെയുണ്ടെന്ന് കാണാം. അതുകൊണ്ട് ബജറ്റിൽ നിർദേശിച്ചിരിക്കുന്നതുപോലുള്ള മികവിന്റെ കേന്ദ്രങ്ങൾ അടക്കം നിലവിലെ സർവകലാശാല സമ്പ്രദായത്തിൽ ആരംഭിക്കുന്നതിന് നിയമത്തിലും ചട്ടങ്ങളിലും കാര്യമായ മാറ്റങ്ങൾ വേണ്ടിവരും.

മൂന്നാമത്തെ കാര്യം, തൊഴിൽ മാത്രം ലക്ഷ്യമാക്കുന്ന ഒരു ലോകത്ത് നിന്നും നാം എങ്ങനെ പുറത്തു കടക്കും എന്നതാണ്. തൊഴിൽ എന്ന പരമ്പരാഗതമായ ഉല്പാദന ഘടകത്തെ നവമായ ഒരു പ്രൊഫഷൻ എന്ന നിലയിലേക്ക് പരിവർത്തനം ചെയ്യുക എന്നതാണ് പ്രധാനം. ഇതിന് നിരന്തരമായ നൈപുണ്യ വികസനം ആവശ്യമാണ്. ഇടയ്ക്ക് ജോലിയിൽ നിന്നു മാറിനിന്ന്

പുതിയ ഊർജം കൈവരുത്തുന്ന നിലയിലേക്ക് മാറണം. ഇതിന് ആവശ്യമായ ഒരു സാമൂഹ്യ ശൃംഖല ഈ ബജറ്റ് മുന്നോട്ട് വയ്ക്കുന്നുണ്ട്. എന്നാൽ ഇക്കാര്യത്തിൽ ജനങ്ങളെ ബോധവത്കരിക്കുക എന്നത് അവശ്യം വേണ്ട കാര്യമാണ്. അത്തരമൊരു മോഡൽ സാധ്യമാകുന്നതും വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥ എന്ന തലത്തിലാണ്. അത് സാധ്യമാകണമെങ്കിൽ ശക്തമായ വിധത്തിലുള്ള പ്രചാരണം ആവശ്യമാണ്.

■

(സജി ഗോപിനാഥ്, ഐ.ഐ.ഐ.ടി.എം.കെ യുടെ ഡയറക്ടറാണ്)

# ആഗോള സാമ്പത്തികമാന്ദ്യവും കേരള ബജറ്റും

ആൽവിൻ പ്രകാശ്

ലോക ബാങ്കിന്റെ റിപ്പോർട്ട് പ്രകാരം 2020 ൽ കോവിഡ് മഹാമാരി മൂലമുണ്ടായ സാമ്പത്തിക മാന്ദ്യം രണ്ടാം ലോക മഹായുദ്ധത്തിനുശേഷം ലോകം നേരിട്ട ആഴമേറിയ മാന്ദ്യമാണ്. ഇന്ത്യയും കേരളവും 1947 നു ശേഷമുള്ള ഏറ്റവും മോശമായ സാമ്പത്തിക സാഹചര്യ മാണ് നേരിടുന്നത്. ഈ ലേഖനം തയ്യാറാക്കു മ്പോഴുള്ള കണക്കുകൾ പ്രകാരം ഇന്ത്യയിൽ 3.02 കോടി കോവിഡ് രോഗികളുണ്ട്. മഹാമാരി മൂലമുണ്ടായ മരണം 3.96 ലക്ഷവുമാണ്. ഈ സാഹചര്യത്തിൽ 2021-22 സാമ്പത്തിക വർഷത്തേക്ക് അവതരിപ്പിച്ച രണ്ടു ബജറ്റുകൾ മഹാമാരിയെയും മാന്ദ്യത്തെയും സംസ്ഥാന ത്തിന്റെ ധനകാര്യ സ്ഥിതിയെയും എങ്ങനെ കൈകാര്യം ചെയ്യുന്നുവെന്നാണ് ഈ ലേഖനം പരിശോധിക്കുന്നത്.

### ബജറ്റിന്റെ നേട്ടങ്ങൾ

രണ്ട് ബജറ്റുകളും മഹാമാരിയെ നേരിടുന്ന തിനും വാക്സിനേഷൻ വേഗത്തിലാക്കു ന്നതിനും പൊതുജനാരോഗ്യ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തു ന്നതിനും ജനങ്ങൾക്ക് ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്യുന്നതിനും മുന്തിയ പരിഗണന നൽകിയിട്ടുണ്ട്. അതുപോലെ കടലാക്രമണം, വെള്ളപ്പൊക്കം, മറ്റു പാരിസ്ഥിതിക പ്രത്യാഘാ തങ്ങൾ തുടങ്ങിയ പ്രശ്നങ്ങൾ നേരിടുന്ന തിനും നിർദേശങ്ങൾ മുന്നോട്ട് വച്ചിട്ടുണ്ട്. അഭ്യസ്തവിദ്യർക്കിടയിലെ, പ്രത്യേകിച്ച് സ്ത്രീകൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും നൈപുണ്യ വികസന ത്തിനും വൈജ്ഞാനിക സമ്പദ്ഘടനയി ലേക്കുള്ള പരിവർത്തനത്തിനും ഡിജിറ്റൽ സാങ്കേതികത ശക്തമാക്കുന്നതിനും ഉന്നത വിദ്യാഭ്യാസ മേഖലയുടെ നിലവാരം ഉയർത്തുന്നതിനും തൊഴിൽ വിപണിയിലെയും സാമ്പത്തിക രംഗത്തെയും മാറ്റങ്ങൾക്കനുസൃ തമായ വൈവിധ്യവത്കരണം കൊണ്ടുവരുന്ന തിനുമുള്ള നിർദേശങ്ങളുമുണ്ട്. ഇതെല്ലാം ബജറ്റുകളുടെ എടുത്തുപറയത്തക്ക മേന്മക ളാണ്.

### ബജറ്റിന്റെ കോട്ടങ്ങൾ

എന്നാൽ മുൻപെങ്ങും സംഭവിച്ചിട്ടില്ലാത്ത വിധത്തിലുള്ള സാമ്പത്തിക മാന്ദ്യത്തെ നേരിടുന്നതിനുള്ള പ്രഖ്യാപനങ്ങൾ ഇവയിൽ കണ്ടില്ല എന്നതാണ് മർമപ്രധാനമായ നയപരമായ വീഴ്ച. കൃഷി, കന്നുകാലി വളർത്തൽ, വനം, മൽസ്യബന്ധനം എന്നീ മേഖലകൾ ഒഴിച്ച് നിർത്തിയാൽ മഹാമാരി സൃഷ്ടിച്ച പ്രതിസന്ധി മറ്റു മേഖലകളിൽ സൃഷ്ടിച്ചരിക്കുന്നത് ആഴമേറിയ മാന്ദ്യമാണ്. സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് 2020-21 സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ ജി ഡി പി വളർച്ച 7.3 ശതമാനം നെഗറ്റീവായി മാറുകയുണ്ടായി. ജി ഡി പിയുടെ ഇടിവിന്റെ കാര്യത്തിൽ കേരളത്തിന്റെ സ്ഥിതി കൂടുതൽ രൂക്ഷമാണ് ; കാരണം സംസ്ഥാനം പുറത്തു നിന്നുള്ള പല കാര്യങ്ങളെയും ആശ്രയിച്ചാണ് നിലകൊള്ളുന്നത് എന്നതാണ്. ടൂറിസം,

അനുബന്ധ മേഖലകളായ ഹോട്ടൽ, റെസ്റ്ററന്റ്, യാത്രകൾ, സ്പോർട്സ്, സിനിമ പോലുള്ള വിനോദോപാധികൾ, നഴ്സറി സ്കൂൾ മുതൽ പാരലൽ കോളേജുകൾ വരെയുള്ള സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയ മേഖലകൾ ഏറെക്കുറെ നിശ്ചലമാകുന്ന സ്ഥിതിവിശേഷമുണ്ടായി. വാണിജ്യം, ചില പ്രത്യേക സേവന മേഖലകൾ എന്നിവയുടെ പ്രവർത്തനം നിലച്ചുവെന്ന് തന്നെ പറയാം. സ്വകാര്യ ബസ് സർവീസ്, ഓട്ടോറിക്ഷകൾ, ടാക്സി സർവീസ്, നിത്യോപയോഗ സാധനങ്ങൾ ഒഴിച്ചുള്ള സാധനങ്ങൾ വിൽക്കുന്ന വ്യാപാര സ്ഥാപനങ്ങൾ, ചെറുകിട വ്യവസായ സ്ഥാപനങ്ങൾ, എല്ലാ തരത്തിലുമുള്ള നിർമാണ പ്രവർത്തനങ്ങൾ, റിയൽ എസ്റ്റേറ്റ് തുടങ്ങിയവ ഇതിന് ഉദാഹരണമാണ്. ഐ ടി മേഖല, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയ പല സ്ഥാപനങ്ങളിലെയും ജീവനക്കാർ വീട്ടിലിരുന്ന് ജോലി ചെയ്യുന്ന രീതിയിലേക്ക് മാറി. ജോലി നഷ്ടമായത് മൂലം നിരവധി പേർ മൽസ്യം, പഴം, പച്ചക്കറികൾ തുടങ്ങിയവയുടെ വഴിവാണിഭക്കാരായി മാറുകയുണ്ടായി. എന്നാൽ സർക്കാരും അതിന്റെ ഏജൻസികളും ഇത്തരത്തിലുള്ള ഉല്പാദന നഷ്ടത്തിന്റെയും തൊഴിൽ, വരുമാന നഷ്ടത്തിന്റെയും കണക്കെടുക്കുന്ന കാര്യത്തിൽ അമ്പേ പരാജയമായി. പെട്ടെന്ന് തന്നെ ഇത്തരം മേഖലകളിൽ സർവേ നടത്തി, ഉത്പാദനത്തിലും തൊഴിലിലുമുണ്ടായ നഷ്ടം തിട്ടപ്പെടുത്തുന്നതിൽ കാര്യമായ ഒരു ശ്രമവും ഉണ്ടായില്ല.

**തൊഴിൽ രംഗത്ത് വൻ നഷ്ടം**

2020 മാർച്ച് 24 മുതൽ 55 ദിവസം സംസ്ഥാനത്ത് ലോക്ക്ഡൗൺ ഏർപ്പെടുത്തിയിരുന്നു. ഇതിൽ ആദ്യത്തെ ഒരു മാസക്കാലയളവിൽ കർശനമായ നിയന്ത്രണമാണ് ഉണ്ടായിരുന്നതെങ്കിൽ പിന്നീട് ചില ഇളവുകൾ വരുത്തുകയുണ്ടായി. ഇതിന്റെ തുടർച്ചയായി കഴിഞ്ഞ ഒരു വർഷക്കാലം പ്രാദേശികമായി മൈക്രോ ലെവൽ കണ്ടൈൻമെൻറ് സോണുകൾ അടക്കം പല വിധത്തിലുള്ള നിയന്ത്രണങ്ങളും കേരളത്തിൽ ഏർപ്പെടുത്തിയിരുന്നു. കോവിഡ് രണ്ടാം തരംഗത്തെ നേരിടുന്നതിനായി 2021 മെയ് എട്ടു മുതൽ 40 ദിവസം വീണ്ടും ലോക്ക്ഡൗൺ ഏർപ്പെടുത്തിയിരുന്നു. ഇത്തരത്തിലുള്ള കർശന നിയന്ത്രണങ്ങൾ മൂലം എല്ലാ മേഖലകളിലും നിരവധി പേർക്ക് തൊഴിൽ നഷ്ടപ്പെടുകയുണ്ടായി. വ്യവസായ മേഖലയെടുത്താൽ 11 ശതമാനം തൊഴിൽ നഷ്ടമുണ്ടായി. നിർമ്മാണ മേഖലയിൽ 19 ശതമാനവും വാണിജ്യം, മോട്ടോർ വർക് ഷോപ്പ് എന്നീ മേഖലകളിൽ 14 ശതമാനവും ഗതാഗത, സംഭരണ മേഖലകളിൽ 9 ശതമാനവും വിദ്യാഭ്യാസ രംഗത്ത് 5 ശതമാനവും തൊഴിൽ നഷ്ടം രേഖപ്പെടുത്തി. ഇതിൽ തന്നെ സ്വയം തൊഴിൽ സംരംഭകരുടെയും കാഷ്വൽ ജീവനക്കാരുടെയും കാര്യത്തിൽ കാര്യമായ നഷ്ടം കണക്കാക്കപ്പെടുന്നു. മൊത്തം തൊഴിലെടുക്കുന്നവരിൽ 67 ശതമാനം വരുമിത്. അതായത്, സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി ഏകദേശം മൂന്നിലൊന്ന് പേർക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട് എന്നാണ് കണക്ക്. കേരള സംസ്ഥാനത്തിന്റെ രൂപീകരണത്തിന് ശേഷമുള്ള ഏറ്റവും മോശമായ ഒരു സ്ഥിതിയാണ് ഇത്. സർക്കാർ മേഖലയിലും പൊതുമേഖലയിലെ അർദ്ധ സർക്കാർ സ്ഥാപനങ്ങളിലും സംഘടിത സ്വകാര്യ മേഖലയിലെയും ജീവനക്കാരെ ഒഴിച്ച് നിർത്തിയാൽ മറ്റെല്ലാ രംഗത്തും വൻതോതിലുള്ള തൊഴിൽ നഷ്ടവും വരുമാന നഷ്ടവും രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. എന്നാൽ അടിസ്ഥാനപരമായ ഈ പ്രശ്നം ബജറ്റ് കാര്യമായി കണക്കിലെടുത്തിട്ടില്ല എന്നതാണ് വസ്തുത.

**പുതിയ സാമ്പത്തികക്രമം**

ജീവിത സാഹചര്യങ്ങളിലും യാത്രാ രീതികളിലും സാങ്കേതിക വിദ്യയുടെ ഉപയോഗത്തിലും ജോലി സ്ഥലങ്ങളുടെ മാറ്റത്തിലും യന്ത്രവത്കരണം, ഡിജിറ്റൽവത്കരണം എന്നിവയിലും ഒപ്പം ഉത്പന്നങ്ങൾ, സേവനങ്ങൾ എന്നിവയുടെ മുൻഗണനാക്രമത്തിലും,

തൊഴിൽ നൈപുണ്യത്തിലും മഹാമാരി അതിവേഗത്തിലുള്ള മാറ്റത്തിനാണ് വഴി തുറന്നത്. മഹാമാരിക്ക് ശേഷമുള്ള സാമ്പത്തിക സാഹചര്യം അതിന് മുമ്പുള്ളതിൽ നിന്നും തികച്ചും വ്യത്യസ്തമായിരിക്കും. ഇത്തരമൊരു പരിണാമത്തിനായി നാം തയാറെടുക്കേണ്ടതുണ്ട്.

**കുടിയേറ്റ മലയാളികളുടെ തിരിച്ചുവരവ്**

ഗൾഫ് രാജ്യങ്ങളിൽനിന്നും ഇതര രാജ്യങ്ങളിൽ നിന്നും ആയിരക്കണക്കിന് മലയാളികളുടെ തിരിച്ചുവരവിന് ആഗോള സാമ്പത്തിക മാന്ദ്യം കാരണമായിട്ടുണ്ട്. കേരള മോഡലിന്റെയും സംസ്ഥാനത്തിന്റെ പുരോ ഗതിയുടെയും ഒരു നെടുംതൂൺ എന്ന് പറയാവുന്നത് വിദേശത്തു ജോലി ചെയ്യുന്നവർ അയക്കുന്ന പണമാണ്. കേരളത്തിലെ ലക്ഷക്കണക്കിന് കുടുംബങ്ങളുടെ വരുമാന മാർഗം ഇത്തരത്തിൽ വിദേശത്ത് നിന്ന് അയക്കുന്ന പണമാണ്. കഴിഞ്ഞ നാല് ദശകക്കാലമെടുത്താൽ ഔദ്യോഗികവും അല്ലാതെയുമുള്ള ചാനലുകൾ വഴി ഇങ്ങനെ അയക്കുന്ന പണം സംസ്ഥാന സർക്കാരിന്റെ മൊത്തം വാർഷിക ചെലവിനേക്കാൾ കൂടുതലാണ്. അതുകൊണ്ട് ഇത്തരത്തിൽ ജോലി നഷ്ടപ്പെട്ട നിരവധി പേർ തിരികെയെത്തുന്നത് സംസ്ഥാനത്തിന്റെ തൊഴിൽ മേഖലയിലും സാമ്പത്തിക രംഗത്തും ഗുരുതരമായ പ്രത്യാഘാതം സൃഷ്ടിക്കും. പുതുക്കിയ ബജറ്റ് പ്രകാരം 14.33 ലക്ഷം മലയാളികൾ ഇങ്ങനെ തിരിച്ചെത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. ജോലി നഷ്ടപ്പെട്ടാണ് ഇവരിൽ നല്ലൊരു പങ്കും എത്തുന്നത്. ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി ഭൂരിപക്ഷം മലയാളി ജോലിക്കാരും ഇതിനകം തിരിച്ചു വന്നിട്ടുണ്ടാകാമെന്നാണ് കരുതുന്നത്. ഇവരുടെ പുനരധിവാസം, പുതിയ ജോലി കണ്ടെത്തൽ, മറ്റു രാജ്യങ്ങളിലേക്ക് തിരികെ പോകൽ അടക്കം നിരവധി പ്രശ്നങ്ങൾ ഇതിൽ നിന്ന് ഉരുത്തിരിയുന്നുണ്ട്.

**നിലനിൽക്കുന്ന ധനപ്രതിസന്ധി**

ധനകാര്യ മേഖലയെടുത്താൽ മഹാമാരിക്ക് മുൻപ് തന്നെ നിലനിന്നിരുന്ന പ്രതിസന്ധി മറികടക്കുന്ന കാര്യത്തിൽ കേരളം ഒരു പരാജയമായിരുന്നെന്ന് കാണാം. ഇതിനൊപ്പം മഹാമാരികൂടി വന്നതോടെ ധനപ്രതിസന്ധി കൂടുതൽ വഷളായി. സംസ്ഥാനത്തിന്റെ നികുതികളും കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതവും അടക്കമുള്ള മൊത്തം നികുതി വരുമാനത്തിൽ മുൻ വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 11.3 ശതമാനം ഇടിവുണ്ടായതായി സി എ ജിയുടെ പ്രഥമിക കണക്കുകൾ വ്യക്തമാക്കുന്നു. ഇക്കാലയളവിൽ നികുതിയേതര വരുമാനം 48 ശതമാനം കണ്ട് കുറഞ്ഞു. 2019-20 ൽ 14495 കോടി രൂപയായിരുന്ന റവന്യു കമ്മി 2020-21 ൽ 23256 കോടിയായി കുതിച്ചുയർന്നു, 60 ശതമാനം വർധന. ധനകമ്മി 2019-20 ലെ 23837 കോടി രൂപയിൽ നിന്ന് 2020-21 ൽ 60 ശതമാനം വർധനയോടെ 38190 കോടിയായി. സാധാരണ ഗതിയിൽ ഇത്തരമൊരു സാഹചര്യത്തിൽ ട്രഷറി തുടർച്ചയായി അടച്ചിടാൻ സർക്കാർ നിർബന്ധിതമാകുമായിരുന്നു. എന്നാൽ റവന്യു കമ്മി നികത്തുന്നതിനുള്ള സഹായം, പ്രാദേശിക സർക്കാരുകൾക്കുള്ള സഹായം, പ്രത്യേക മേഖലകൾക്കുള്ള ധനസഹായം എന്നിവ അടക്കമുള്ള വൻതുകയ്ക്കുള്ള ഗ്രാന്റുകൾ ഇത്തരത്തിലുള്ള പ്രതിസന്ധി ഒഴിവാക്കിയെന്ന് പറയാം. 2019-20 സാമ്പത്തിക വർഷത്തിൽ 11235 കോടി രൂപയായിരുന്ന ഇത്തരത്തിലുള്ള കേന്ദ്ര സഹായം 2020-21 ആയപ്പോൾ 31049 കോടി രൂപയായി ഉയർന്നു. 176 ശതമാനം വളർച്ചയാണ് ഇക്കാര്യത്തിൽ രേഖപ്പെടുത്തിയത്. എന്നാൽ റവന്യു കമ്മി ഗ്രാന്റ് ഇപ്പോൾ കുറഞ്ഞ സാഹചര്യത്തിൽ സംസ്ഥാനം സമീപ ഭാവിയിൽ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലേക്ക് പോകുന്നതിനുള്ള സാധ്യതയുണ്ട്. അതീവഗുരുതരമായ ഈ പ്രതിസന്ധി മൂലം സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ തിരികെ കൊണ്ടു വരുന്നതിന്

സർക്കാർ തലത്തിൽ പണം മുടക്കുന്നതിനുള്ള സാധ്യത ഇല്ലാതായിരിക്കുകയാണ്. ഇതുമൂലം ജോലി നഷ്ടമായ ലക്ഷകണക്കിന് തൊഴിലാളികൾക്ക് സഹായങ്ങൾ നൽകുന്നതിനും കഴിയാതെ പോകുന്നു. ധനപരമായ സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ക്രിയാത്മകമായ നടപടികൾ ഉണ്ടാകുന്നില്ലെങ്കിൽ കേരളത്തിന്റെ നിലനിൽപ്പുപോലും അപകടത്തിലാകുന്ന സ്ഥിതിയുണ്ട്.

**ബജറ്റിന് പുറത്ത് വായ്പയെടുക്കുന്നതിലെ പ്രശ്നങ്ങൾ**

സംസ്ഥാനത്തെ പ്രധാന വികസന പദ്ധതികൾ നടപ്പാക്കുന്നതിന് കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിനെയാണ് (കിഫ്ബി) ബജറ്റ് കാര്യമായി ആശ്രയിക്കുന്നത്. അടുത്ത അഞ്ചു വർഷം കൊണ്ട് 50000 കോടി രൂപയുടെ വികസന പദ്ധതികൾ കിഫ്ബി വഴി നടപ്പാക്കുമെന്ന് ആദ്യ ബജറ്റിൽ പ്രഖ്യാപിച്ചരുന്നതായാണ് ഈ ബജറ്റിൽ പറയുന്നത്. എന്നാൽ 2021 ജനുവരി വരെയുള്ള ഘട്ടത്തിൽ 7000 കോടി രൂപയുടെ പദ്ധതികളാണ് പൂർത്തീകരിക്കപ്പെട്ടത്. 40100 കോടി രൂപ മതിപ്പ് ചെലവ് വരുന്ന 821 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയതായി ബജറ്റിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. വ്യവസായ പാർക്കുകൾക്ക് ഭൂമിയേറ്റെടുക്കു ന്നതിന് മറ്റൊരു 20000 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പൊതുവെ നോക്കിയാൽ പ്രധാനപ്പെട്ട എല്ലാ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കും കിഫ്ബി വഴിയാണ് ഫണ്ട് ലഭ്യമാക്കുന്നത്. എന്നാൽ കിഫ്ബി നടത്തുന്ന ധന സമാഹരണത്തെ ബജറ്റിന് പുറത്തുള്ള വായ്പയായി പരിഗണിക്കാൻ കഴിയില്ലെന്നാണ് സി എ ജി വ്യക്തമാക്കുന്നത്. ഭരണഘടനയുടെ ആർട്ടിക്കിൾ 293 പ്രകാരം ഇത് സർക്കാർ വായ്പകളുടെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതാണ്. കേന്ദ്രസർക്കാർ സി എ ജിയുടെ വാദത്തിന് അംഗീകാരം നൽകിയാൽ കിഫ്ബിയുടെ ഫണ്ടുകൾ അത്രയും സർക്കാർ വായ്പാ പരിധിയുടെ കീഴിൽ വരും. ഇത് തീർച്ചയായും വികസന കാര്യങ്ങൾക്ക് സർക്കാർ എടുക്കുന്ന വായ്പകളുടെ കാര്യത്തിൽ ഗുരുതരമായ അനിശ്ചിതത്വം ഉളവാക്കും.

ഈ അവലോകനത്തെ താഴെ കാണുന്ന വിധത്തിൽ ചുരുക്കാം : മഹാമാരിയെ നേരിടുന്നതിനും പൊതുജനരോഗ്യ ശൃംഖല ശക്തിപ്പെടുത്തുന്നതിനും ബജറ്റ് ഊന്നൽ നല്കിയിരിക്കുന്നു. എന്നാൽ മഹാമാരി മൂലമുളവായ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിൽ പരാജയമായിരിക്കുന്നു. ഇതുമൂലം ഉല്പാദന, തൊഴിൽ മേഖലകളിൽ ഉണ്ടായ നഷ്ടത്തിന്റെ കണക്കുകൾ സമാഹരിക്കുന്ന കാര്യത്തിലും പരാജയം സംഭവിച്ചിരിക്കുന്നു. കനത്ത ധനപ്രതിസന്ധി മൂലം ഉത്തേജക പാക്കേജിനും ജോലി നഷ്ടമായവരെ സഹായിക്കുന്നതിനും പണം ചെലവഴിക്കാൻ കഴിയാതെ പോകുന്നു. കിഫ്ബിയെ ബജറ്റിന് പുറത്തുള്ള ധനസമാഹരണ ഏജൻസിയായി കണക്കാക്കാൻ കഴിയില്ലെന്ന സി എ ജിയുടെ നിലപാട് സംസ്ഥാനത്തിന്റെ ഭാവിയിലെ കടമെടുപ്പിന്റെ കാര്യത്തിൽ ഗൗരവതരമായ പ്രത്യാഘാതം ഉളവാക്കും . സംസ്ഥാനത്തിന്റെ ധനകാര്യം എല്ലാ അർത്ഥത്തിലും നവീകരിക്കേണ്ടതിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

■

(ആൽവിൻ പ്രകാശ്, കേരള സംസ്ഥാന അഞ്ചാം ധനകാര്യ കമ്മീഷൻ ചെയർമാനാണ്)

# തൊഴിൽ സൃഷ്ടാക്കളായി കേരളം മാറണം

**ജി വിജയരാഘവൻ**

അടുത്ത അഞ്ചു വർഷത്തിനുള്ളിൽ 20 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് ഡോ. തോമസ് ഐസക് തന്റെ ബജറ്റിൽ പറഞ്ഞിരുന്നു. കെ. എൻ ബാലഗോപാൽ തന്റെ ആദ്യ ബജറ്റിൽ അത് ആവർത്തിച്ചിരിക്കുന്നു. എന്നാൽ ഇവിടെ ഒരു കാര്യം മനസിലാക്കേണ്ടതുണ്ട്. 45 ലക്ഷത്തിൽ താഴെ തൊഴിലവസരങ്ങളാണ് വീട്ടിലിരുന്ന് ചെയ്യത്തക്ക വിധത്തിൽ ഇന്ന് ഐ ടി മേഖലയിൽ ഇന്ത്യയിലാകെയുള്ളത്. അതായത് ഇതിന്റെ 50 ശതമാനത്തോളം കേരളത്തിലേക്ക് ആകർഷിക്കാൻ കഴിയുമെന്ന് നാം പ്രതീക്ഷിക്കുന്നു. അടുത്ത അഞ്ചു വർഷത്തിൽ മൊത്തം തൊഴിലവസരങ്ങളുടെ എണ്ണത്തിൽ വളർച്ചയുണ്ടാകുമെന്നും നമുക്ക് കരുതാം. ഇപ്പോൾ ഈ മേഖലയിലെ തൊഴിലവസരങ്ങളുടെ മൂന്നിലൊന്ന് കയ്യാളാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ ടെസ്റ്റ് നടത്തി നിയമനം നടത്തുന്ന കമ്പനികളുടെ കണക്കുകൾ പരിശോധിച്ചാൽ കേരളത്തിൽ നിന്ന് ടെസ്റ്റിനെത്തുന്നവരുടെ കേവലം അഞ്ചു ശതമാനം മാത്രമാണ് വിജയിക്കുന്നത് എന്ന് കാണാനാവും. ഇതിൽ തന്നെ 20 ശതമാനത്തിൽ താഴെ പേർക്ക് മാത്രമാണ് ജോലി ലഭിക്കുന്നത്. അതായത്, കേരളത്തിൽ നിന്ന് 100 പേർ ടെസ്റ്റിനെത്തുമ്പോൾ അതിൽ ഒരാൾക്ക് മാത്രമാണ് ഐ ടി അല്ലെങ്കിൽ സോഫ്റ്റ്വെയർ കമ്പനികളിൽ ജോലി ലഭിക്കുന്നത് എന്നർത്ഥം. ഇതിനെ കുറിച്ച് വളരെ ആഴത്തിൽ പരിശോധിക്കപ്പെടേണ്ടതുണ്ട്. യു ഡി എഫ് സർക്കാരും പിന്നീട് വന്ന എൽ ഡി എഫ് സർക്കാരും സാങ്കേതിക സർവകലാശാലയുടെ പ്രവർത്തനങ്ങളിൽ വെള്ളം ചേർക്കുന്ന സ്ഥിതിയുണ്ടായി. അതുകൊണ്ട് സാങ്കേതിക സർവകലാശാലയുടെ പഠന നിലവാരത്തിൽ ഇടിവുണ്ടായിട്ടുണ്ട്.

നൈപുണ്യ വികസനം നമ്മുടെ സർവ്വകലാശാലകളുടെയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പ്രധാന കാര്യമായി മാറണമെന്നില്ല. യഥാർത്ഥത്തിൽ ഒരു വിദ്യാർത്ഥിക്ക് ആവശ്യമായ കാര്യങ്ങൾ നൽകുകയാണ് വേണ്ടത്. അത് അവരെ തുടർപഠനത്തിന് പ്രേരിപ്പിക്കുകയും ആവശ്യമായ നൈപുണ്യം നേടിയെടുക്കാൻ പ്രാപ്തരാക്കുകയും ചെയ്യുന്നു. തുടർപഠനം എന്നത് ഇന്നത്തെ കാലഘട്ടത്തിൽ മുൻപോട്ടുള്ള പോക്കിന് വളരെ പ്രധാനപ്പെട്ട ഒന്നാണ്. 20 ലക്ഷം തൊഴിലവസരമെന്നത് സാധ്യമായേക്കാം. അതുപക്ഷേ, വൈജ്ഞാനിക മേഖലയിൽ നിന്ന് മാത്രമാകില്ല. തൊഴിൽ സൃഷ്ടിക്കുന്ന കാര്യമെന്നത് സംസ്ഥാന സർക്കാരിന്റെ മുൻകയ്യിലുള്ള ഒരു കാര്യമാക്കി മാറ്റുക എന്ന നിർദേശമാണ് എനിക്ക് മുന്നോട്ട് വയ്ക്കാനുള്ളത്. സർക്കാരിലെ ഒരു വകുപ്പും പുതിയ തൊഴിൽ സൃഷ്ടിക്കുന്നതിൽ ശ്രദ്ധ ചെലുത്തുന്നില്ല. പകരം എല്ലാവരും മൂലധന ചെലവിലേക്കാണ് ഉറ്റുനോക്കുന്നത്.

ഇന്നത്തെ ലോകത്തെ മാറ്റങ്ങൾ പരിശോധിച്ചാൽ ജോലി കുറവ് വരുന്ന തരത്തിലുള്ള വികസനമാണ് നടക്കുന്നത്. മുതൽമുടക്ക് എന്നതിൽ നിന്നും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേക്ക് എങ്ങനെ നമ്മുടെ ഫോക്കസ് മാറ്റാം എന്നതാണ് മർമ്മപ്രധാനമായ കാര്യം. നമ്മുടെ അഭ്യസ്ത വിദ്യരായ വീട്ടമ്മമാരിൽ നല്ലൊരു വിഭാഗം ഒരു ജോലിയിലും ഏർപെടുന്നില്ലെന്ന് നമുക്കറിയാം. എന്നാൽ ഇന്നത്തെ നിലയിൽ ഏതെങ്കിലും ജോലി ഏറ്റെടുക്കുന്നതിനുള്ള സാഹചര്യം അവർക്കില്ല എന്നതും കാണേണ്ടതുണ്ട്. ഇത്തരത്തിൽ ജോലി നൽകുന്നതിന് കമ്പനികൾ ഒരുക്കമാണ്. പക്ഷെ അതിന് പറ്റിയ കഴിവുള്ള ആളുകളെ കണ്ടെത്താൻ കഴിയുന്നില്ല എന്നതാണ് വസ്തുത.

ഇനി രണ്ടാമത്തെ പോയിന്റിലേക്ക് വരാം. ഇന്നത്തെ കൃത്യമായ സാദ്ധ്യതകൾ എന്തൊക്കെ എന്നതാണ് അത്. കേരളത്തിന്റെ വികസനം ഇനിയങ്ങോട്ട് എങ്ങനെ എന്നതിനെ കുറിച്ച് രാഷ്ട്രീയ പാർട്ടികൾക്കിടയിൽ ഒരു സമവായം ആവശ്യമാണ്. പൊതുസമൂഹം ഇതോടൊപ്പം നിൽക്കുമെന്നുറപ്പാണ്, എന്നാൽ ഇത്തരത്തിൽ ശക്തമായ രാഷ്ട്രീയ ഏകോപനമാണ് ഇന്ന് ഏറ്റവും ആവശ്യമായ കാര്യം.

നികുതി ഒഴിവാക്കലും വെട്ടിപ്പും ഇല്ലാതാക്കുക എന്നതാണ് മൂന്നാമത്തെ കാര്യം. ജി എസ് ടിയുടെ കാര്യത്തിൽ ഇത്തരം നികുതി വെട്ടിപ്പുകൾ ഒഴിവാക്കി നികുതി വരുമാനം ഇന്നത്തേതിൽ നിന്ന് ഗണ്യമായി ഉയർത്താൻ കഴിയണം. നികുതി വരുമാനത്തിന്റെയും ചെലവുകളുടെയും കണക്കുകൾ ഇന്നത്തെ നിലയിലുള്ള നികുതി വരുമാനത്തെ ഒരുവിധത്തിലും സാധൂകരിക്കുന്നില്ല. ഡിജിറ്റൽ നികുതിയെയും അധിക വരുമാന നികുതിയെയും അംഗീകരിക്കാൻ കഴിയില്ല. കാരണം, അങ്ങനെ വന്നാൽ കൂടുതൽ പേർ മറ്റു സ്ഥലങ്ങളിലേക്ക് ജോലിക്കായി ചേക്കേറും. ഓരോ മേഖലക്കായി സാമൂഹ്യ സുരക്ഷാ സംവിധാനം ഒരുക്കേണ്ട ഒരു ഘട്ടമാണ് ഇത്. പ്രോവിഡന്റ് ഫണ്ടിന് പുറമെ ടൂറിസം, ഐ ടി തുടങ്ങിയ മേഖലകളിൽ ഇത്തരം ഒരു സംവിധാനം ഒരുക്കാൻ കഴിയുന്നതാണ്. ഇതിനെ കുറിച്ച് സർക്കാർ വളരെ ആഴത്തിൽ ചിന്തിക്കേണ്ടിയിരിക്കുന്നു. തോട്ടം മേഖലയിൽ ഇത്തരത്തിലൊന്ന് ഉരുത്തിരിയുന്നുണ്ട്. ഇത്തരത്തിലുള്ള നിർദേശങ്ങൾ കൂടുതലായി വരേണ്ടതുണ്ട്. ഇത് വിപ്ലവകരമായ ഒരു പരിവർത്തനമാകും. കർഷകർക്ക് ഏതു വിളയും കൃഷി ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം നൽകണം. അല്ലെങ്കിൽ എല്ലാവരും റംബൂട്ടാൻ കൃഷിയിലേക്ക് മാറിയപ്പോൾ വിലയിടിഞ്ഞത് പോലുള്ള അനുഭവമാകും നമ്മെ കാത്തിരിക്കുന്നത്. കൃഷിയിടങ്ങൾ റിയൽ എസ്റ്റേറ്റ് ബിസിനസായി മാറരുത്. പകരം അവിടെ ഭക്ഷ്യ സംസ്കരണ യൂണിറ്റ് അനുവദിക്കാം. ഇവിടെ ജോലിക്കാരുടെ താമസത്തിനായുള്ള സൗകര്യങ്ങൾക്കായി ഭൂമിയുടെ ഒരു ഭാഗം മാറ്റിവയ്ക്കാം. അതുകൊണ്ട് ഉന്നത വിദ്യാഭ്യാസ രംഗത്തും കാർഷിക മേഖലയിലും വിപ്ലവകരമായ പരിവർത്തനം ഉണ്ടാകണം.

അതുപോലെ തന്നെ പ്രധാനപെട്ടതാണ് തീരദേശ മേഖല. ലോകത്തെ തന്നെ മികച്ച ഡൈവർമാരിൽ പലരും നീണ്ടകര പ്രദേശത്തു നിന്നുള്ളവരാണ്. അവർക്ക് ഇവിടെ ജോലി ലഭ്യമാകത്തക്ക വിധത്തിൽ നാം ഇതിനെ ഒരു അവസരമായി കാണണം. മൽസ്യബന്ധന യാനങ്ങളിൽ ടൂറിസ്റ്റുകളെ കൊണ്ട് പോവുകയും മൽസ്യബന്ധനം കാണാൻ അവസരമൊരുക്കുകയും ചെയ്യാം. അത് അവരുടെ വരുമാനം വർധിപ്പിക്കും. ഇത്തരത്തിൽ ഭാവനാത്മകമായി നാം ചിന്തിക്കണം.

ഓരോ ബജറ്റിലും എന്തൊക്കെ നിർദേശങ്ങളുണ്ടായിരുന്നു, അതിൽ എത്രത്തോളം

നടപ്പാക്കാൻ കഴിഞ്ഞു എന്നത് പരിശോധിക്കപ്പെടണം. ഓരോ ത്രൈമാസത്തിലും വരുമാനം, ചെലവുകൾ എന്നിവയുടെ കാര്യത്തിൽ ഇത്തരത്തിൽ ഒരു വിലയിരുത്തൽ ഏറ്റവും ആവശ്യമായ ഒന്നാണ്. ഇത് ഒരു പേജിലോ, രണ്ടു പേജിലോ ആകാം. പക്ഷെ അങ്ങനെ ഒന്നുണ്ടായാൽ കാര്യങ്ങൾ നടപ്പാക്കുന്നതിൽ വേഗത കൈവരും

■

(ജി വിജയരാഘവൻ, ഗിഫ്റ്റിലെ ഓണററി ഫെല്ലോയാണ്)

# കേരള ബജറ്റ് : ചില നിരീക്ഷണങ്ങൾ

മേരി ജോർജ്

കോവിഡ് മഹാമാരി മൂലമുണ്ടായ ഗുരുതരമായ സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിലാണ് ബജറ്റ് അവതരിപ്പിക്കപ്പെട്ടത്. റിസർവ് ബാങ്കിന്റെ ഏറ്റവും ഒടുവിൽ പ്രസിദ്ധീകരിച്ച ഉപഭോക്തൃ ആത്മവിശ്വാസ സർവെ പ്രകാരം ഇന്ത്യയുടെ സാമ്പത്തിക സ്ഥിതി മോശമായ സാഹചര്യത്തിലാണ്. ഈ റിപ്പോർട്ട് പ്രകാരം 2020 ലെ ലോക്ക് ഡൗൺ ഘട്ടത്തിൽ ഇന്ത്യയിലെ നഗര പ്രദേശങ്ങളിലെ തൊഴിലില്ലായ്മ 23.14 ശതമാനമാണ്. 2021 ൽ ഇത് 14.73 ശതമാനമായി കുറഞ്ഞിട്ടുണ്ട്. എന്നാൽ മൊത്ത വില സൂചികയും ഉപഭോക്തൃ വിലസൂചികയും കണക്കിലെടുക്കുമ്പോൾ 2020 നേക്കാൾ 2021 ൽ സാമ്പത്തിക സ്ഥിതി മോശമാണ് എന്ന് കാണാം. ഇന്ത്യയിൽ ദാരിദ്ര്യം അനുഭവിക്കുന്ന ജനങ്ങളുടെ എണ്ണത്തിൽ വർദ്ധനയുണ്ടായിട്ടുണ്ടെന്നാണ് പ്യൂ റിസർച്ച് സെന്റർ നടത്തിയ പഠനം വ്യക്തമാക്കുന്നത്. പ്രതിദിന വരുമാനം രണ്ടു ഡോളറോ, അതിൽ താഴെയോ മാത്രമുള്ള വ്യക്തിയെയാണ് പ്യൂ, ദരിദ്രനായി കണക്കാക്കുന്നത്. 2020ൽ 60 ദശലക്ഷമായിരുന്ന ദരിദ്ര ജനങ്ങളുടെ എണ്ണം 2021 ൽ 134 ദശലക്ഷമായെന്നാണ് ഈ റിപ്പോർട്ട് പറയുന്നത്.

കേരളത്തിൽ തൊഴിലില്ലായ്മ 11 ശതമാനമാണെന്നാണ് സംസ്ഥാന മുഖ്യമന്ത്രി വ്യക്തമാക്കിയിരിക്കുന്നത്. ജനുവരി 15 ന് അവതരിപ്പിച്ച തിരഞ്ഞെടുപ്പ് ബജറ്റിന്റെ ഒരു അനുബന്ധമാണ് പുതിയ ബജറ്റ്. മഹാമാരിയെ നേരിടുന്നതിനാണ് ഈ ബജറ്റും മുൻതൂക്കം നൽകിയിരിക്കുന്നത്. ഇതിനായുള്ള 20000 കോടി രൂപയുടെ കോവിഡ് പാക്കേജ് പ്രത്യേകം എടുത്തു പറയേണ്ട ഒന്നാണ്. നമുക്ക് മഹാമാരി യെയും സാമ്പത്തിക മാന്ദ്യത്തെയും ഒരുമിച്ച് നേരിടേണ്ട സാഹചര്യമാണ് ഇപ്പോഴുള്ളത്. ഇക്കാര്യത്തിൽ വിഖ്യാതനായ സാമ്പത്തിക ശാസ്ത്രജ്ഞൻ ജെ. എം കെയ്ൻസ് നൽകിയ പ്രമാണം, പൊതുചെലവുകൾ ഉയർത്തിയാണ് സാമ്പത്തിക മാന്ദ്യത്തെ നേരിടേണ്ടത് എന്നതാണ്. 2464 കോടി രൂപ ചെലവിൽ 100 ദിന കർമ്മ പരിപാടി ഗവണ്മെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. 100 ദിവസം കൊണ്ട് 20 ലക്ഷം തൊഴിൽദിനങ്ങൾ, 25000 ഹെക്ടറിൽ ജൈവ കൃഷി, ലൈഫ് മിഷൻ പദ്ധതിയിൽ 10000 വീടുകൾ, റിബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി 9 റോഡുകളുടെ നിർമാണം തുടങ്ങിയ തൊഴിൽ അധിഷ്ഠിത പദ്ധതികളാണ് ഇതിന്റെ ഭാഗമായി പ്രഖ്യാപിച്ചത്. ഈ വാഗ്ദാനങ്ങളെല്ലാം പാലിക്കപ്പെട്ടാൽ 2021-22 സാമ്പത്തിക വർഷത്തിൽ കോവിഡ് മൂലമുണ്ടായ ആഘാതം പരമാവധി കുറയ്ക്കാൻ കഴിയും. ഇത്തരത്തിൽ ഹ്രസ്വകാലത്തേക്കായി ബജറ്റ് മുന്നോട്ട് വയ്ക്കുന്ന നിർദേശങ്ങൾ എടുത്ത് പറയത്തക്കതാണ്.

എന്നാൽ ദീർഘകാല വികസനത്തിനായി ബജറ്റ് സ്വീകരിച്ചിരിക്കുന്ന സമീപനം കേരളത്തെ ഒരു കടക്കെണിയിലേക്ക് തള്ളി

വിടുമെന്ന ആശങ്ക എനിക്കുണ്ട്. എന്നിരുന്നാലും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതികൾ മികച്ചത് തന്നെയാണ്. കൊച്ചി-ബംഗളുരു വ്യവസായ ഇടനാഴി നിലവിൽ വന്നാൽ ലോജിസ്റ്റിക്സ് ചെലവുകൾ കുറയ്ക്കാൻ സഹായകമാകും. ഇതിനൊപ്പം സ്വകാര്യ മൂലധനവും കാര്യമായി എത്തും. എന്നാൽ വായ്പയെടുത്ത പണം ഉപയോഗിച്ച് ദീർഘകാല മൂലധന പദ്ധതികൾ ഏറ്റെടുത്താൽ അത് സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയേണ്ടതുണ്ട്. പക്ഷെ, ഇത് പലപ്പോഴും കേരളത്തിൽ സാധ്യമാകാറില്ല എന്നതാണ് പ്രശ്നം.

മറ്റൊരു ഗൗരവതരമായ പ്രശ്നം കൂടിയുണ്ട്. കേരള സർക്കാർ പലപ്പോഴും മൂലധന ചെലവുകൾക്കുള്ള പണം റവന്യു ചെലവുകൾക്കായി വകമാറ്റാറുണ്ട്. 'ബജറ്റിന്റെ ചുരുക്കം' എന്ന രേഖയിൽ സംസ്ഥാന സർക്കാർ ഇത് അടിവരയിട്ട് വ്യക്തമാക്കാറുണ്ട്. റിബിൾഡ് കേരള പദ്ധതിയുടെ ഭാഗമായി ലോക ബാങ്കിൽ നിന്നും ജർമൻ ഗവൺമെന്റിൽ നിന്നും നദീതീര സംരക്ഷണം, വെള്ളപ്പൊക്കത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണം, വെള്ളപ്പൊക്കത്തിൽ ജീവിതം പ്രതിസന്ധിയിലായ ജനങ്ങളുടെ പുനരുദ്ധാരണം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ നിബന്ധനകളുടെ അടിസ്ഥാനത്തിൽ വായ്പയെടുത്ത പല പദ്ധതികളും ഇന്നും കടലാസിൽ തന്നെയാണെന്ന് കാണാം.

### വ്യക്തിഗത അനുഭവങ്ങൾ

2019 ൽ ബജറ്റ് അവതരണത്തിന് തൊട്ടു മുൻപായി വയനാട്ടിലെ കബനി നദിയുടെ തീരത്തു താമസിക്കുന്ന ആദിവാസികൾ ഉൾപ്പടെയുള്ള 480 പേർ ഒപ്പിട്ട ഒരു നിവേദനം അന്നത്തെ ധനമന്ത്രി ഡോ. തോമസ് ഐസക്കിന് എന്റെ നേതൃത്വത്തിൽ സമർപ്പിക്കുകയുണ്ടായി. കൂടൽ മുതൽ വയനാട്ടിലെ ഒരു പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ കുറുവ ദ്വീപ് വരെയുള്ള കബനി നദിയുടെ തീരങ്ങൾ നാശോന്മുഖമാണ്. റോഡുകൾ പൂർണ്ണമായും ഒലിച്ചു പോയി. നിരവധി വീടുകൾ തകർന്നു. ബജറ്റിൽ ഇതിനെക്കുറിച്ച് പ്രഖ്യാപനങ്ങൾ വാരിക്കോരി നൽകിയിരുന്നു. എന്നാൽ നാളിതു വരെ ഒന്നും നടന്നിട്ടില്ല. കവളപ്പാറ, പെട്ടിമുടി, പുത്തുമല തുടങ്ങിയ മലയിടിച്ചിൽ മൂലം തകർന്ന പല പ്രദേശങ്ങളും ഇന്നും ദുരവസ്ഥയിലാണ്.

### കടത്തിന്റെ നഖചിത്രം

2021-22 ലെ ബജറ്റിലെ കണക്കുകൾ പ്രകാരം 2020-21 വർഷത്തെ വായ്പ-ജി എസ് ഡി പി അനുപാതം 29.86 ശതമാനമാണ്. എന്നാൽ പുതുക്കിയ ബജറ്റിൽ ഇത് 36.11 ശതമാനമായി ഉയർന്നു. മഹാമാരിയുടെ സാഹചര്യത്തിൽ രണ്ടു ശതമാനം അധിക വായ്പയെടുക്കുന്നതിന് സംസ്ഥാനങ്ങൾക്ക് കേന്ദ്ര ധനമന്ത്രി അനുവാദം നൽകിയിരുന്നു. ഇതുകൂടി കണക്കിലെടുത്താൽ പോലും വായ്പ-ജി എസ് ഡി പി അനുപാതം 31 ശതമാനമെങ്കിലുമാകും. 2021-22 ലെ ബജറ്റിൽ ഇത് 37.39 ശതമാനമാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇത് ആശങ്കാജനകമായ കാര്യമാണ്. ഇതിനു പുറമെയാണ് ബജറ്റിന് പുറത്ത് കിഫ്ബി വായ്പയെടുക്കുന്നത്. 9.72 ശതമാനം മുതൽ താഴേക്കുള്ള നിരക്കുകളിൽ ഈ വായ്പകൾക്ക് പലിശ നൽകേണ്ടതുണ്ട്.

2020 ലെ സി എ ജി റിപ്പോർട്ട് അനുസരിച്ച് കേരളം എടുത്തിരിക്കുന്ന വായ്പകളിൽ 51.22 ശതമാനവും 2026 ൽ കാലാവധി പൂർത്തിയാക്കും. അപ്പോൾ കൊടുത്തു തീർക്കേണ്ടിവരുന്ന മൊത്തം തുക 81056.92 കോടി രൂപയാണ്. അതുകൊണ്ട് കടബാധ്യത നിയന്ത്രണ വിധേയമാക്കുന്നതിനും കടക്കെണിയിൽ വീഴാതിരിക്കുന്നതിനും നല്ല രീതിയിലുള്ള ശ്രദ്ധ അനിവാര്യമായ ഘട്ടമാണ് ഇത്.

### നിവാരണ മാർഗം

കടബാധ്യത നിയന്ത്രണ വിധേയമാക്കണമെന്ന് സർക്കാർ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അതിന് ആദ്യം വേണ്ടത് അധികമായി എടുക്കുന്ന വായ്പകൾ കുറയ്ക്കുക എന്നതാണ്. പകരം, സംസ്ഥാനത്തിന്റെ തനത് വരുമാനത്തെ കൂടുതലായി ആശ്രയിക്കുക എന്ന സമീപനം വേണം. ഒപ്പം തന്നെ അനാവശ്യമായ ചെലവുകൾ കർശനമായി നിയന്ത്രിക്കുകയും വേണം. സർക്കാർ ജീവനക്കാർക്ക് ഒരു കോട്ടവും വരാത്ത വിധത്തിൽ ശമ്പള പരിഷ്കരണം പത്തു വർഷത്തിൽ ഒരിക്കലാക്കണം. കേരളത്തിന്റെ നികുതി - ജി എസ് ഡി പി അനുപാതം ഏതാണ്ട് എട്ട് ശതമാനമാണ്. വികസിത രാജ്യങ്ങളിൽ ഇത് 30 ശതമാനത്തിന് മുകളിലാണ്. ഇത് 20 ശതമാനത്തിന് മുകളിലേക്ക് ഉയർത്തണം. 1956-57 - 1966-67 കാലഘട്ടത്തിൽ സംസ്ഥാനത്തിന്റെ തനത് വരുമാനത്തിന്റെ ഏകദേശം 33 ശതമാനം നികുതിയേതര വരുമാനമായിരുന്നു. ഇത് ഇപ്പോൾ 10 ശതമാനത്തിൽ താഴെയാണ്. നികുതിയേതര വരുമാനത്തിന് 36 പ്രധാന സ്രോതസുകളാണ് ഉള്ളത്. ഈ മാർഗ്ഗങ്ങളിലൂടെ വരുമാനം ഉയർത്തുന്നതിന് അടിയന്തിര നടപടികൾ ആവശ്യമാണ്. ഇതിനെ കുറിച്ച് മൂന്നാം കേരളം പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മറ്റി വിശദമായ പഠനം നടത്തിയിരുന്നു. ഇതിന്റെ ഫലമായി സംസ്ഥാനത്തിന്റെ തനത് വരുമാനത്തിൽ നികുതിയേതര വരുമാനത്തിന്റെ പങ്ക് ആറ് ശതമാനത്തിൽ നിന്ന് 13 ശതമാനമായി ഉയർന്നു. എന്നാൽ ഇത് പിന്നീട് 10 ശതമാനത്തിന് താഴേക്ക് ഇടിയുകയാണുണ്ടായത്.

### പാരിസ്ഥിതിക ധനനയം

പാരിസ്ഥിതികമായ ഒരു ധനനയം വരുമാന വളർച്ചയെ സഹായിക്കുന്ന ഒരു പ്രധാന ഘടകമാണ്. ചെലവ്-നേട്ട അവലോകനത്തെ അടിസ്ഥാനമാക്കിയുള്ള പാരിസ്ഥിതിക നികുതി സമ്പ്രദായം ഇന്ന് മിക്ക രാജ്യങ്ങളിലും നടപ്പിലായിട്ടുണ്ട്. 2001 ൽ വനത്തിൽ നിന്നുള്ള വരുമാനം നികുതിയേതര വരുമാനത്തിന്റെ 21 ശതമാനമായിരുന്നു. എന്നാൽ അടുത്തകാലത്തായി ഇത് ഏഴു ശതമാനത്തിന് താഴെയാണ്. വനം, ക്വാറി മാഫിയകൾക്ക് മേൽ പരിസ്ഥിതി നികുതി ചുമത്തേണ്ടത് അനിവാര്യമായ കാര്യമാണ്. ലോട്ടറിയിൽ നിന്നുള്ള വരുമാനം ലോട്ടറിയുടെ തന്നെ ഭരണ ചെലവുകൾക്കായി പോവുകയാണ്. ഇതിന് മാറ്റം വരുത്താൻ നടപടികൾ സ്വീകരിക്കണം.

### വൈജ്ഞാനിക ഹബ്

വൈജ്ഞാനിക ഹബ് എന്നത് ബഹുമുഖമായ ഒരു വികസന തന്ത്രമായി കാണാം. വൈദ്യുതി അധിഷ്ഠിതമായ വാഹനങ്ങളിലേക്ക് ലോകം ചുവട് മാറുകയാണ്. ഇതിനായി ലിഥിയം-അയേൺ ബാറ്ററികളുടെയും ഇലെക്ട്രോഡുകളുടെയും ആവശ്യം ഏറി വരികയാണ്. ഇപ്പോൾ ലിഥിയം-അയേൺ ബാറ്ററികളുടെയും ബാറ്ററി ഉല്പാദനത്തിന് ആവശ്യമായ കോബാൾട്ടിന്റെയും ഇറക്കുമതിക്കായി ചൈന, വിയറ്റ്നാം, ഹോങ്കോങ് തുടങ്ങിയ രാജ്യങ്ങളെയാണ് ആശ്രയിക്കുന്നത്. ലിഥിയത്തിന് ചികിത്സാ രംഗത്തും പാരിസ്ഥിതികമായ കാര്യങ്ങൾക്കും ആവശ്യമുണ്ട്. കേരളത്തിലെ സാങ്കേതിക സർവകലാശാലക്കും ഗവേഷണ കേന്ദ്രങ്ങൾക്കും ലിഥിയം, കൊബാൾട്ട് എന്നിവയുടെ ഉല്പാദന രംഗത്ത് ആവശ്യമായ പ്രോത്സാഹനം നല്കാൻ കഴിയുന്നതാണ് . വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും വ്യവസായ മേഖലയുടെ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനും പുതിയ പേറ്റന്റുകൾ നേടുന്നതിനും കഴിയുന്നതാണ്.

### സ്റ്റാർട്ട് അപ് ഇന്നവേഷൻ ഹബ്

ചക്ക, നാളികേരം, സുഗന്ധവ്യഞ്ജനങ്ങൾ

എന്നിവ പോലുള്ള നമ്മുടെ ജൈവ ഉൽപ്പന്നങ്ങൾ ലോകകമ്പോളത്തിൽ അംഗീകാരം നേടിയവയാണ്. ഇവ ഭക്ഷ്യസാധനങ്ങൾ എന്ന നിലയ്ക്ക് പുറമെ ജീവിത ശൈലീ രോഗങ്ങൾക്ക് ഉൾപ്പടെയുള്ള പ്രതിവിധിയായ ജൈവ ഔഷധങ്ങൾ കൂടിയാണ്. കോവിഡ് മഹാമാരിയുടെ ഘട്ടത്തിൽ ഇഞ്ചി അധിഷ്ഠിതമായ ഉത്പന്നങ്ങൾക്ക് അമേരിക്കയിൽ നിന്നും യൂറോപ്പിൽ നിന്നും ആവശ്യം വർധിച്ചത് ഒരു പ്രത്യേക പോയിന്റായി പരിഗണിക്കേണ്ട കാര്യമാണ്. ഇതിൽ നിന്നുമുള്ള നൂതന ഉത്പന്നങ്ങൾ യുവാക്കളുടെ താല്പര്യങ്ങൾക്ക് കൂടി ഉതകുന്ന വിധത്തിൽ അവതരിപ്പിക്കാവുന്നതാണ്. എഞ്ചിനീയറിങ് വിദ്യാർത്ഥികൾക്ക് വ്യവസായ സ്ഥാപനങ്ങളിൽ ഇന്റേൺഷിപ് നിർബന്ധമാക്കണം. അതിനുള്ള ചെലവ് സർക്കാർ വഹിക്കണം. കുടുംബശ്രീ, മൈക്രോ ധനസഹായ സ്ഥാപനങ്ങൾ എന്നിവയെ വിശ്വാസത്തിലെടുക്കണം. ഇവർ ഉല്പാദിപ്പിക്കുന്ന പരമ്പരാഗത ഉത്പന്നങ്ങൾ ഇന്ന് വിപണിയുടെ ശ്രദ്ധ പിടിച്ചു പറ്റിയിട്ടുണ്ട്. ആയുർവേദ മെഡിക്കൽ ടൂറിസമാണ് വികസന സാധ്യതയുള്ള മറ്റൊരു പ്രധാന മേഖല. പശ്ചിമ ഘട്ടത്തിലെ ഔഷധ സസ്യങ്ങളെക്കുറിച്ച് പഠിക്കുന്നതിനാവശ്യമായ വിധത്തിൽ ആയുർവേദത്തിൽ ഗവേഷണ പദ്ധതികൾ വിപുലപ്പെടുത്തേണ്ടതുണ്ട്. ഇത് ഉത്തരവാദിത്വ ടൂറിസവുമായി ബന്ധപ്പെടുത്തേണ്ടതുമാണ്. ആദ്യ ഘട്ടത്തിൽ ഇതിന്റെ ചെലവിന്റെ ഒരു ഭാഗം സർക്കാർ വഹിക്കണം. പിന്നീട് ഇത് അത്ഭുതങ്ങൾ സൃഷ്ടിക്കുന്നത് കാണാം.

**നിർമ്മിതബുദ്ധിയും മെഷിൻ ലേണിംഗും**

നിർമ്മിതബുദ്ധി, റൊബോട്ടിക്സ്, മെഷീൻ ലേണിങ് തുടങ്ങിയ ആധുനിക സാങ്കേതിക മാറ്റങ്ങൾക്ക് ഏറ്റവും വളക്കൂറുള്ള മണ്ണാണ് കേരളം. സാമ്പത്തികവും അക്കാദമികവുമായ പിന്തുണ ലഭ്യമായാൽ കേരളത്തിന് ഈ മേഖലകളിൽ ചൈനയെ പോലും കടത്തി വെട്ടാൻ കഴിഞ്ഞേക്കാം. ഇത്തരം മേഖലകളുടെ മസ്തിഷ്കം, ഡേറ്റ ആയതിനാൽ ഒരു ഡേറ്റ ഹബ് ഉണ്ടാക്കുക എന്നതാണ് ഏറ്റവും അടിയന്തിരമായി ചെയ്യേണ്ടത്.

**കെൽട്രോണും ലഘു ഇലക്ട്രോണിക്സും**

ഒന്നുകിൽ സാങ്കേതിക വിദ്യയുടെ ഒരു മുഖ്യകേന്ദ്രമായി മാറുക, അല്ലെങ്കിൽ പ്രവർത്തനം അവസാനിപ്പിക്കുക എന്നതരത്തിലാകണം കെൽട്രോണിന്റെ നിലപാട്. ഒരു പൊതുമേഖലാ സ്ഥാപനത്തെ നിലനിർത്തുക എന്ന ലക്ഷ്യത്തിന് മാത്രമായി ബജറ്റിൽ തുക വകയിരുത്തുന്നത് നികുതിദായകരോടുള്ള വെല്ലുവിളിയാണ്. ലഘു ഇലക്ട്രോണിക് ഉത്പന്നങ്ങളായ സെൻസർ, ക്യാമറ തുടങ്ങിയ സാധനങ്ങളുടെ ഉല്പാദനത്തിൽ മുൻനിര സ്ഥാപനമായി മാറാൻ കെൽട്രോണിന് കഴിയും. എൻജിനീയറിങ് വിദ്യാർത്ഥികളുടെ ഇന്റേൺഷിപ്പ് ഈ സ്ഥാപനവുമായി ബന്ധപ്പെടുത്തണം. സർക്കാർ സഹായത്തോടെ കെൽട്രോണിൽ ഒരു ഇൻക്യൂബേഷൻ ക്ലസ്റ്റർ ഹബ് ആരംഭിക്കാൻ കഴിയുന്നതാണ്.

**റീബിൽഡ് കുട്ടനാട്**

കുട്ടനാടും നെതർലാൻഡ്സും തമ്മിൽ ഭൗമശാസ്ത്രപരമായുള്ള സമാനതകൾ പരിശോധിക്കപ്പെടേണ്ട ഒരു കാര്യമാണ്. പദ്മശ്രീ ശങ്കർ, ആർ വി ജി മേനോൻ തുടങ്ങിയ പ്രഗത്ഭരുടെ നേതൃത്വത്തിൽ ഇതിനായി ഒരു സമിതിയെ നിയോഗിക്കാവുന്നതാണ്. അതിവേഗ റെയിൽ പാതക്ക് പകരം റീബിൽഡ് കുട്ടനാട് പദ്ധതിക്കാണ് മുൻഗണന നൽകേണ്ടത്. ഇതിന് മൂന്ന് പ്രധാന കാരണങ്ങളുണ്ട് : നിലവാരമുള്ള ജീവിതത്തിനായി അവിടത്തെ ജനങ്ങളുടെ പുനരധിവാസം, പരിസ്ഥിതിക്ക് സംഭവിച്ച കോട്ടങ്ങൾ പരിഹരിക്കൽ, കേരളത്തിന്റെ നെല്ലറ സംരക്ഷിക്കുക എന്നിവയാണ് ആ

മൂന്ന് കാര്യങ്ങൾ.

അതിവേഗ റെയിൽപാത സാമ്പത്തികമായി ജീവനക്ഷമമല്ലാത്തതും അസന്തുലിത വുമായ ഒരു പദ്ധതിയാണ്. പല രാജ്യങ്ങളും ഹൈപ്പർ ലൂപ്പ് രീതിയിലുള്ള ഗതാഗത സംവിധാനങ്ങളിലേക്ക് മാറുമ്പോൾ കേരള ത്തിന് അതിനൊപ്പം ചരിക്കാൻ കഴിയുമോ എന്നതാണ് കാതലായ പ്രശ്നം. അതിവേഗ റെയിൽപാത പൊതുവരുമാനത്തിന്മേൽ വരുത്തുന്ന ബാധ്യത വളരെ കനത്തതാണ്. പ്രകൃതിക്ക് വലിയ നാശത്തിനും അത് വഴിയൊരുക്കും. ഭക്ഷ്യ സാധനങ്ങളുടെ കാര്യത്തിൽ കമ്മി നേരിടുന്ന സംസ്ഥാ നമായ കേരളത്തിലെ ഹെക്ടർ കണക്കിന് പാടശേഖരങ്ങൾ ഇതിനായി ഏറ്റെടുക്കേ ണ്ടതായി വരും. സംസ്ഥാനത്തിന്റെ കടബാധ്യത വൻതോതിൽ ഉയരുന്നതിനും ഇത് ഇട വരുത്തും.

കേരളത്തിലെ ആദിവാസി ജനസാന്ദ്രത ഏറ്റവും ഉയർന്ന വയനാട് ജില്ലയിൽ ഒരു ട്രൈബൽ പഠന കേന്ദ്രം അനിവാര്യമായ ഒന്നാണ്. തിരുവനന്തപുരം കേന്ദ്രമാക്കി ഒരു കായിക സർവകലാശാലയും ആരംഭി ക്കണം. റീ ബിൽഡ് കേരള പദ്ധതി ഒരു സാഹചര്യത്തിലും ഇല്ലാതാകരുത്.

■

(മേരി ജോർജ്, പബ്ലിക്ക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ മുൻ ചെയർപേഴ്സൺ ആണ്)

# ബജറ്റും ചാക്രിക വിരുദ്ധ നിലപാടുകളും

**കെ രവിരാമൻ**

കോവിഡ് മഹാമാരി ഒരു പൊതുജനാരോഗ്യ പ്രതിസന്ധിയോ, അല്ലെങ്കിൽ പകർച്ച വ്യാധിയോ മാത്രമായി ചുരുക്കി കാണാൻ കഴിയുന്ന ഒന്നല്ല. കടുത്ത ഒരു സാമ്പത്തിക പ്രതിസന്ധി കൂടിയാണ് ഇത്. ഇതിനു ധാർമിക സാമ്പത്തിക പരിഹാര മാർഗ്ഗങ്ങൾ അവശ്യം വേണ്ടതാണ്. ധന മന്ത്രി കെ. എൻ ബാലഗോപാൽ അവതരിപ്പിച്ച പുതുക്കിയ ബജറ്റിലും 2021 ജനുവരിയിൽ ഡോ. തോമസ് ഐസക് അവതരിപ്പിച്ച ബജറ്റിലും ഇക്കാര്യത്തിൽ നല്ല സമീപനങ്ങൾ സ്വീകരിച്ചതായി കാണാം. എന്നാൽ ധാർമികതയിൽ ഊന്നിയ പരിഹാര മാർഗ്ഗങ്ങൾ ഇപ്പോഴും സ്വീകരിച്ചിട്ടുണ്ട് എന്ന് പറയാൻ കഴിയില്ല. രണ്ടു ബജറ്റുകളും കോവിഡിന്റെ രണ്ടു ഘട്ടങ്ങളുടെയും പ്രതികൂല സാഹചര്യത്തെ മികച്ച രീതിയിൽ നേരിടുന്നുണ്ട്. സപ്ലൈയിലും ഡിമാൻഡിലും സംഭവിച്ച ഇടിവ് തീർച്ചയായും പുതിയ നികുതികൾക്കുള്ള സാധ്യതകളെ പൂർണ്ണമായും അടയ്ക്കുന്നു. എന്നാൽ സർക്കാർ ഭരണകാര്യങ്ങളിൽ ജനാധിപത്യപരമായ സമീപനം സ്വീകരിക്കുമ്പോൾ, പൊതുചെലവുകൾ ഉയർത്തേണ്ട സാഹചര്യവുമുണ്ട്. (ഉമ്മൻ 2021, ചക്രവർത്തി പി, അനിതകുമാരി 2021). ലോകത്തെ പല സമ്പദ്ഘടനകളും ആരോഗ്യ പ്രതിസന്ധി മൂലം കിതക്കുകയും ജനാധിപത്യ സ്ഥാപനങ്ങൾ അപകടത്തിലാവുകയും ചെയ്യുമ്പോൾ ഇത് അനിവാര്യമാണ്. എന്നാൽ സാമ്പത്തിക പ്രശ്നങ്ങളുടെ നടുക്കടലിൽ ആയിരിക്കുമ്പോഴും സംസ്ഥാന സർക്കാർ സാമൂഹ്യ സുരക്ഷാ പദ്ധതികളിൽ നിന്ന് പിൻവാങ്ങുന്നില്ലെന്ന് മാത്രമല്ല, ജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് മുന്തിയ പരിഗണന നൽകുകയും ചെയ്യുന്നു. മൊത്തത്തിൽ ഡിമാൻഡ് കുറവായിരിക്കുന്ന സാഹചര്യത്തിൽ നികുതികൾ അടിച്ചേല്പിക്കുന്നത് തിരിച്ചടിയാകുമെന്ന് മനസിലാക്കുന്ന ബജറ്റ് അതിനുവേണ്ടി ശ്രമിക്കുന്നില്ല. എന്നാൽ നികുതി പിരിവിന്റെ സാധ്യത പൂർണ്ണമായും ഇല്ലാതായെന്ന് പറയാനും കഴിയില്ല.

20000 കോടി രൂപയുടെ രണ്ടാം സാമ്പത്തിക പാക്കേജ് സർക്കാർ പ്രഖ്യാപിക്കുകയുണ്ടായി. ഇന്ത്യയിൽ തന്നെ ഇത്തരത്തിലുള്ള ഒരു പ്രഥമ പാക്കേജാണ് ഇത്. ഇതുവഴി ബുദ്ധിമുട്ടുകൾ നേരിടുന്ന സാമൂഹ്യ വിഭാഗങ്ങളോടുള്ള പ്രതിബദ്ധത ആവർത്തിച്ചുറപ്പിക്കുകയാണ് സർക്കാർ ചെയ്തിരിക്കുന്നത്. ആരോഗ്യ മേഖലക്ക് തന്നെയാണ് ഇക്കാര്യത്തിൽ 2800 കോടി രൂപ മാറ്റി വച്ചുകൊണ്ട് ഒന്നാമത്തെ പരിഗണന നല്കിയിരിയ്ക്കുന്നത്. രണ്ടാമതായി ജനങ്ങളുടെ ജീവസന്ധാരണ മാർഗങ്ങൾക്കും ക്ഷേമ പദ്ധതികൾക്കുമായി 8900 കോടിയും വകയിരുത്തിയിരിക്കുന്നു. തീരമേഖലയുടെ വികസനത്തിനും സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനും തോട്ടം മേഖലയുടെ വൈവിധ്യവത്കരണത്തിനും കന്നുകാലി

സംരക്ഷണത്തിനും വായ്പ, പലിശ ഇനങ്ങളിലായുള്ള സബ്സിഡികൾക്കായും 8300 കോടിയും മാറ്റിവയ്ക്കപ്പെട്ടിട്ടുണ്ട്. നിർദിഷ്ട സാമ്പത്തിക ഉത്തേജന വായ്പാ പദ്ധതി തീർച്ചയായും പ്രതീക്ഷയുണർത്തുന്ന ഒരു പദ്ധതിയായി കാണാം. കാരണം, നിലവിലുള്ള റീഫിനാൻസിംഗ് പദ്ധതികളുടെ സാദ്ധ്യതകൾ മികച്ച രീതിയിൽ ഇത് പ്രയോജനപ്പെടുത്തുന്നു എന്നതാണ്; പ്രത്യേകിച്ച് കോ ഓപ്പറേറ്റീവ് ഇനിഷ്യേറ്റീവ് ഫോർ അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ. വിള വായ്പ രീതിയിൽ നിന്നും മൽസ്യം, മാംസം, പാലുൽപ്പന്നങ്ങളും, പഴം, പച്ചക്കറികൾ തുടങ്ങിയവയുടെ സംസ്കരണം അടക്കമുള്ള നിക്ഷേപാധിഷ്ഠിത വായ്പകളിലേക്ക് ചുവട് മാറുന്നു എന്നതാണ് ഇതിന്റെ സവിശേഷത. കർഷകരുടെ വരുമാനം ഉയർത്താൻ ഇത് സഹായിക്കുന്നുവെന്ന് മാത്രമല്ല, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ഒപ്പം ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുകയും ചെയ്യുന്നു. ആവശ്യത്തിന് ഫണ്ട് ലഭ്യമല്ലാത്ത മേഖലകളിൽ കുറഞ്ഞ ചെലവിൽ വായ്പ ലഭ്യമാക്കുക എന്നതാണ് ഇതിന്റെ പ്രധാന ദൗത്യം. ഇതിനായി കേരള ബാങ്ക് നബാർഡുമായി സഹകരിച്ചു പ്രവർത്തിക്കും.

ഇതിനുപുറമെ, തൊഴിൽ സംരംഭങ്ങൾ, കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ എന്നിവ വഴിയായി കുറഞ്ഞ പലിശ നിരക്കിൽ ഫണ്ട് ലഭ്യമാക്കുകയും ചെയ്യും. 100 കോടി രൂപയുടെ കോർപ്പസ് പ്രയോജനപ്പെടുത്തി തുടക്കമിടുന്ന വെൻചർ കാപിറ്റൽ ഫണ്ട് ചെറുകിട സംഭരംഭങ്ങളുടെയും സ്റ്റാർട്ട് അപ്പുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യവുമായുള്ളതാണ്. കിഫ്ബിയുടെ സഹായത്തോടെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ വികാസം വഴിയും ഡിജിറ്റൽ ഇന്നവേഷൻ, നൈപുണ്യ വികസനം തുടങ്ങിയ പദ്ധതികൾ വഴിയായും ഒരു വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥ ഒരുങ്ങുകയാണ്. ഈ മാറ്റത്തിൽ കിഫ് ബി നിർണ്ണായകമായ പങ്കാണ് വഹിക്കുന്നത്.

മൂന്ന് തട്ടുകളിലായുള്ള; സാങ്കേതികം (റോഡുകൾ, പാലങ്ങൾ, കനാലുകൾ മുതലായവ), സാമൂഹ്യ അടിസ്ഥാന സൗകര്യങ്ങൾ (സ്കൂളുകൾ, നൈപുണ്യ വികസന കേന്ദ്രങ്ങൾ, തുടങ്ങിയവ), സാമ്പത്തികം (കിഫ്ബി, പൊതു-സ്വകാര്യ പങ്കാളിത്തം, ധനസമാഹരണത്തിനുള്ള മറ്റു മാർഗ്ഗങ്ങൾ), അടിസ്ഥാനസൗകര്യ വികസനത്തിനായുള്ള പദ്ധതികൾ സംസ്ഥാനത്തിന്റെ നിരന്തരമുള്ള വികസന പ്രക്രിയയുടെ ആസൂത്രിത വശം വ്യക്തമാക്കുന്നതാണ്. ഉയർന്ന പലിശ നിരക്കുകളിൽ കേരളം വലിയ തോതിൽ വായ്പയെടുക്കുകയാണെന്നും ഇത്തരം വായ്പകൾ സംസ്ഥാനത്തിന് താങ്ങാനാകാത്തതാണെന്നുമുള്ള വിമർശനങ്ങൾ ഉയരുന്നുണ്ട്. എന്നാൽ കേരളത്തിന്റെ വായ്പാ-ജി ഡി പി അനുപാതം പരിശോധിച്ചാൽ കോൺഗ്രസ്സ് ഭരിക്കുന്ന പഞ്ചാബ് (40.3 ശതമാനം) , ബി ജെ പി ഭരിക്കുന്ന ഉത്തർപ്രദേശ് (34 ശതമാനം) എന്നിവയെക്കാൾ താഴെയാണെന്ന് കാണാം. വായ്പ വല്ലാതെ കുമിഞ്ഞ് കൂടുന്നില്ലെങ്കിൽ കേരളം പോലുള്ള ഒരു സമ്പദ്‌വ്യവസ്ഥക്ക് കാര്യങ്ങൾ ക്രമീകരിക്കാൻ കഴിയുമെന്നത് രണ്ടാമത്തെ കാര്യം. ഇതിനു പുറമെ, കേരളം ഇത്തരം ഫണ്ടുകൾ അടിസ്ഥാന സൗകര്യ വികസനത്തിനായി മാത്രം പ്രയോജനപ്പെടുത്തുന്നു എന്നത് മൂന്നാമത്തെ പ്രധാന കാര്യം. ഇത് സാമൂഹ്യ വികസനത്തിന്റെ നിലവാരം ഉയർത്തുന്നു. (ജോസഫ്, കുമാർ-2020).

പതിനഞ്ചാം ധനകാര്യ കമ്മീഷനിൽ നിന്നുള്ള ഗ്രാന്റുകളുടെ കാര്യത്തിൽ പുതിയ ധനമന്ത്രി ഭാഗ്യവാനാണെന്ന് കരുതാം. നടപ്പ് വർഷത്തിൽ 19891 കോടി രൂപയും അടുത്ത വർഷം 13174 കോടി രൂപയും ഈയിനത്തിൽ ലഭ്യമാകും. ഇതോടൊപ്പം ആരോഗ്യ മേഖലക്കും കോവിഡ് സുരക്ഷ ഉപാധികൾക്കും

ലഭ്യമാകുന്ന സഹായവും എഫ് ആർ ബി എം നിയമങ്ങളുടെ പരിധിയിൽ നിന്നുകൊണ്ടുള്ള അധിക വായ്പാ സൗകര്യവും ചേർത്ത് വയ്ക്കുമ്പോൾ സംസ്ഥാനത്തിന്റെ ധനസ്ഥിതിയും വികസന പ്രവർത്തനങ്ങളും ഏറെക്കുറെ നിയന്ത്രണത്തിൽ കൊണ്ടു വരാൻ കഴിയുമെന്ന് കരുതാം. എന്നാൽ അടുത്ത രണ്ടു വർഷത്തിൽ സംസ്ഥാനത്തിന്റെ ഉല്പാദനക്ഷമത എത്ര കണ്ട് ഉയർത്താൻ കഴിയും എന്നതും ഇക്കാര്യത്തിൽ തുല്യ പ്രാധാന്യമുള്ള കാര്യമാണ്. 4500 കോടി രൂപയുടെ ജി എസ് ടി നഷ്ടപരിഹാരത്തിന് സംസ്ഥാനത്തിന് അർഹതയുണ്ട്. ഇതൊക്കെയാണെങ്കിലും പുതിയ നികുതി വരുമാന സാദ്ധ്യതകൾ ആരായേണ്ടതുണ്ട്. നികുതി പിരിവിലെ കാര്യക്ഷമത ഉയർത്തി നികുതി വരുമാനം വർധിപ്പിക്കേണ്ടതും ആവശ്യമായ കാര്യമാണ്.

കോവിഡ് മഹാമാരിയുടെ ആഘാതം മൂലം പല സംസ്ഥാന സർക്കാരുകളുടെയും നികുതി വരുമാനം മുൻപെങ്ങുമില്ലാത്ത വിധത്തിൽ ഇടിവിലാണ്. പല സംസ്ഥാനങ്ങളും വികസന പ്രവർത്തനങ്ങൾക്കായുള്ള ചെലവുകൾ വെട്ടികുറിച്ചിരിക്കുകയാണ്. മഹാരാഷ്ട്രയിൽ വികസന രംഗത്തെ മുതൽമുടക്ക് 67 ശതമാനം കണ്ട് കുറച്ചിട്ടുണ്ട്. കാർഷിക വായ്പകൾക്കുള്ള ആശ്വാസ നടപടികൾ നിർത്തി വച്ചിരിക്കുന്നതിനൊപ്പം വകുപ്പുകളുടെ ചെലവുകളിൽ 25 ശതമാനം കുറവ് വരുത്തുകയും ചെയ്തിരിക്കുന്നു. ഇത്തരത്തിലുള്ള കുറവ് ഡിമാൻഡ് പ്രതിസന്ധിയെ കൂടുതൽ രൂക്ഷമാക്കും എന്നതാണ് യാഥാർഥ്യം. എന്നാൽ കേരളത്തിന് സാമൂഹ്യ സുരക്ഷാ സംവിധാനം വിപുലപ്പെടുത്താൻ കഴിഞ്ഞെന്ന് മാത്രമല്ല അടിസ്ഥാന സൗകര്യ വികസന രംഗത്ത് കൂടുതൽ മുതൽ മുടക്കാനും സാധിച്ചു. പ്രതികൂല സാഹചര്യങ്ങളിൽ ചെലവുകൾ ചുരുക്കുക എന്നത് മികച്ച ഫലം ഉണ്ടാക്കുന്ന കാര്യത്തിൽ വിപരീതമായ അനുഭവം ഉളവാക്കും. ലാറ്റിൻ അമേരിക്കൻ രാജ്യങ്ങൾക്കും കിഴക്കനേഷ്യൻ രാജ്യങ്ങൾക്കും ഐ എം എഫ് നിർദേശിച്ച നയങ്ങൾ ഈ അനുഭവമാണ് ഉളവാക്കിയത്.

കോവിഡ് മഹാമാരി സാമ്പത്തിക മേഖലക്ക് ഭീഷണിയായി നിലനിൽക്കുന്ന സാഹചര്യത്തിൽ ബജറ്റിൽ പ്രതീക്ഷിച്ചിരുന്നതിനേക്കാൾ മോശമായ വിധത്തിലേക്ക് വളർച്ചാ നിരക്കും വരുമാനവും കുറയുന്നതിനുള്ള സാധ്യതകൂടി കണക്കിലെടുക്കേണ്ടതുണ്ട്. ജി എസ് ഡി പിയിൽ 3.82 ശതമാനം ഇടിവുണ്ടാകുമെന്നും സംസ്ഥാന വരുമാനത്തിൽ 18.77 ശതമാനം ഇടിവുണ്ടാകുമെന്നുമാണ് ബജറ്റ് പ്രതീക്ഷിക്കുന്നത്. 2021 മാർച്ച് മാസത്തിലെ കണക്കുകൾ പ്രകാരമാണ് ഇത്. എന്നാൽ ഏപ്രിലോടെ കോവിഡിന്റെ രണ്ടാം തരംഗം ഉച്ചസ്ഥായിയിലായി. അതുകൊണ്ട് സാമ്പത്തിക തകർച്ച കൂടുതൽ രൂക്ഷമാകുമെന്നും എഫ് ആർ ബി എം നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് കൂടുതൽ വായ്പയെടുക്കുന്നതിലേക്ക് സംസ്ഥാനം പോകേണ്ട സാഹചര്യം വന്നു ചേരാനുമിടയുണ്ട്. രണ്ടാം തരംഗം രൂക്ഷമായതോടെ ഡിമാൻഡിലും സപ്ലൈയിലുമുള്ള ഇടിവ് കൂടുതൽ രൂക്ഷമാവുകയും ചെയ്യും. ഈ സാഹചര്യത്തിൽ പുതിയ നികുതി ഏർപ്പെടുത്താൻ കഴിയില്ല, കാരണം അത് സ്ഥിതി കൂടുതൽ സങ്കീർണ്ണമാക്കും. എന്നാൽ വരുമാനം ഉയർത്തുന്നതിനുള്ള സകല വഴികളും അടഞ്ഞു എന്ന് ഇതിനർത്ഥമില്ല. കോവിഡിന് ശേഷം സംസ്ഥാനം ശക്തമായ നികുതി പരിഷ്കരണ നടപടികളിലേക്ക് കടക്കേണ്ടതുണ്ട്. സാമ്പത്തികമായ പരിണാമത്തിന് അനുഗുണമാകുന്ന വിധത്തിലുള്ള നികുതി പരിഷ്കരണമാണ് ഉണ്ടാകേണ്ടത്. സാമ്പത്തിക സ്ഥിതി നല്ല നിലയിലേക്ക് എത്തുന്ന കാലത്തോളം നികുതി പരിഷ്കരണം നീട്ടികൊണ്ട് പോകുന്നത് നല്ല സാമ്പത്തിക ശാസ്ത്ര

ത്തിന് ഉദാഹരണമല്ല.

കേരളത്തെ പോലെ ഉയർന്ന കമ്മി ഇല്ലാത്ത ചില സംസ്ഥാനങ്ങൾ, തങ്ങൾക്ക് ഉയർന്ന തോതിലുള്ള വരുമാന മിച്ചമുണ്ട് എന്ന് വാദിക്കാറുണ്ട്. എന്നാൽ കേന്ദ്രവിഹിതം ഉയരുന്നതാണ് ഇതിന് പിന്നിൽ എന്ന വസ്തുത ഇവർ സൗകര്യപൂർവം വിസ്മരിക്കുന്നു. ബീഹാർ, യു പി , ഒഡിഷ തുടങ്ങിയ ചില സംസ്ഥാനങ്ങളിൽ സാമൂഹ്യ വികസന രംഗത്ത് കാര്യമായ ഫണ്ട് വിനിയോഗം നടക്കാതിരിക്കുന്നതാണ് ഇതിന് കാരണം. എന്നാൽ ഇത്തരത്തിൽ സാമൂഹ്യ വികസന പദ്ധതികളിൽ പണം ചെലവഴിക്കാതെ കേരളം മാറി നിൽക്കുന്നില്ല. സംസ്ഥാനത്തിന്റെ ജനാധിപത്യ കേന്ദ്രീകൃതമായ വികസനം സർക്കാർ ചെലവുകൾ ഉയർത്തുന്നത് അനിവാര്യമാക്കുന്നു. ഇതിനർത്ഥം പുതിയ നികുതി സ്രോതസുകൾ പൂർണ്ണമായും ഇല്ലാതായി എന്നല്ല. 2015-16 മുതൽ 2020-21 വരെയുള്ള കാലയളവിൽ ദേശീയ തലത്തിലെ ശരാശരി നികുതി-ജി എസ് ഡി പി അനുപാതം 6.3 ശതമാനമായിരുന്നെങ്കിൽ കേരളത്തിൽ അത് 6.4 ശതമാനമാണ്. മറ്റു പല രാജ്യങ്ങളെയും അപേക്ഷിച്ച് ഇത് വളരെ കുറവാണ്. അതുകൊണ്ട് നികുതി-ജി എസ് ഡി പി അനുപാതം ഉയർത്തുന്നതിന് നല്ല സാധ്യതയുണ്ട്.

**പുതിയ വരുമാന മാർഗ്ഗങ്ങൾ**

തന്റെ കന്നി ബജറ്റിൽ കെ എൻ ബാലഗോപാൽ ഇങ്ങനെ പറയുന്നു:'വ്യവസായികളെയും വ്യാപാരികളെയും ഭയപ്പെടുത്തുന്നതിലോ അവരുടെ മേൽ സമ്മർദ്ദം ചെലുത്തുന്നതിലോ ഞങ്ങൾ വിശ്വസിക്കുന്നില്ല'. എന്നാൽ റവന്യു കുടിശ്ശികയുടെ കാര്യത്തിൽ സി എ ജി യുടെ റിപ്പോർട്ടിനെ അവഗണിക്കാൻ സർക്കാരിന് കഴിയില്ല. സംസ്ഥാന റവന്യു വരുമാനത്തിന്റെ 22 ശതമാനം വരുന്ന 20146.39 കോടി രൂപ ഇങ്ങനെ കുടിശ്ശികയായി ലഭിക്കാനുണ്ട്. ഇതിൽ 5765.84 കോടി രൂപ കഴിഞ്ഞ അഞ്ചുവർഷത്തിലേറെയായി ഉള്ളതാണ്. കേരളത്തിൽ നികുതി പിരിവിന്റെ കാര്യത്തിൽ സമ്മർദ്ദം കാര്യമായി ഇല്ല എന്നാണ് ഇത് കാണിക്കുന്നത്. കെട്ടിട നികുതി പോലുള്ള കാര്യങ്ങളിൽ എടുത്ത ചില നടപടികൾ അഭിനന്ദിക്കപ്പെടേണ്ടതാണ്. എന്നിരുന്നാലും മിക്ക രംഗങ്ങളിലും നികുതി കുടിശിക പിരിച്ചെടുക്കുന്ന കാര്യത്തിൽ കൂടുതൽ ജാഗ്രത കാണിക്കേണ്ടതുണ്ട്. എല്ലാവരും അവരുടെ നികുതികൾ പൂർണ്ണമായും അടയ്ക്കാൻ തയാറായാൽ സാമ്പത്തിക രംഗത്തെ നമ്മുടെ സമ്മർദ്ദം അനായാസം മറികടക്കാൻ കഴിയും എന്ന ഉപദേശ രൂപേണയുള്ള ബജറ്റ് പരാമർശം പോസിറ്റീവായ ഒരു കാര്യമാണ്. സാമ്പത്തിക രംഗം തിരിച്ചുവരവിന്റെ പാതയിലായാൽ നികുതി-നികുതിയേതര വരുമാനം ഉയർത്തുന്നതിനുള്ള ശക്തമായ നടപടികൾ ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞുവയ്ക്കുന്നു. ഇത് പ്രോത്സാഹനജനകമായ കാര്യമാണ്. ധനകാര്യ രംഗത്തെ ഇന്നുള്ള സമ്മർദ്ദം മറികടക്കുന്നതിന് ക്രിയാത്മകമായ പുതിയ നിർദേശങ്ങൾ ഉയർന്നുവരേണ്ടതുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ, പാട്ട നിരക്കുകൾ ഉയർത്തുക തുടങ്ങിയ പരമ്പരാഗത രീതികൾ ശക്തമായി തന്നെ നടപ്പാക്കേണ്ടതുണ്ട്. എന്നാൽ പുതിയ സാഹചര്യത്തിൽ ഇത് മാത്രം മതിയാവുകയില്ല. നിലവിലുള്ള നികുതി നിരക്കുകൾ ഉയർത്തുകയും പുതിയ വരുമാന മാർഗ്ഗങ്ങൾ ആരായുകയും ചെയേണ്ടതുണ്ട്.

അത്തരത്തിലുള്ള ഏതാനും സാദ്ധ്യതകൾ ചൂണ്ടിക്കാണിക്കുന്നത് പ്രസക്തമായിരിക്കുമെന്ന് കരുതുന്നു. 1. വസ്തു നികുതിയും ഒഴിഞ്ഞു കിടക്കുന്ന ഫ്ളാറ്റുകൾക്കും വീടുകൾക്കുമുള്ള നികുതി. 2. ഡിജിറ്റൽ സ്റ്റേറ്റ് സെസ്സ് / ഡിജിറ്റൽ സംസ്ഥാന നികുതി. 3. പാരമ്പര്യ സ്വത്തുക്കൾക്കുള്ള നികുതി.

1. വസ്തു നികുതി, ഒഴിഞ്ഞു കിടക്കുന്ന ഫ്ളാറ്റുകൾക്കും വീടുകൾക്കുമുള്ള നികുതി

ഇന്ത്യയിൽ വസ്തു നികുതി ജി ഡി പിയുടെ 0.2 ശതമാനം മാത്രമാണ്. വികസിത രാജ്യങ്ങളിൽ ഇത് 3 ശതമാനമാണ്. കേരളത്തിലെ ഉയർന്ന ഭൂമി വിലയും നിലവാരമുള്ള വീടുകളുടെ ആധിക്യവും മൂലം വസ്തു നികുതി ഉയർത്തുന്നതിന് സാദ്ധ്യതകൾ ധാരാളമുണ്ട്. കേരള പോസ്റ്റ് ഡിസാസ്റ്റർ നീഡ്സ് അസ്സസ്മെന്റ് (പി ഡി എൻ എ 2018, രാമൻ 2020) നൽകിയ നിർദേശങ്ങൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയായി ഒഴിഞ്ഞു കിടക്കുന്ന വീടുകൾക്ക് നികുതി ചുമത്താവുന്നതാണ്. ഇത്തരത്തിൽ 12 ലക്ഷം ഫ്ളാറ്റുകളും വീടുകളുമാണ് കേരളത്തിൽ ഒഴിഞ്ഞു കിടക്കുന്നത്. ഒരു ചതുരശ്ര അടിക്ക് രണ്ടു രൂപ നിരക്കിൽ നികുതി ചുമത്തിയാൽ ഏതാണ്ട് 220 കോടി രൂപ സമാഹരിക്കാൻ കഴിയും. ഇതിന് മൂന്ന് പ്രധാന നേട്ടങ്ങളുണ്ട്. സംസ്ഥാനത്തിന്റെ, പ്രത്യേകിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനം ഉയർത്തുന്നു എന്നതാണ് ഇതിൽ ആദ്യത്തേത്. 12 ലക്ഷം വീടുകൾ കൂടി വാടകക്ക് കൊടുക്കുന്നതിനായി ലഭ്യമാവുകയും ചെയ്യും. ഇത് ഐ ടി മേഖലയിലെ ജീവനക്കാർക്കും അതിഥി തൊഴിലാളി കൾക്കും നേട്ടമുണ്ടാക്കുന്ന ഒരു കാര്യമാണ്. ഊഹക്കച്ചവടത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന വിധത്തിൽ ആഡംബര വസതികൾ പണിഞ്ഞ് നടത്തുന്ന പ്രകൃതി വിഭവങ്ങളുടെ അനിയന്ത്രിതമായ ചൂഷണത്തിന് ഒരു പരിധി വരെ തടയിടാനും ഇതുവഴി കഴിയും.

2. സംസ്ഥാന ഡിജിറ്റൽ സെസ്സ്/ സംസ്ഥാന ഡിജിറ്റൽ നികുതി (ഡി എസ് സി / ഡി എസ് ടി)

സാമ്പത്തിക രംഗത്തിന്റെയും സമൂഹത്തിന്റെയും നിർണ്ണായകമായ നിയാമക ശക്തി എന്ന നിലയിൽ സാങ്കേതിക പരിണാമം സംഭവിക്കുകയും ഒരു ഡിജിറ്റൽ സമ്പദ്വ്യവസ്ഥയായി നാം മാറുകയുമാണ്. പൊതുജനങ്ങളുടെ ചെലവുകൾ കുറയ്ക്കുന്ന വിധത്തിൽ ഇ- ഗവണ്മെന്റ് വഴിയായി കൂടുതൽ സേവനങ്ങൾ നൽകുന്നതിന് സർക്കാർ മുൻഗണന നൽകേണ്ടതുണ്ട്. ഇവിടെ ഇത്തരം സേവനങ്ങൾ ലഭ്യമാവുകവഴി ജനങ്ങൾക്ക് പണവും സമയവും ലാഭിക്കാൻ കഴിയുന്നുണ്ട്. അതുകൊണ്ട് ആനുപാതികമായി ഇതിന് നികുതി ചുമത്താവുന്നതാണ്. ഇത് ഡിജിറ്റൽ ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നുവെന്ന് മാത്രമല്ല, സംസ്ഥാനത്തിന്റെ ഉത്പാദനക്ഷമത മൊത്തത്തിൽ വർധിപ്പിക്കുകയും ചെയ്യുന്നു.

നികുതി പിരിവിനുള്ള സമ്മർദ്ദങ്ങൾ കുറയ്ക്കുന്നതിന് പുറമെ, ഇത് തട്ടിപ്പുകളുടെ സാധ്യത ഗണ്യമായി കുറയ്ക്കുകയും ചെയ്യുന്നു. സർക്കാരിനെ സംബന്ധിച്ചിടത്തോളം നേട്ടത്തിനുള്ള ലക്ഷ്യങ്ങൾ ക്രമീകരിക്കുവാനും സുതാര്യത ഉറപ്പ് വരുത്തുന്നതിനും ഇത് സഹായകമാകുന്നു. മറ്റൊരു പ്രധാന നേട്ടം കൂടി ഇതിനുണ്ട്; കേരളത്തെ പോലെ സേവന മേഖല അതിവേഗം വികസിക്കുന്ന മറ്റൊരു സംസ്ഥാനം ഇന്ത്യയിലില്ല. ഒരു ഡിജിറ്റൽ മാറ്റത്തിനായി കേരളം ഒരുങ്ങിക്കഴിഞ്ഞു; പ്രത്യേകിച്ച് വിദ്യാഭ്യാസം, ആരോഗ്യം, ഭരണകാര്യങ്ങൾ തുടങ്ങിയ മേഖലകളിൽ. ഇടപാടുകൾ നടത്തുന്നതിനുള്ള ചെലവുകൾ നല്ല തോതിൽ ഇതെല്ലാം മൂലം കുറയുന്നുണ്ട്. അതുകൊണ്ട് ഇതിന്റെ ഒരു ഭാഗം പൊതുസമൂഹത്തിന്റെ ആവശ്യങ്ങൾക്കായി സമാഹരിക്കുന്നതിനെ തീർച്ചയായും ന്യായീകരിക്കാൻ കഴിയുന്നതാണ്.

ഈ തലത്തിലാണ് ഡി.എസ്.ടി ഏർപ്പെടുത്താൻ കഴിയുക. മാത്രവുമല്ല, സംസ്ഥാനത്തിന്റെ 'ബഹുമുഖ കത്രികപ്പൂട്ട്' ഇത് അനിവാര്യമാക്കുന്നുമുണ്ട്. ജി എസ് ടി യിൽ

നിന്ന് വ്യത്യസ്തമായി ഡി എസ് ടീയുടെ കാര്യത്തിൽ സംസ്ഥാനത്തിന് തനതായി തീരുമാനമെടുക്കാൻ കഴിയുമെന്ന സൗകര്യം കൂടിയുണ്ട്. അതല്ലെങ്കിൽ കേരളം ബഹുമുഖ കത്രികപ്പൂട്ടിൽ വീഴുന്നതിനുള്ള സാദ്ധ്യതകൾ കൂടുതലാണ്. ഇതിൽ നിന്നുള്ള അധിക വരുമാനം കെ - ഫോൺ പോലുള്ള പദ്ധതിയിലും പിന്നോക്കം നിൽക്കുന്നവർക്ക് സൗജന്യ കമ്പ്യൂട്ടർ അടക്കമുള്ള സൗകര്യങ്ങൾ നൽകുന്നതിനും വിനിയോഗിക്കാൻ കഴിയുകയും ചെയ്യും. സർക്കാരിന്റെ കമ്മി ഉയർത്തുന്ന തരത്തിലുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികൾ ഉണ്ടാക്കുന്ന സാമ്പത്തിക സമ്മർദത്തെ മറി കടക്കാനും ഇത് സഹായകമാണ്.

3. പരമ്പരാഗത സ്വത്ത് നികുതി

1985 ലാണ് ഇന്ത്യയിൽ ആദ്യമായി സ്വത്തുക്കൾ അനന്തര തലമുറയ്ക്ക് കൈമാറുമ്പോൾ സ്വത്ത് നികുതി (എസ്റ്റേറ്റ് നികുതി എന്നും ഇത് അറിയപ്പെടുന്നു) നൽകുന്നതിനുള്ള നിയമം നിലവിൽ വന്നത്. 2015 വരെ ഇത് നിലനിന്നിരുന്നു. സാമ്പത്തിക മേഖലയിലെ അസമത്വം പരിഹരിക്കുന്നതിന്, പ്രത്യേകിച്ച് കേരളം പോലുള്ള ഒരു സംസ്ഥാനത്ത്, ഇത് വീണ്ടും നടപ്പാക്കേണ്ടത് ഒരു ആവശ്യമാണ്. സംസ്ഥാനങ്ങൾ സ്വന്തം നിലയിൽ സ്വത്ത് നികുതി ഏർപ്പെടുത്തുകയും വേണം.

കോവിഡിന് ശേഷമുള്ള നികുതി പരിഷ്കരണത്തിന് ഒരു വിദഗ്ധ സമിതി രൂപീകരിക്കേണ്ടതുണ്ട്. സംസ്ഥാനത്തിന്റെ വരുമാന സ്രോതസുകൾ വിപുലപ്പെടുത്തി ജങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിന് ഇത് അനിവാര്യമാണ്.

■

(കെ രവിരാമൻ, സംസ്ഥാന ആസൂത്രണ ബോർഡ് അംഗമാണ്)

# മേഖല തിരിച്ചുള്ള ഊന്നൽ

ആരോഗ്യം

# ആരോഗ്യ മേഖലയിൽ ദീർഘ വീക്ഷണമുള്ള ബജറ്റ്

ബി ഇക്ബാൽ

അസാധാരണ സന്ദർഭത്തിലെ അസാധാരണ ബജറ്റ് എന്നാണ് ഈ ബജറ്റിനെ വിശേഷിപ്പിക്കേണ്ടത്. സാധാരണ സാഹചര്യങ്ങളിൽ അവതരിപ്പിക്കപ്പെടുന്ന രീതിയിലുള്ള ഒരു ബജറ്റല്ല ഇത്. അസാധാരണമായ സാഹചര്യങ്ങളെ നേരിടുന്ന നാം, തികച്ചും പുതിയതായ സാധാരണ സാഹചര്യത്തിലേക്ക് കടക്കുകയാണ്. അടുത്ത വർഷം ആരംഭത്തോടെ കോവിഡിന്റെ പ്രഭാവം കുറയുമെന്നും പുതിയ സാധാരണ സാഹചര്യങ്ങളിലേക്ക് കടക്കുമെന്നും നമുക്ക് പ്രതീക്ഷിക്കാം. ഇതിനെ പുതിയ സാധാരണ സാഹചര്യം അഥവാ 'നവ സാധാരണത്വം' എന്ന് നമുക്ക് വിശേഷിപ്പിക്കാം. ധനമന്ത്രി തന്റെ ബജറ്റ് അവതരണത്തിൽ ഈ അസാധാരണ സാഹചര്യത്തെയും ഒപ്പം പുതിയ സാധാരണ സാഹചര്യത്തെയും കണക്കിലെടുത്തിട്ടുണ്ടെന്ന് കാണാം. ഡോ. തോമസ് ഐസക് ബജറ്റ് അവതരിപ്പിക്കുന്ന വേളയിൽ കോവിഡ് മഹാമാരി ഏറെക്കുറെ നിയന്ത്രണ വിധേയമായ ഒരു സാഹചര്യമായിരുന്നു. പ്രതിദിന കേസുകളുടെ എണ്ണം 3000 എന്ന തോതിലും മരണം ഏതാണ്ട് 20 എന്ന നിലയിലുമായിരുന്നു. എന്നാൽ ഇന്ത്യയിലെ ഇതര പ്രദേശങ്ങൾക്കൊപ്പം കേരളത്തിലും കോവിഡിന്റെ രണ്ടാം തരംഗം ആഞ്ഞു വീശിയപ്പോൾ പ്രതിദിന കേസുകളുടെ എണ്ണം 41000 വരെ ഉയർന്നു. മരണം 200 നു മുകളിലുമായി. ശക്തമായ രീതിയിൽ ലോക്ക് ഡൗൺ ഏർപ്പെടുത്തിയിട്ടും കോവിഡ് കേസുകളുടെ എണ്ണം പ്രതീക്ഷിച്ച നിലയിലേക്ക് താഴ്ന്നില്ല. ഇത് കുറയും എന്ന് തന്നെയാണ് നമ്മുടെ പ്രതീക്ഷ. എന്നാൽ ഇത്തരം മഹാമാരികൾ തരംഗ രൂപത്തിലാണ് എത്തുന്നത് എന്നതിനാൽ ഒരു മൂന്നാം തരംഗത്തെ ഏതു സമയത്തും പ്രതീക്ഷിക്കേണ്ടതുണ്ട്. മൂന്നാം തരംഗം സ്വാഭാവികമായി ഉണ്ടാകുന്ന ഒന്നല്ല, മറിച്ച് അത് നാം വരുത്തി വയ്ക്കുന്നതാണ് എന്ന് പറയേണ്ടതായി വരും. കൃത്യമായ കരുതൽ നടപടികൾ സ്വീകരിക്കുന്നതായാൽ മൂന്നാം വരവിനെ തടയാൻ നമുക്ക് കഴിയും.

ഈ സാഹചര്യങ്ങളെല്ലാം പരിഗണിക്കുമ്പോൾ ധനമന്ത്രി കെ. എൻ ബാലഗോപാലിന്റെ ബജറ്റിനെ ഒരു കോവിഡ് ബജറ്റ് എന്നല്ലാതെ മറ്റെന്താണ് വിശേഷിപ്പിക്കാൻ കഴിയുക. കാരണം, കോവിഡിന്റെ രണ്ടാം തരംഗത്തെ നേരിടുന്നതിന് മാത്രമായി 20000 കോടി രൂപ അദ്ദേഹം മാറ്റിവച്ചരിക്കുന്നു എന്നത് തന്നെ. ഇതിൽ 2800 കോടി രൂപയും ആരോഗ്യ മേഖലയിലെ ഒൻപത് പദ്ധതികൾക്ക് വേണ്ടിയാണ്. കുട്ടികളുടെ ചികിത്സ വിഭാഗത്തിൽ ഇന്റൻസീവ് കെയർ യൂണിറ്റുകളുടെ നിലവാരം ഉയർത്തുന്ന കാര്യം അദ്ദേഹം പ്രത്യേകം എടുത്തു പറയുന്നുണ്ട്. മൂന്നാം തരംഗം കുട്ടികളെയാണ് കൂടുതൽ ബാധിക്കുക എന്ന ആശങ്കയാണ് ഇതിന് പിന്നിൽ. മൂന്നാം തരംഗം കുട്ടികളെ

അത്രമേൽ ഗൗരവത്തിൽ ബാധിക്കില്ല എന്നാണ് ഞാൻ കരുതുന്നത്. ഇക്കാര്യത്തിൽ പീഡിയാട്രിക് ഐ സി യു പോലുള്ള സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നീക്കം വഴിയായി കൂടുതൽ കരുതൽ നടപടികൾ എടുക്കുന്നതിനാണ് അദ്ദേഹം തുനിഞ്ഞിരിക്കുന്നത്. ഇതോടൊപ്പം ഓക്സിജൻ വിതരണം ഉറപ്പാക്കുകയാണ് മറ്റൊരു പ്രധാന കാര്യം. ഇതിനായി ദ്രവ ഓക്സിജൻ പ്ലാന്റുകൾ സജ്ജമാക്കേണ്ടതുണ്ട്. മറ്റ് രണ്ട് പ്രധാന പദ്ധതികളെക്കുറിച്ചുകൂടി അദ്ദേഹം പറയുന്നുണ്ട്. ഗവേഷണ പ്രവർത്തനങ്ങൾക്കായി പണം മാറ്റി വയ്ക്കുക എന്നതാണ് അതിൽ ഏറ്റവും പ്രധാനം. കോവിഡ് മൂലം സംഭവിച്ച ഒരു നല്ലകാര്യം നമ്മുടെ ഗവേഷണ കേന്ദ്രങ്ങൾ ഗവേഷണ പ്രവർത്തങ്ങളിൽ ഏർപ്പെടുന്നുണ്ട് എന്നതാണ്. പ്രത്യേകിച്ച് കോവിഡിനെ നേരിടുന്ന കാര്യത്തിൽ പുതിയ സാങ്കേതിക വിദ്യകൾ കണ്ടെത്തുന്നതിലും പുതിയ രോഗനിർണയ ഉപാധികൾ, ചികിത്സ സാങ്കേതിക വിദ്യകൾ എന്നിവ വികസിപ്പിച്ചെടുക്കുന്നതിലും. തോന്നയ്ക്കൽ കേന്ദ്രമായി ഒരു അന്താരാഷ്ട്ര ജീവശാസ്ത്ര ഇൻസ്റ്റിട്യൂട്ട് പ്രവർത്തിക്കുന്നുണ്ട്. അവിടത്തെ ഗവേഷണ പ്രവർത്തനങ്ങൾക്കായി പത്തു കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇവിടെ വേറിട്ട ഒരു കാര്യമുണ്ട്. മെഡിക്കൽ കോളേജുകളിലേക്ക് ഒരു കേന്ദ്രീകൃത സപ്ലൈ സംവിധാനമാണ് അത്. പകർച്ച വ്യാധികളുടെ നിയന്ത്രണമാണ് ഏറ്റവും പ്രധാനമായത്. ഇത് ബജറ്റിൽ പ്രത്യേകം എടുത്തു പറയുന്നുണ്ട്. ആശുപത്രിജന്യ രോഗങ്ങൾ തടയുക എന്നതാണ് ഇതിന്റെ ലക് ഷ്യം. ഒരു രോഗിക്ക് ആശുപത്രി വാസത്തിനിടയിൽ ഉണ്ടാകുന്ന ബ്ലാക്ക് ഫങ്കസ് പോലുള്ള അണുബാധയെയാണ് ഈ ഗണത്തിൽ പെടുത്തുന്നത്. ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. വളരെയധികം സൂക്ഷ്മാണുക്കൾ ആന്റിബയോട്ടിക്കുകളെയും ആന്റി വൈറസ് മരുന്നുകളെയും അതിജീവിക്കുന്നു എന്നതാണ് ഇതിന് കാരണം.

ക്ഷയം പോലുള്ള ചില രോഗങ്ങളെ ഈ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളം ഇപ്പോൾ ഒരു ആന്റി മൈക്രോബിയൽ പദ്ധതി നടപ്പാക്കി വരികയാണ്. ഇതിനായുള്ള ദേശീയ പദ്ധതിയുടെ ചുവട് പിടിച്ച് കേരളം ഇതിനെ നിയന്ത്രണ വിധേയമാക്കുന്നതിനുള്ള ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇത് എടുത്തു പറയേണ്ട വേറിട്ട ഒരു കാര്യമാണ്. ഇത്തരം നടപടികൾ നമ്മുടെ ആരോഗ്യ സംരക്ഷണ മേഖലയുടെ ഗുണനിലവാരം ഉയർത്തുന്നതാണ് എന്ന കാര്യത്തിൽ സംശയമില്ല. പകർച്ചവ്യാധികൾ നമ്മുടെ സംസ്ഥാനത്ത് പ്രകടമായുണ്ട് എന്നത് ഒരു വസ്തുതയാണ്. കോവിഡ് മാത്രമല്ല, എച്ച് വൺ എൻ വൺ, ഡെങ്കുപ്പനി, ചിക്കൻഗുനിയ, ജപ്പാൻ ജ്വരം തുടങ്ങിയവയ്ക്ക് പുറമെ ജലജന്യ പകർച്ച വ്യാധികളും കേരളത്തിൽ കാണാം. അതുകൊണ്ട് പകർച്ച വ്യാധികളും അല്ലാത്തതുമായ രോഗങ്ങൾ ഇന്ന് കേരളത്തിൽ പല കേന്ദ്രങ്ങളിലും കാണാം. ഇത്തരമൊരു സാഹചര്യത്തിൽ പീഡിയാട്രിക് ഐ സി യു പോലുള്ള സംവിധാനങ്ങൾ ഒരുക്കി രോഗങ്ങളെ തടയേണ്ടത് ഏറ്റവും പ്രധാനപ്പെട്ട ഒരു ദൗത്യമാണ്. നവജാത ശിശുക്കളുടെ അടക്കമുള്ള മരണ നിരക്ക് കുറച്ചുകൊണ്ടുവരേണ്ടത് ആവശ്യം വേണ്ടുന്ന കാര്യമാണ്. പ്രത്യേകിച്ച് 40 ദിവസത്തിൽ താഴെയുള്ള കുട്ടികളുടെ കാര്യത്തിലാണ് ഇത് കൂടുതലായി കണ്ടുവരുന്നത്. അതുകൊണ്ട് ഇത്തരം പദ്ധതികൾ സവിശേഷ പ്രാധാന്യമർഹിക്കുന്നു.

ബജറ്റിൽ 1000 കോടി രൂപ വാക്സിൻ വാങ്ങുന്നതിനായി മാറ്റി വച്ചിരുന്നു. എന്നാൽ കേന്ദ്ര സർക്കാർ വാക്സിൻ നൽകാമെന്ന് വാഗ്ദാനം നൽകിയിരിക്കുന്നു. അതുകൊണ്ട്

ഈ പണം മറ്റു പദ്ധതികൾക്കായി വിനിയോഗിക്കാൻ കഴിയും. സെന്റർ ഫോർ ഡിസീസ് കൺട്രോളിന്റെ മാതൃകയിൽ ഒന്ന് സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ബജറ്റിൽ പണം അനുവദിച്ചിട്ടുണ്ട്. എന്നാൽ ആരോഗ്യ സർവകലാശാലയിൽ എപിഡമോളജി, പബ്ലിക് ഹെൽത് എന്നിവയ്ക്കായി ഒരു ഇൻസ്റ്റിട്യൂട്ട് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. അതുകൊണ്ട് ഈ ഇരട്ട ചെലവിനെ കുറിച്ച് പുനഃപരിശോധന ആവശ്യമാണ്.

രണ്ടാമത് ആവശ്യമായത് പോസ്റ്റ് കോവിഡ് ക്ലിനിക്കുകളാണ്. ഇത്തരം ചില കേന്ദ്രങ്ങൾക്ക് നാം തുടക്കമിട്ടിട്ടുണ്ട്. യഥാർത്ഥത്തിൽ ഡോ. തോമസ് ഐസക്കിന്റെ ബജറ്റിൽ പ്രൈമറി ഹെൽത്ത് സെന്റർ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള കേന്ദ്രങ്ങളിൽ ഇത് ആരംഭിക്കുന്നതിനെ കുറിച്ച് പറയുന്നുണ്ട്. എന്നാൽ കോവിഡിന് ശേഷമുള്ള ആരോഗ്യ പ്രശ്നങ്ങളെ കുറിച്ച് ഇന്ന് നാം ബോധ്യമുള്ളവരാണ്. അതുകൊണ്ട് ഇതിനായി പണം ആവശ്യമായി വരുന്നു. വാക്സിനുവേണ്ടി ചെലവ് വരാത്ത സാഹചര്യത്തിൽ ഇത് പരിഗണിക്കാൻ കഴിയുന്നതാണ്. കോവിഡ് അനുബന്ധ കാര്യങ്ങളെ കുറിച്ചുള്ള ഗവേഷണങ്ങൾക്ക് ധനമന്ത്രി തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ രംഗത്ത് കാര്യമായ ഒരു ഗവേഷണ പ്രവർത്തനവും സംസ്ഥാനത്ത് നടക്കുന്നില്ല. അതുകൊണ്ട് കോവിഡ് അനുബന്ധമായ ഗവേഷണ പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിക്കണമെന്ന നിർദേശം മുന്നോട്ട് വയ്ക്കുകയാണ്. ഇത്തരം ചില നിർദേശങ്ങളാണ് എനിക്ക് മുന്നോട്ട് വയ്ക്കാനുള്ളത്. ചുരുങ്ങിയ സമയത്തിനുള്ളിൽ പ്രശ്നങ്ങളുടെ ഉള്ളറകളിലേക്ക് കടക്കാൻ കഴിഞ്ഞതിൽ ധനമന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുന്നു. കേരളം ഇപ്പോൾ കോവിഡിന്റെ അസാധാരണമായ സാഹചര്യത്തെ നേരിടുകയാണ്. അതിനിടയിൽ തന്നെ കോവിഡിന് ശേഷമുണ്ടാകുന്ന ഒരു നവ സാധാരണ ഘട്ടത്തെ കൂടി സൂക്ഷ്മതയോടെ കാണാൻ അദ്ദേഹത്തിന് കഴിഞ്ഞിരിക്കുന്നു എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

■

(ബി ഇക്ബാൽ, സംസ്ഥാന ആസൂത്രണ ബോർഡിന്റെ മുൻ അംഗമാണ്)

**കാർഷികരംഗം**

# ബജറ്റും കാർഷിക മേഖലയും

**ആർ രാമകുമാർ**

ധനമന്ത്രി കെ. എൻ ബാലഗോപാൽ 2021 -22 സാമ്പത്തിക വർഷത്തേക്ക് അവതരിപ്പിച്ച പുതുക്കിയ ബജറ്റ്, കോവിഡിന്റെ രണ്ടാം തരംഗത്തിന്റെ ഘട്ടത്തിലും തുടർന്നുണ്ടായ സാമ്പത്തിക പ്രതികൂല സാഹചര്യങ്ങളിലും പൊതുവിൽ അനുകൂലമായ ഒരു ബജറ്റാണെന്ന് വിശേഷിപ്പിക്കാം. ഇതിൽ കാർഷിക മേഖലയിൽ പ്രഖ്യാപിക്കപ്പെട്ട നയപരമായ മുൻകൈകളെ ആസ്പദമാക്കിയാണ് ഈ കുറിപ്പ്. കൃഷി വകുപ്പിന്റെ കീഴിൽ ഉൾപ്പെടുത്താതെ റവന്യു, രജിസ്ട്രേഷൻ വകുപ്പുകളുടെ കീഴിൽ കൊണ്ട് വന്ന ഒരു നിർദേശത്തെ കുറിച്ച് ഒന്നാമതായി വ്യക്തമാക്കാം. ഭൂമി സംബന്ധമായ രേഖകളെ കുറിച്ചുള്ളതാണ് ഈ നിർദേശം. സാമ്പത്തിക സ്രോതസ് എന്ന നിലയിലുള്ള ഭൂമിയുടെ കാര്യത്തിൽ വളരെ പ്രധാനമായ ഒരു നിർദേശമാണ് ഇത്. ഇതിനായി അനുവദിച്ചരിക്കുന്ന പണം, ഭൂമി സംബന്ധമായ രേഖകളുടെ പരിഷ്കരണം, റവന്യു വകുപ്പിന്റെ കംപ്യൂട്ടർവൽക്കരണം, രജിസ്ട്രേഷൻ വകുപ്പിന്റെ കംപ്യൂട്ടർവത്കരണം തുടങ്ങി വിവിധ പട്ടികകളിലാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. കഴിഞ്ഞ പ്ലാനിങ് ബോർഡ് തുടക്കമിട്ട ഈ നവീകരണ പരിപാടി പക്ഷെ, മോശമായ രീതിയിലാണ് നടപ്പാക്കിയത്. പുതിയ ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം ഇത് ഒരു വെല്ലുവിളിയാണ് . എന്നാൽ മികച്ച രീതിയിൽ നടപ്പാക്കാൻ കഴിഞ്ഞാൽ കേരളത്തിന്റെ സമ്പദ്ഘടനയിൽ അത് ഒരു നാഴികക്കല്ലായി മാറും. ഇതിനെ ഒരു വെല്ലുവിളി എന്ന നിലയിലും പ്രധാനപ്പെട്ട ഒരു പദ്ധതിയെന്ന നിലയിലും വിശകലനം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

രണ്ട്: മുൻ സർക്കാരിന്റെ അവസാന വർഷത്തിൽ തുടക്കമിട്ട 'സുഭിക്ഷ കേരളം' എന്ന പദ്ധതിയാണ് രണ്ടാമതായി വരുന്നത്. കൃഷി, മൃഗസംരക്ഷണം മൽസ്യബന്ധനം, ജലവിഭവം എന്നീ നാലു വകുപ്പുകളുടെ ഏകോപനം ലക്ഷ്യമാക്കിയുള്ള ആദ്യത്തെ പദ്ധതിയായിരുന്നു ഇത്. ബജറ്റിൽ ഇതിനെ കുറിച്ച് പരാമർശിക്കുന്നുവെന്ന് മാത്രമല്ല, ഇത് തുടരുമെന്ന പ്രഖ്യാപനവുമുണ്ട്. എന്റെ വീക്ഷണത്തിൽ കാർഷിക മേഖലയിൽ സബ്സിഡി ഏർപ്പെടുത്തുന്നതിൽ ലക്ഷ്യം കൈവരിക്കുന്ന കാര്യത്തിൽ മുൻ സർക്കാർ വലിയൊരളവോളം വിജയം കൈവരിച്ചിട്ടുണ്ട്. കാർഷിക മേഖലയെയും അനുബന്ധ സംരംഭങ്ങളെയും സാമ്പത്തിക അടിത്തറയായി കണ്ട് അവിടെ മുതൽമുടക്കുന്ന കാര്യത്തിൽ കൂടുതൽ മുന്നേറുക എന്നതാണ് ഇനിയുള്ള ദൗത്യം. ഇതിന് കാർഷിക അടിസ്ഥാന സൗകര്യങ്ങൾ, വിപണനം എന്നീ രംഗങ്ങളിലെ ശക്തമായ ഇടപെടലാണ് വേണ്ടത്.

ഇത്തരം കാര്യങ്ങളിലാണ് ബജറ്റ് മികവുറ്റ രീതിയിൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ളതെന്ന് കാണാം- എ ) കാർഷിക രംഗത്ത് വ്യവസായം എന്ന നിലയിലുള്ള മൂല്യവർധന : കപ്പ, മറ്റു കിഴങ്ങ് വർഗ്ഗങ്ങൾ, കശുവണ്ടി, മാങ്ങ, ചക്ക,

വാഴപ്പഴം, സുഗന്ധവ്യഞ്ജനങ്ങൾ; ബി) കാർഷിക വായ്പ രംഗത്ത് ഇടപെടൽ ശക്തമാക്കുന്ന വിധത്തിൽ കേരള ബാങ്കിന്റെ വികസനം, സി ) സംസ്ഥാനത്തിന്റെ കാർഷിക മേഖലയിൽ നാല് ശതമാനം പലിശ എന്ന നിലയിൽ നബാർഡിന്റെ വായ്പ കൂടുതൽ ഉപയുക്തമാക്കുക, ഡി) അഞ്ച് അഗ്രോ പാർക്കുകൾ സ്ഥാപിക്കുക, ഇ) എഫ് പി ഒ, സഹകരണ സംഘങ്ങൾ എന്നിവ സ്ഥാപി ക്കുക എന്നീ നിർദേശങ്ങൾ വളരെ പ്രാധാന്യമേറിയതാണ്.

മൂന്ന്; സ്മാർട്ട് കൃഷി ഭവൻ എന്ന ഒരു നൂതന ആശയം ബജറ്റ് പ്രഖ്യാപിച്ചിട്ടുണ്ട്. പഠനങ്ങൾ വ്യക്തമാക്കുന്ന ഒരു വസ്തുത, ഒരു കൃഷി ഓഫിസർ തന്റെ സമയത്തിന്റെ ഏതാണ്ട് 70 ശതമാനവും ഫയലുകളുടെ പരിശോധന, ഔദ്യോഗിക യോഗങ്ങൾ, ജില്ലാ കേന്ദ്രത്തി ലേക്കുള്ള യാത്രകൾ എന്നിവയ്ക്കായി ചെലവഴിക്കുന്നു എന്നാണ്. ഇത് 30 ശതമാന മായി കുറയ്ക്കാൻ കഴിയണം. അതുവഴി കൃഷി ഓഫിസർക്ക് കർഷകരുമായി കൂടുതൽ സമയം ചെലവഴിക്കാനും കാർഷിക പ്രവർത്തനങ്ങളിൽ കൂടുതൽ ഇടപെടാനും കഴിയും. കൃഷി ഭവന്റെ ഭരണനിർവഹണം കമ്പ്യൂട്ടർവത്കരിക്കുക എന്നതാണ് ഇതിൽ പരമ പ്രധാനമായ കാര്യം. ഇ-ഫയലിംഗ്, വിഡീയോ കോൺഫറൻസ് വഴിയുള്ള യോഗങ്ങളുടെ ക്രമീകരണം തുടങ്ങിയ മാറ്റങ്ങളാണ് ഇതിനായി വേണ്ടത്.

നാല് ; കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ മികച്ച നേട്ടം കൈവരിക്കാൻ കഴിഞ്ഞ ഒരു മേഖല മൃഗസംരക്ഷണമാണ്. അതുവഴി പാലിന്റെയും പാലുല്പന്നങ്ങളുടെയും കാര്യത്തിൽ വലിയൊരളവോളം സ്വയംപ ര്യാപ്തത കൈവരിക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. 2023, 2024 ആകുമ്പോഴേക്കും സംസ്ഥാനം പാലിന്റെ കാര്യത്തിൽ മിച്ച സംസ്ഥാനമാകുമെന്ന് കരുതാം. അപ്പോൾ കൂടുതൽ മൂല്യവർധിത പാലുല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനും പാൽപ്പൊടി അടക്ക മുള്ള സാധനങ്ങൾ സംഭരിക്കുന്നതിനുമുള്ള സൗകര്യങ്ങൾ നമുക്കുണ്ടാകേണ്ടതുണ്ട്. ഇതിനായി ഒരു പൗഡർ, ബാഷ്പീകരണ പ്ലാന്റിനെ കുറിച്ച് ബജറ്റ് പ്രസ്താവിക്കുന്നുണ്ട്. ഇത് ഏറെ പ്രാധാന്യമേറിയ ഒരു കാര്യമാണ്. നബാർഡിന്റെ കീഴിലുള്ള ആർ ഐ ഡി എഫ് എന്ന സ്ഥാപനം വഴി ഇതിന് ഫണ്ട് ലഭ്യമാക്കാൻ കഴിയും. ഇത് പരമാവധി പ്രയോജനപ്പെടുത്താൻ കേരളത്തിന് കഴിയണം.

അഞ്ച് ; തോട്ടം മേഖലയിലെ ഇടപെടലുകൾ വളരെ പ്രധാനമാണ്. കമ്മോഡിറ്റി ബോർഡു കൾക്ക് കീഴിൽ തോട്ടങ്ങൾ ഒരു കേന്ദ്ര വിഷയമാണ് എന്ന നിലപാട് സംസ്ഥാനത്തി നുണ്ട്. എന്നാൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി ഇവയ്ക്ക് ആവശ്യമായ ഫണ്ട് കേന്ദ്രം ലഭ്യമാക്കാത്ത സാഹചര്യത്തിൽ തോട്ടമുടമകൾ പലപ്പോഴും പ്രശ്ന പരിഹാര ങ്ങൾക്കായി സംസ്ഥാന സർക്കാരിനെയാണ് സമീപിക്കുന്നത്. ഈയടിസ്ഥാനത്തിൽ കഴിഞ്ഞ വർഷം ഒരു തോട്ടം നയം പ്രഖ്യാപി ക്കുകയുണ്ടായി. പ്ലാന്റേഷൻ ഡയറക്ടറേറ്റ് സ്ഥാപിക്കുക എന്നതാണ് ഇതിൽ മുഖ്യമായ ഒരിനം. ഇതിനായി വ്യവസായ വകുപ്പുവഴി രണ്ട് കോടി രൂപ ബജറ്റ് അനുവദിച്ചിട്ടുണ്ട്. ഇത് സ്വാഗതാർഹമായ കാര്യമാണ്.

തോട്ടം മേഖലയിലെ വിളകളുടെ പാറ്റേൺ നവീകരിക്കുന്ന കാര്യത്തിൽ വൈവിധ്യ വത്കരണം സാധ്യമാകുന്ന വിധത്തിൽ പോസിറ്റീവായി ബജറ്റ് ഇടപെടുന്നു. റംബൂട്ടാൻ, അവോക്കാഡോ, ഡ്രാഗൺ ഫ്രൂട്ട്, മാങ്കോസ്റ്റിൻ തുടങ്ങിയ വിളകളെ കുറിച്ചാണ് പ്രധാനമായും സൂചിപ്പിക്കുന്നത്. ഒരു പ്രധാന കാര്യം ഇക്കാര്യത്തിൽ കർഷകർക്ക് സമ്പൂർണ്ണ സ്വാതന്ത്ര്യം അനുവദിക്കുന്നില്ല എന്നതാണ്. തോട്ടങ്ങളുടെ അടിസ്ഥാന ഘടനയിൽ മാറ്റം വരുത്താൻ കഴിയില്ല. അടിസ്ഥാന ഘടനക്ക് മാറ്റം വരാത്ത വിധത്തിലുള്ള പരിഷ്കരണമാണ് ഇക്കാര്യ ത്തിൽ സംസ്ഥാനത്തിന് സ്വീകാര്യമാവുക.

കഴിഞ്ഞ രണ്ടു വർഷമായി എടുത്തു വരുന്ന തുടർച്ചയായുള്ള പല നടപടികളിലൂടെ തോട്ടം മേഖല ഉയർത്തിയ മിക്കവാറും ആവശ്യങ്ങൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇത് മൂല്യവർധന, റീപ്ലാന്റിംഗ് എന്നിവ അടക്കമുള്ള കാര്യങ്ങളിലേക്ക് കടക്കാൻ കൂടുതൽ അവസരം പ്രദാനം ചെയ്യുമെന്ന് കരുതാം.

രണ്ടു പ്രധാന ആശങ്കകൾകൂടി പങ്ക് വയ്ക്കുകയാണ്.

ഒന്ന്; കടലാക്രമണം തടയലും തീരസംരക്ഷണവും കേവലം കടൽ ഭിത്തി സ്ഥാപിക്കലിലും ടെട്രാപോഡുകൾ ഇടുന്നതിലും മാത്രമായി ഒതുങ്ങരുത്. ഇതിന് ശാസ്ത്രീയമായ കൂടുതൽ പഠനം ആവശ്യമാണ്. തീരപ്രദേശത്തെ സംരക്ഷിക്കുന്നതിനുള്ള ഒരു ചെറിയ ഉപാധി മാത്രമാണ് കടൽഭിത്തി നിർമാണം അടക്കമുള്ള ഭൗതികമായ കാര്യങ്ങൾ. സമുദ്രത്തെയും അതിലുണ്ടാകുന്ന മാറ്റങ്ങളെയും കുറിച്ച് കൂടുതൽ മനസിലാക്കുക എന്നത് വളരെ പ്രധാനമാണ്. തീരത്തോട് ചേർന്നുള്ള ജലത്തിന്റെ ഒഴുക്ക്, വടക്ക് നിന്നും തെക്കോട്ടുള്ള അതിന്റെ ഗതിവിഗതികൾ തുടങ്ങിയ കാര്യങ്ങൾ ശാസ്ത്രീയമായി വിലയിരുത്തി ആഴക്കടലിൽ നിന്ന് തീരത്തേക്ക് എത്തുന്ന വിധത്തിൽ മണലിന്റെ പോഷണം, ജൈവഭിത്തികൾ അടക്കമുള്ള കാര്യങ്ങൾ സ്ഥാപിക്കൽ, അപകട സാധ്യത കൂടുതലായ മേഖലകളിൽ നിന്ന് ജനങ്ങളെ മാറ്റിപാർപ്പിക്കൽ എന്നിവ അടക്കമുള്ള കാര്യങ്ങൾ ഇതിൽ വളരെ പ്രധാനപ്പെട്ടവയാണ്. അതായത്, ഇത്തരത്തിലുള്ള ഏല്ലാ വിധ മാർഗ്ഗങ്ങളുടെയും ഒരു മിശ്രണമാകണം ഈ വിഷയത്തിൽ കേരളത്തിന്റെ തന്ത്രം എന്നർത്ഥം.

രണ്ട്; ഉത്പാദനക്ഷമത ഉയർത്തുക എന്നതാണ് കേരളത്തിന്റെ കാർഷിക മേഖല നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. ഇതിന് ശാസ്ത്രീയമായ കൃഷി രീതികൾ ഉപയോഗിക്കുക എന്നതാണ് യുക്തമായ മാർഗം. പരമ്പരാഗത രീതി എന്ന നിലയിലും പരിസ്ഥിതി സംരക്ഷിക്കുക എന്ന ലേബലിലും അശാസ്ത്രീയമായ കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നത് യുക്തിസഹമല്ല. പച്ചക്കറികളിലെ വിഷാംശങ്ങളുടെ സാന്നിധ്യത്തെ കുറിച്ചുള്ള തെറ്റിദ്ധാരണാജനകമായ പ്രചാരണം നടക്കുന്നുണ്ട്. ഇത് ഇത്തരം ശാസ്ത്രീയമായ കൃഷിരീതികൾക്ക് അനുഗുണമല്ല. പഠനങ്ങളിൽ നിന്ന് വ്യക്തമാകുന്നത് പച്ചക്കറികളിൽ കീടനാശിനികളുടെ അംശം അനുവദിക്കപ്പെട്ടതിലും കൂടുതലായി കണ്ടത് വളരെ കുറഞ്ഞ കേസുകളിൽ (ഏകദേശം അഞ്ച് ശതമാനം) മാത്രമാണ് എന്നാണ്. അതുകൊണ്ട് പച്ചക്കറികളിലെ ഇത്തരം വിഷാംശത്തെ കുറിച്ച് അനാവശ്യമായ പ്രചാരണം നൽകുകയും ജൈവ കൃഷി രീതിക്കായി നാം മുറവിളി കൂട്ടുകയും ചെയ്യുന്നു. ജൈവ കൃഷിരീതി മുന്തിയ വിലക്ക് ഉത്പന്നങ്ങൾ വിൽക്കാൻ കഴിയുന്ന മേഖലകളിലേക്ക് മാത്രമായി ചുരുക്കുകയാണ് വേണ്ടത്. ഗാർഹിക ആവശ്യങ്ങൾക്കായി വലിയ തോതിൽ ആവശ്യം വരുന്ന വിളകളുടെ കാര്യത്തിൽ ഇത് പ്രവർത്തികമാക്കരുത്. ഇക്കാര്യത്തിൽ ഉല്പാദനക്ഷമതയ്ക്ക് തന്നെയാകണം മുഖ്യ പരിഗണന. ഈ രണ്ട് ആശങ്കകളും നയരൂപീകരണ കർത്താക്കൾ യഥാവിധി പരിഗണിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്.

■

(ആർ രാമകുമാർ, മുംബയിലെ ടാറ്റ ഇൻസ്റ്റിട്യൂട്ട് ഓഫ് സോഷ്യൽ സയൻസിലെ പ്രഫസറും സംസ്ഥാന ആസൂത്രണ ബോർഡ് അംഗവുമാണ്.)

പ്രവാസികൾ-കുടിയേറ്റത്തൊഴിലാളികൾ

# എന്തുകൊണ്ട് സർക്കാർ കൂടുതൽ പ്രവാസി സൗഹൃദമാകണം?

**ഇരുദയ രാജൻ**

ജൂൺ നാലിന് ധനമന്ത്രി അവതരിപ്പിച്ച ബജറ്റ് സംസ്ഥാനത്തിന്റെ ആരോഗ്യ മേഖലക്ക് മുന്തിയ പരിഗണന നൽകിയിരിക്കുന്നു. കോവിഡ് രണ്ടാം തരംഗത്തിന്റെ ആഘാതം കുറയ്ക്കുന്നതിനും മൂന്നാം തരംഗത്തെ തടയുന്നതിനും ചെലവുകൾ വലിയ തോതിൽ ഉയർത്തേണ്ടി വരുന്നതിന് പുറമെ, ക്ഷേമ പ്രവർത്തനങ്ങൾക്കും നഷ്ടപരിഹാരം ഉൾപ്പടെയുള്ള കാര്യങ്ങൾക്കും പരമാവധി തുക ചെലവഴിക്കേണ്ടതായും വരുന്നു. ബജറ്റിനെ കുറിച്ചുള്ള ഈ അവലോകനം പ്രധാനമായും കുടിയേറ്റം, വാർദ്ധക്യം തുടങ്ങിയ വിഷയങ്ങളുടെ കാര്യത്തിൽ ബജറ്റ് മുന്നോട്ട് വയ്ക്കുന്ന നിർദേശങ്ങളെ ആസ്പദമാക്കിയാണ്. മഹാമാരിയുടെ പ്രതിസന്ധിക്ക് അപ്പുറമായി ദീർഘകാലാടിസ്ഥാനത്തിൽ കേരളത്തിന്റെ സാമ്പത്തിക മുന്നേറ്റത്തെ കുറിച്ചും ചർച്ച ചെയ്യുകയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

## കുടിയേറ്റം

ഡിപ്പാർട്മെൻറ് ഓഫ് നോൺ റസിഡന്റ് കേരളൈറ്റ് അഫയേഴ്സിന്റെ (നോർക്ക) പദ്ധതികൾ ഇപ്രകാരം പറയുന്നു :

*91. പ്രവാസി മലയാളികളുടെ കാര്യത്തിൽ കോവിഡ് മഹാമാരി വളരെ പ്രകടമായ ആഘാതം സൃഷ്ടിച്ചിട്ടുണ്ട്. ഇതുമൂലം 1432736 പ്രവാസികൾ ഇതിനോടകം തിരിച്ചെത്തിയിട്ടുണ്ട്. ഇതിൽ മഹാഭൂരിപക്ഷവും ജോലി നഷ്ടപ്പെട്ടാണ് എത്തിയിരിക്കുന്നത്. ഇവരെ പുനരധിവസിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയാണ് നോർക്ക സെൽഫ് എംപ്ലോയ്മെന്റ് സ്കീം. ജോലി നഷ്ടപ്പെട്ടവരെ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രാപ്തമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.*

1432736 എന്ന സംഖ്യ ( 1.4 ദശലക്ഷം ) വന്ദേ ഭാരത് മിഷൻ പ്രകാരം കേരളത്തിലേക്കെത്തിയ വിമാനങ്ങളിൽ നിന്ന് ലഭ്യമായ കണക്കാണ്. കുടിയേറ്റക്കാർക്ക് പുറമെ അവരുടെ ആശ്രിതരും ടൂറിസ്റ്റുകളും ഹ്രസ്വ സന്ദർശനത്തിന് പോയവരും ഇതിൽ ഉൾപ്പെടുന്നുണ്ട്. അതുകൊണ്ട് തിരിച്ചെത്തിയ കുടിയേറ്റക്കാരുടെ എണ്ണം ഒരു പക്ഷെ 1.1 ദശലക്ഷമാകാം. ഒരു ഉദാഹരണമെടുത്താൽ, 2020 ഏപ്രിൽ ഏഴിന് കോഴിക്കോട് വിമാനത്താവളത്തിൽ തകർന്നു വീണ എയർ ഇന്ത്യ എക്സ്പ്രസ്സ് വിമാനത്തിലെ യാത്രക്കാരിൽ 60 ശതമാനം പേർ കുടിയേറ്റക്കാരായിരുന്നു.

കേരള മൈഗ്രേഷൻ സർവേ (കെ എം എസ്) പ്രകാരം 2018 ൽ വിദേശത്തുള്ള മലയാളികളുടെ (എൻ ആർ കെ) ആകെ എണ്ണം 2.1 ദശലക്ഷമാണ്. ഇതിനർത്ഥം രണ്ടിൽ ഒരാൾ എന്ന കണക്കിൽ കുടിയേറ്റക്കാർ ഇതിനകം സംസ്ഥാനത്ത് തിരിച്ചെത്തിയിട്ടുണ്ട് എന്നാണ് (2 .1 ദശലക്ഷം പേരിൽ 1.1 ദശലക്ഷം പേർ). ഇതിൽ മൂന്നിലൊന്ന്

(ഏകദേശം നാലു ലക്ഷം പേർ) ഇനി തിരിച്ചു പോകാൻ സാധ്യതയില്ലാത്തവരാണ്. ജോലി നഷ്ടപ്പെട്ടതും ആരോഗ്യ പ്രശ്നങ്ങളും വൈറസ് ബാധയുടെ കാര്യത്തിൽ കൂടുതൽ റിസ്ക് നേരിടുന്നതും കുടുംബ പ്രശ്നങ്ങളുമൊക്കെ ഇതിന് കാരണമാകാം.

2008 ലെ സാമ്പത്തിക പ്രതിസന്ധിയുടെ ഘട്ടം മുതൽ നോർക്ക സെൽഫ് എംപ്ലോയ്മെന്റ് സ്കീം (എൻ ഡി പി ആർ ഇ എം) നിലവിലുണ്ട്. എന്നാൽ തിരിച്ചെത്തുന്ന കുടിയേറ്റക്കാർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഈ പദ്ധതി പര്യാപ്തമല്ല എന്ന് കാണാം. ഇതിന് പിന്നിൽ പല കാരണങ്ങളുമാകാം. തിരികെ പോകുന്നതിനുള്ള താല്പര്യം, സംസ്ഥാനത്തെ താരതമ്യേന മന്ദഗതിയിലുള്ള സംരംഭകത്വ രംഗം, സർക്കാരിൽ നിന്നും വിവിധ ഏജൻസികളിൽ നിന്നും നിരന്തരമായ പിന്തുണ ലഭ്യമാകാത്തത് തുടങ്ങി പലതുമാകാം അതിന് പിന്നിൽ.

15 വയസിന് താഴെ പ്രായമുള്ള നാല് മക്കളുടെ അമ്മയായ തൃശൂർ സ്വദേശി നിഷി നിയാസിന്റെ ഭർത്താവ് യു എ എയിൽ വച്ച് മരണപ്പെട്ടു. അവർ പറയുന്നു :

*'ഞങ്ങൾക്കുണ്ടായ നഷ്ടം അപരിഹാര്യമാണ്. ഞങ്ങളുടെ ബന്ധുക്കളുടെയും യു എ എയിലെ കമ്പനി ഉടമകളുടെയും കാരുണ്യത്തിലാണ് ഇന്ന് ഞങ്ങൾക്ക് മുന്നോട്ട് പോകാൻ കഴിയുന്നത്. അദ്ദേഹത്തിന്റെ കമ്പനി മാസം തോറും നല്ലൊരു തുക ഞങ്ങൾക്ക് നൽകുന്നുണ്ട്. അവരുടെ കാരുണ്യത്തിൽ കുടുംബം മുന്നോട്ട് പോകുന്നു. കുട്ടികളെ വീട്ടിലാക്കി എനിക്ക് പുറത്തു പോയി ജോലി ചെയ്യാൻ കഴിയാത്ത സ്ഥിതിയുണ്ട്. പക്ഷെ ഞങ്ങൾക്കും ജീവിക്കണം. ഇപ്പോൾ ഞാൻ കേക്കുകൾ ഉണ്ടാക്കി അടുത്തുള്ള സ്ഥലങ്ങളിൽ വില്പന നടത്തുകയാണ്. ഇത് ഒരു സ്ഥിരമായ ബിസിനസായി കാണാൻ കഴിയില്ല, മാത്രവുമല്ല, ഇതിനായി പ്രത്യേക യൂണിറ്റൊന്നും സജ്ജമാക്കിയിട്ടില്ല. ഇത് എത്രകാലം മുന്നോട്ട് കൊണ്ടുപോകാൻ കഴിയുമെന്ന് എനിക്കറിയില്ല. വളരെ കുറച്ച് ഓർഡറുകൾ മാത്രമാണ് എനിക്ക് ലഭിക്കുന്നത്. ഇത് വികസിപ്പിക്കുന്നതിന് എന്തെങ്കിലും മാർഗം കണ്ടുപിടിച്ചേ തീരൂ. നോർക്കയിൽ നിന്ന് മരണപ്പെട്ട വിദേശ മലയാളികളുടെ മക്കൾക്ക് ലഭിക്കുന്ന വിദ്യാഭ്യാസ അനുകൂല്യത്തിനായി ഞാൻ അപേക്ഷ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഇത് എനിക്ക് ലഭ്യമായിട്ടില്ല.'*

ബജറ്റ് റിപ്പോർട്ട് തുടരുന്നു :

*92. ഈ പദ്ധതിയുടെ ഭാഗമായി കുറഞ്ഞ പലിശ നിരക്കിൽ 1000 കോടി രൂപ വായ്പയായി ലഭ്യമാക്കും. വിവിധ ധനകാര്യ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് ഇത് നടപ്പാക്കുന്നത്. ഇതിൽ പലിശ ഒഴിവാക്കുന്നതിനായി 25 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. വിദേശത്തു നിന്നെത്തുന്നവർക്ക് നൽകുന്ന വിവിധ ക്ഷേമ പദ്ധതികൾക്കായി 170 കോടിയും നീക്കിവച്ചിട്ടുണ്ട്.*

എന്നാൽ പ്രവാസി മലയാളികൾ കേരളത്തിന് നൽകിയിട്ടുള്ള സംഭാവനകൾ, പ്രത്യേകിച്ച് 2018 ലും 2019 ലുമുണ്ടായ വെള്ളപ്പൊക്ക സമയത്ത്, പരിഗണിച്ചാൽ ഈ തുക ഉയർത്തേണ്ടതാണ്. കെ എം എസിന്റെ കണക്കുകൾ അനുസരിച്ച് 2018 ൽ മാത്രം പ്രവാസികൾ കേരളത്തിലേക്കയച്ച തുക ഏകദേശം ഒരു ലക്ഷം കോടി രൂപയാണ്. സംസ്ഥാന ജി ഡി പിയുടെ 13 ശതമാനത്തോളം വരുമിത്. ഇത്തരത്തിലെത്തുന്ന പണം നേരിട്ട് സംസ്ഥാനത്തെ മൂന്നിലൊന്ന് ജനങ്ങളെയും പരോക്ഷമായി മൂന്നിൽ രണ്ടു ജനങ്ങളെയും സഹായിക്കുന്നതായി കാണാം.

നോർക്കയുടെ പദ്ധതികളായ എൻ ഡി പി ആർ ഇ എം, സാന്ത്വന, കാരുണ്യം, പ്രവാസി

തണൽ തുടങ്ങിയവ ഏറ്റവും കൂടുതൽ ബുദ്ധിമുട്ട് നേരിടുന്ന ആളുകളെ ലക്ഷ്യമാക്കി നടപ്പാക്കുകയാണ് വേണ്ടത്. കുറച്ചു പേർക്ക് ഒറ്റത്തവണ സഹായമാണ് വേണ്ടതെങ്കിൽ മറ്റു ചിലർക്ക് പല തവണ കളായുള്ള സഹായമായും ഇത് നല്കാൻ കഴിയണം. നിലവിലുള്ള പദ്ധതികൾ പ്രവാസി മലയാളികളുടെ വൈവിധ്യമാർന്ന പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ അതിനനനു സരിച്ച് ഉടച്ചു വാർക്കണം.

കോവിഡ് ബാധിച്ച് ഒമാനിൽ വച്ച് മരണമടഞ്ഞ മുഹമ്മദ് ഫൈസലിന്റെ ഭാര്യ ഹസീന പറയുന്നു :

*'അദ്ദേഹം മാസം തോറും അയച്ചരുന്ന 10000 രൂപ കൊണ്ടാണ് ഞങ്ങളുടെ വീട്ടുചെലവു കൾ നടന്നിരുന്നത്. എന്നാൽ ഇപ്പോൾ അതും നഷ്ടമായിരിക്കുന്നു. അദ്ദേഹത്തിന്റെ വരുമാനം കൊണ്ട് ഞങ്ങൾ ഒരു വീട് വച്ചു. എന്നാൽ അതിന്റെ പണി ഇനിയും പൂർത്തിയായിട്ടില്ല. വീടിന്റെ പല ഭാഗങ്ങളും ഇപ്പോൾ ചിതലെടുത്ത് തുടങ്ങിയിരിക്കുന്നു. ഏതാനും ചില ബന്ധുക്കളും സുഹൃത്തു ക്കളും ഞങ്ങളെ സഹായിക്കുന്നുണ്ട്. എന്നാൽ എല്ലാ കാലത്തും അവരെ ആശ്രയി ക്കാൻ കഴിയില്ലല്ലോ. കഴിഞ്ഞ മാസം മുതൽ എനിക്ക് സംസ്ഥാന സർക്കാരിന്റെ വിധവ പെൻഷൻ ലഭിക്കുന്നുണ്ട്. എന്നാൽ അതുകൊണ്ട് മാത്രമാകില്ലല്ലോ. അദ്ദേഹ ത്തിന്റെ മാതാപിതാക്കളും എന്റെ രണ്ടു കുട്ടികളുമടങ്ങുന്ന ഞങ്ങളുടെ കുടും ബത്തെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും ജോലി കണ്ടെത്തേണ്ടതുണ്ട്. ആശുപത്രി ചെലവുകൾ ഉൾപ്പടെയുള്ള പല ആവശ്യ ങ്ങൾക്കായി പലപ്പോഴും ഞങ്ങൾ വായ്പ യെടുത്തിട്ടുണ്ട്. ഇതും എങ്ങനെയെങ്കിലും തിരിച്ചടക്കണം.'*

രണ്ടു കാര്യമാണ് നോർക്ക അടിയന്തിരമായി ഏറ്റെടുക്കേണ്ടത് :

*1. തിരിച്ചെത്തുന്നവരുടെ വാക്സിനേഷന് മുൻഗണന നൽകണം.*

വിദേശത്തു പോകേണ്ടവരുടെ വാക്സി നേഷന്റെ കാര്യത്തിൽ ആരോഗ്യ , കുടുംബ ക്ഷേമ വകുപ്പ് മുൻഗണന നൽകുന്നുണ്ട്. ഇത് തിരികെയെത്തിയവർക്കും ബാധകമാ ക്കണം. ഇത് വീണ്ടും ജോലി കണ്ടെത്തി പോകുന്നതിന് ഇത് അവർക്ക് പ്രചോദന മാകും. ആരോഗ്യ, കുടുംബക്ഷേമ വകുപ്പു മായി സഹകരിച്ച് ഇവർക്കായി വാക്സിനേഷന് ക്യാംപുകൾ നോർക്കക്ക് സംഘടിപ്പിക്കാവുന്നതാണ്.

*2. തിരിച്ചെത്തുന്നവർക്ക് കൂടുതൽ തൊഴിൽ നൈപുണ്യം നൽകുക .*

അഡിഷണൽ സ്കിൽസ് അക്വിസിഷൻ പദ്ധതി പോലുള്ള പരിശീലന പരിപാടികൾ വഴി നോർക്കക്ക് തിരിച്ചെത്തുന്ന പ്രവാസി കൾക്ക് കൂടുതൽ തൊഴിൽ നൈപുണ്യം നല്കാൻ കഴിയണം. അങ്ങനെ വന്നാൽ കൂടുതൽ മെച്ചപ്പെട്ട തൊഴിലവസരങ്ങൾ അവർക്ക് വിദേശത്ത് ലഭ്യമാകുന്നതിന് സഹായകമാകും. ആഗോള സാമ്പത്തിക രംഗം വലിയ തോതിലുള്ള പരിവർ ത്തനത്തിന് വിധേയമായിക്കൊണ്ടിരിക്കുക യാണ്. അതുകൊണ്ട് കോവിഡിന് ശേഷമുള്ള ലോകത്ത് അധിക തൊഴിൽ നൈപുണ്യമുള്ളവരെ കാത്ത് കൂടുതൽ അവസരങ്ങൾ ഉണ്ടാകും എന്നതാണ് വസ്തുത.

പ്രവാസികളുടെ തിരിച്ചുവരവ് സ്ഥിരമായ ഒന്നല്ല എന്ന കാഴ്ചപ്പാടാണ് ഉണ്ടാകേണ്ടത്. ഇത് ഒരു താത്കാലിക പ്രതിഭാസമാണ്. പുനരധിവാസം പോലുള്ള കാര്യങ്ങൾ ക്കപ്പുറം അധിക തൊഴിൽ നൈപുണ്യം നേടുന്നതിനുള്ള കാലയളവ് എന്ന നിലയി ലാണ് ഇതിനെ കാണേണ്ടത്. ഗൾഫിലേ ക്കുള്ള കുടിയേറ്റം ഏറെക്കുറെ അതിന്റെ അന്തിമ ഘട്ടത്തിലാണ് എന്നറിയുക. ഇനിയങ്ങോട്ട് ഗൾഫ് മേഖലയിൽ

സാദ്ധ്യതകൾ പരിമിതവുമായിരിക്കും. അതുകൊണ്ട് മറ്റു രാജ്യങ്ങളെ ലക്ഷ്യം വയ്ക്കുകയാണ് നാം ചെയ്യേണ്ടത്. കോവിഡാനന്തര ലോകത്തിന് കൂടുതൽ അവസരങ്ങൾ മുന്നോട്ട് വയ്ക്കാനുണ്ടാകും. ഇതിനായി സംസ്ഥാനം സജീവമായി ഇടപെടുകയാണ് വേണ്ടത്.

ഒരു ദീർഘകാല നയമെന്ന നിലയിൽ കേരളം ലക്ഷ്യമിടേണ്ട ഒരു കാര്യം, ഒരു ലക്ഷം കോടി രൂപ വാർഷികമായി സംസ്ഥാനത്തേക്ക് എത്തുന്ന തരത്തിൽ എപ്പോഴും 20 ലക്ഷം എൻ ആർ കെകളുടെ ഒരു സഞ്ചയം ഒരുക്കുക എന്നതാണ്. വികസനരംഗത്തും സാംസ്കാരികമായും ഇവർ കേരളത്തിന് നൽകിയിട്ടുള്ള സംഭാവനകൾ അതുല്യമാണ്. 2021 ലെ നിയമസഭാ തിരഞ്ഞെടുപ്പിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ നിലവിൽ വിദേശത്തുള്ളവരും വിദേശത്തു നിന്ന് തിരിച്ചെത്തിയവരും നിലവിലെ സർക്കാറിനോടാണ് കൂടുതൽ ആഭിമുഖ്യം കാണിക്കുന്നത് എന്നത് വ്യക്തമാണ്.

വിശ്വസനീയവും കാലോചിതവുമായ വിവരങ്ങൾ ഈ രംഗത്തെ നയരൂപീകരണത്തിനും അതിന്റെ നടപ്പാക്കലിനും അവശ്യം വേണ്ടുന്ന ഒരു അടിസ്ഥാന കാര്യമാണ്. 1998 മുതൽ ഓരോ അഞ്ചു വർഷം കൂടുമ്പോഴും കെ എം എസ് ഇത്തരം ഡേറ്റ തയ്യാറാക്കുന്നുണ്ട്. 2023 ലാണ് ഇനി ഇത്തരം ഡേറ്റ തയാറാക്കുക. എന്നാൽ ഇതിനു പുറമെ, കോവിഡ് മഹാമാരി നമ്മുടെ കുടിയേറ്റ തൊഴിൽ മേഖലയിൽ ചെലുത്തിയ സ്വാധീനം എന്താണെന്ന് കണ്ടെത്തുന്നതിനായി സംസ്ഥാനാടിസ്ഥാനത്തിൽ ഒരു സർവേ അടിയന്തിരമായി നടത്തേണ്ടതുണ്ട്. 20000 സാമ്പിൾ കുടുംബങ്ങളിൽ നടത്തുന്ന ഇത്തരമൊരു സർവെ വഴി കുടിയേറ്റം, റെമിറ്റൻസ്, ഭാവിയിൽ വിദേശത്തേക്ക് പോകുന്നതിനുള്ള താല്പര്യം തുടങ്ങിയ നിരവധി ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ കഴിയും. ഇക്കാര്യത്തിൽ സമയം വളരെ പ്രധാനമാണ്. കാരണം, വൈകിയാൽ ഇത്തരമൊരു സർവേയുടെ സാദ്ധ്യതകൾ പൂർണ്ണമായും അടയും എന്നതാണ്.

**വാർദ്ധക്യം**

വാർദ്ധക്യം, മുതിർന്ന പൗരന്മാർ എന്നിവരെ കുറിച്ച് ബജറ്റ് ഇപ്രകാരം പ്രസ്താവിക്കുന്നു:

*161. നമ്മുടെ സംസ്ഥാനത്ത് നിരവധി പേർ ജീവിത ശൈലീ രോഗങ്ങൾക്ക് തുടർച്ചയായി മരുന്ന് കഴിക്കുന്നവരാണ്, പ്രത്യേകിച്ച് പ്രായമേറിയവർ. കേരള മെഡിക്കൽ സർവീസസ് കോർപറേഷന്റെ മുൻകൈയിൽ ഇത്തരക്കാർക്ക് മരുന്നുകൾ വീടുകളിൽ എത്തിച്ചു കൊടുക്കുന്നതിനായി 'കാരുണ്യ അറ്റ് ഹോം' എന്ന പദ്ധതിക്ക് തുടക്കം കുറിക്കാവുന്നതാണ്. ഇപ്പോൾ കാരുണ്യ മെഡിക്കൽ ഷോപ്പുകൾ നൽകുന്ന ഇളവിന് പുറമെ വൃദ്ധജനങ്ങൾക്ക് മരുന്നിന് ഒരു ശതമാനം അധിക ഇളവ് നൽകാവുന്നതാണ്. ഇതിനായി രജിസ്റ്റർ ചെയ്യുന്നവർക്ക് ഡോക്ടറുടെ കുറിപ്പിന്റെ അടിസ്ഥാനത്തിൽ മാത്രം മരുന്നുകൾ വീടുകളിൽ എത്തിച്ചു നല്കാൻ കഴിയണം. കോവിഡിനൊപ്പം ജീവിക്കുക എന്ന ഇന്നത്തെ സാഹചര്യത്തിൽ 'കാരുണ്യ അറ്റ് ഹോം' പദ്ധതി പ്രായമായവർക്ക് വളരെ ഉപകാരപ്രദമായിരിക്കും.*

*162. എല്ലാ വാർഡുകളിലും ജെറിയാട്രിക് ക്ലബുകൾ എന്നത് കഴിഞ്ഞ ബജറ്റിലെ ഒരു സുപ്രധാന നിർദേശമായിരുന്നു. എന്നാൽ കോവിഡിന്റെ ഘട്ടത്തിൽ റിവേഴ്സ് ക്വാറന്റൈൻ നിബന്ധനകൾക്ക് ഇത് വിരുദ്ധമാകുന്ന സ്ഥിതിയുണ്ടായി. കോവിഡ് മഹാമാരി കുറയുന്ന ഘട്ടത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതിനായി മുൻകയ്യെടുക്കേണ്ടതുണ്ട്. ഇതിനായി പുതിയ കെട്ടിടങ്ങൾ പണിയേണ്ട കാര്യമില്ല.*

*നിലവിലുള്ള വായനശാലകളും വാടകക്കെടുക്കുന്ന കെട്ടിടവും മറ്റും ഉപയുക്തമാക്കാവുന്നതാണ്. അയൽക്കൂട്ട ജെറിയാട്രിക് ഗ്രൂപ്പുകൾ ഇത്തരം കേന്ദ്രങ്ങളിൽ പ്രവർത്തനക്ഷമമക്കാവുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ പ്ലാൻ ഫണ്ടിൽ നിന്ന് 290 കോടി രൂപ ഈ പദ്ധതിക്ക് മാറ്റിവയ്ക്കേണ്ടതുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ ഇത്തരം 5000 ജെറിയാട്രിക് ക്ലബുകൾ തുറക്കാൻ കഴിയണം. വയോമിത്രം, സ്വയംപ്രഭ എന്നീ പദ്ധതികൾക്കായി 30 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്.*

മുൻ സർക്കാരിന്റെ കാലത്ത് പെൻഷൻ ഇനത്തിൽ 9011 കോടി രൂപ വിതരണം ചെയ്തുവെങ്കിൽ ഈ സർക്കാർ ഇതുവരെ 32034 കോടി രൂപ വിതരണം നടത്തിയിട്ടുണ്ട്. 2015-16 ൽ ക്ഷേമ പെൻഷൻ ലഭ്യമാകുന്നവരുടെ എണ്ണം 34 ലക്ഷമായിരുന്നെങ്കിൽ ഇപ്പോൾ അത് 48.6 ലക്ഷമായി ഉയർന്നു. സംസ്ഥാനത്ത് ക്ഷേമ പെൻഷൻ വാങ്ങുന്നവരുൾപ്പടെ മൊത്തം പെൻഷൻകാരുടെ എണ്ണം 59.5 ലക്ഷമാണ്. ക്ഷേമ പെൻഷൻ വാങ്ങുന്നവരിൽ 30 ശതമാനം പേർ ഈ സർക്കാരിന്റെ കാലത്ത് ആദ്യമായി പെൻഷൻ വാങ്ങുന്നവരാണ്.

കേരള ഏജിങ് സർവേകളുടെ (കെ എ എസ്) അനുബന്ധമായി പ്രായമേറിയവരെ കുറിച്ച് ഒരു സാമ്പിൾ സർവെ നടത്തേണ്ടത് ഈ ഘട്ടത്തിൽ അനിവാര്യമായ ഒരു കാര്യമാണ്. പ്രായമായവരുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ നല്ല തുക ചെലവഴിക്കുന്നുണ്ട്. എന്നാൽ ഇക്കാര്യത്തിൽ സംഭവിക്കുന്ന കെടുകാര്യസ്ഥത ന്യായീകരിക്കാൻ കഴിയാത്തതാണ്. മഹാമാരിയുടെ പശ്ചാത്തലത്തിൽ പ്രായമേറിയവർ നേരിടുന്ന വെല്ലുവിളികളിൽ പ്രകടമായ മാറ്റം സംഭവിച്ചിട്ടുണ്ട്. അതുകൊണ്ട് ഇതുവരെ പ്രവർത്തനക്ഷമമായിരുന്ന പല നയങ്ങളും നിലപാടുകളും ഇനിയങ്ങോട്ട് കാര്യക്ഷമമായി പ്രവർത്തിക്കണമെന്നില്ല.

കഴിഞ്ഞ ഏതാനും വർഷങ്ങളിൽ കേരളം തുടർച്ചയായുള്ള നിരവധി പ്രതിസന്ധികളിലൂടെ കടന്നു പോവുകയുണ്ടായി. എന്നാൽ വിദഗ്ധമായ തീരുമാനങ്ങളിലൂടെയും വെല്ലുവിളികളെ കൃത്യമായും സൂക്ഷ്മതയോടെയും കൈകാര്യം ചെയ്തതിലൂടെയും സംസ്ഥാനത്തെ ഭരണകൂടം ഇവയോടെല്ലാം മികച്ച രീതിയിലാണ് പ്രതികരിച്ചതെന്ന് കാണാൻ കഴിയും. കഴിഞ്ഞ കാലങ്ങളിൽ നിന്നുള്ള പാഠങ്ങൾ ഇനിയങ്ങോട്ടുള്ള വെല്ലുവിളികളെ നേരിടാൻ നമ്മെ കൂടുതൽ പ്രാപ്തമാക്കും. എല്ലാ കാലങ്ങളിലും സാമൂഹ്യ രംഗങ്ങളിൽ സംഭവിക്കുന്ന അടിയൊഴുക്കുകളെ കുറിച്ചുള്ള സൂക്ഷ്മമായ അറിവുകൾ ഇത്തരം ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സർക്കാരിനെ സംബന്ധിച്ചിടത്തോളം അനിവാര്യമായ ഒരു ഘടകമാണ്.

■

(ഇരുദയ രാജൻ, ഗിഫ്റ്റിലെ ഓണററി ഫെല്ലോയും ഇന്റർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൈഗ്രേഷൻ ആന്റ് ഡവലപ്മെന്റിന്റെ ഡയറക്ടറുമാണ്)

**ബാങ്കിംഗ്-ധനകാര്യം**

# വികസനത്തിന് വാക്കുകളല്ല, പ്രവൃത്തിയാണ് വേണ്ടത്

**എസ് ആദികേശവൻ**

'വളർച്ചയോ, മണ്ടത്തരം' ! കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് നടക്കുന്ന ഏതൊരു ചർച്ചയുടെയും കാതൽ പലപ്പോഴും ഇങ്ങനെയാണെന്ന് കാണാം. കുറെക്കാലമായി വികസനം എന്ന വിഷയത്തിന്റെ കാമ്പിലേക്ക് കടക്കുന്നതിനു പകരം നാം, കാടും പടലും തിരയുന്ന രീതിയാണ് അവലംബിച്ചു വരുന്നത്. ചർച്ചകൾ പൊതുവെ സംസ്ഥാനത്തിന്റെ പൊതുകടം എന്ന വിഷയത്തിലൂന്നി അടിസ്ഥാന കാര്യങ്ങളിൽ നിന്ന് തെന്നിമാറുന്ന സ്ഥിതിയുണ്ടാകുന്നു. വളർച്ചക്ക് ഉപരിയായി സമത്വം, വിതരണം എന്നീ ആശയങ്ങളിലൂന്നി നിൽക്കുന്ന കേരള വികസന മോഡൽ നമ്മുടെ ഇന്നത്തെ ദുസ്ഥിതിക്ക് ഒരു കാരണമാണ്.

വളർച്ചയ്ക്ക് ഹാനികരമാകുന്ന തരത്തിൽ ക്ഷേമത്തിന് കൂടുതൽ പ്രാധാന്യം കൈവരുന്നുണ്ടോ എന്ന കാര്യം ഇവിടെ പ്രത്യേകം പ്രസക്തമാവുകയാണ്. പ്രസിദ്ധമായ കേരള വികസന മോഡലിന്റെ നേട്ടങ്ങളും കോട്ടങ്ങളും എന്തൊക്കെയാണ്? ഇതുവരെ കൈവരിച്ച വളർച്ചയിൽ ഏറ്റവും കൂടുതൽ സംഭാവനയർപ്പിച്ച രാഷ്ട്രീയ നേതാവ്, അല്ലെങ്കിൽ ഭരണാധികാരി ആരാണ്? കേരളം രൂപീകരിച്ചതിന് ശേഷമുള്ള ആറ് പതിറ്റാണ്ടിനിടയിൽ സംസ്ഥാനത്തിന്റെ വികസനത്തിൽ ഏറ്റവും വലിയ സംഭാവന നൽകിയത് ഏതു രാഷ്ട്രീയ പാർട്ടിയാണ്? ഇത്തരം കാര്യങ്ങളെ കുറിച്ച് പക്ഷപാതിത്വം ഇല്ലാതെ തുറന്ന മനസോടെ ചർച്ച ചെയ്യേണ്ട സമയം അതിക്രമിച്ചിരിക്കുന്നു എന്ന് പറയാം. ഇതുവഴി ലഭ്യമാകുന്ന ഉത്തരങ്ങൾ ഭാവിയിലേക്കുള്ള കേരളത്തിന്റെ യാത്രയിൽ ചൂണ്ടുപലകകളായി മാറുമെന്നതിന് സംശയമില്ല.

സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പാദനത്തിൽ വിവിധ മേഖലകൾ നൽകിയ സംഭാവന താഴെകാണുന്ന പ്രകാരമാണ്. (പട്ടിക 1)

പ്രാഥമിക മേഖലയുടെ കാര്യമെടുത്താൽ 2018-19, 2019-20 എന്നീ വർഷങ്ങളിൽ യഥാക്രമം -2.38 ശതമാനം, -6.62 ശതമാനം

**Table. 1** Sectoral contributions to state domestic product (Rs. Crore)

| | 2017-18 | 2018-19 | 2019-20 |
|---|---|---|---|
| GSDP | 516189.76 | 549672.93 | 568635.52 |
| Primary Sector (GSVA) | 47619.23 | 46004.41 | 42373.83 |
| Secondary Sector (GSVA) | 129866.26 | 138033.99 | 141805.63 |
| Tertiary Sector (GSVA) | 283268.51 | 305303.78 | 317781.22 |

(*Source: Kerala State Planning Board - Economic Review 2020*)

എന്ന തോതിൽ നെഗറ്റീവ് വളർച്ച ഉണ്ടായതായി കാണാം. സംസ്ഥാന ആസൂത്രണ ബോർഡിന്റെ സാമ്പത്തിക സർവെ പ്രകാരം 2011-12 മുതൽ 2018-19 വരെയുള്ള കാലയളവിൽ കാർഷിക, അനുബന്ധ മേഖലകളിലെ മൂല്യവർധനവിന്റെ തോത് മന്ദഗതിയിലാവുകയോ, നെഗറ്റീവ് ആവുകയോ ചെയ്തതായി കാണാൻ കഴിയും.

പ്രാഥമിക മേഖലയിൽ ഉണ്ടാകുന്ന തളർച്ച ഒരു രാജ്യത്തിന്റെയും സർവതോന്മുഖമായ വികസനത്തെ ത്വരിതപ്പെടുത്തുമെന്ന് പ്രതീക്ഷിക്കാൻ കഴിയില്ല തന്നെ. പ്രാഥമിക മേഖലയിലെ വളർച്ച ഇല്ലാതെ തന്നെ സമ്പദ് വ്യവസ്ഥ വളരുകയും പ്രതിശീർഷ വരുമാനം ഉയരുകയും ചെയ്ത ലോകത്തെ ഒരേ ഒരു രാജ്യം സിംഗപ്പൂരാണ്. പക്ഷെ, അവിടത്തെ വികസന മോഡലും ഭരണ രീതികളും ഏറെ വ്യത്യസ്തമാണ്. അതുകൊണ്ട് അത്തരത്തിൽ ഒരു താരതമ്യം യുക്തിസഹമായിരിക്കില്ല.

കേരളത്തിന് വളർച്ച കൈവരിക്കണമെങ്കിൽ കാർഷിക മേഖലയിലും അനുബന്ധ മേഖലകളിലും യുക്തിസഹമായ വളർച്ച കൂടിയേ തീരൂ. എന്നാൽ കേരള വികസന മോഡൽ സാമ്പത്തിക വളർച്ചക്ക് അർഹമായ പരിഗണന നൽകിയതായി കാണാൻ കഴിയില്ല. ഇതിനെ പിന്തുണക്കുന്ന തരത്തിലുള്ള, മൂല്യവർധിത വ്യവസായങ്ങളെ ഉൾകൊള്ളുന്ന ഒരു സ്വാഭാവിക ആവാസവ്യവസ്ഥ ഇല്ലാതെ പോയത് ഒരു പോരായ്മയായി മാറിയെന്ന് വിലയിരുത്തുന്നതിൽ തെറ്റില്ല. കാർഷിക രംഗത്തെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും ഇക്കാര്യത്തിൽ ഒരു പ്രശ്നമാണ്. വികസനത്തെ കുറിച്ചുള്ള നമ്മുടെ തെറ്റായ കാഴ്ചപ്പാടിന്റെ ഫലമാണ് നെഗറ്റീവായ ഈ വളർച്ച.

സംസ്ഥാനത്തെ രണ്ട് പ്രബല രാഷ്ട്രീയ മുന്നണികളിലും സോഷ്യലിസ്റ്റ് / ഇടത് ചായ്വ് പ്രകടമാണ്. ക്ഷേമ രാഷ്ട്രം എന്ന ആശയത്തിന് ഇത് അനുഗുണമാണ്. എന്നാൽ വളർച്ചയുടെ കാര്യം വരുമ്പോൾ ഇത് പോരായ്മയായി മാറുന്നതായി കാണാൻ കഴിയും. ഇടത് ചായ്വ് പുലർത്തുമ്പോഴും വേറിട്ട ഒരു പാത വെട്ടിത്തുറക്കാൻ കഴിഞ്ഞ ഒരേ ഒരു നേതാവ് അന്തരിച്ച സി. അച്യുത മേനോനാണ്. ഇന്നത്തെ മുഖ്യമന്ത്രി പ്രായോഗിക വഴക്കങ്ങളിലേക്ക് മാറുന്നതായും വിലയിരുത്താൻ കഴിയും.

വിദേശത്ത് ജോലി ചെയ്യുന്ന മലയാളികൾ അയക്കുന്ന പണത്തിലാണ് കേരളം മുന്നോട്ട് പോകുന്നത് എന്നത് സുവിദിതമായ കാര്യമാണ്. അത്ര വ്യാപകമായി അറിയുന്ന കാര്യമല്ലെങ്കിലും ഔദ്യോഗികമായും അല്ലാതെയും കേരളത്തിലേക്ക് പണം ഒഴുകുന്നുണ്ട്. മറ്റു സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന മലയാളികളുടെ പണം അങ്ങനെ സംസ്ഥാനത്തിന്റെ 'മിച്ച മൂല്യമായി' മാറുന്നു. എന്ത്കൊണ്ടാണ് ഒരു ശരാശരി കേരളീയന് തൊഴിലന്വേഷിച്ച് സംസ്ഥാനത്തിന് പുറത്തേക്ക് പോകേണ്ടി വരുന്നത്? നിക്ഷേപകരുടെ മുൻഗണനാ മേഖലയായി എന്തുകൊണ്ട് കേരളം മാറുന്നില്ല? അടുത്ത കാലത്തായി നിസാന്റെ ഒരു കേന്ദ്രം തിരുവനന്തപുരത്ത് ആരംഭിച്ചതും ചില പ്രമുഖ ഐ.ടി സ്ഥാപനങ്ങളും എടുത്തു പറയത്തക്കതാണ് എന്ന കാര്യം വിസ്മരിച്ചു കൊണ്ടല്ല ഇത് പറയുന്നത്. 1000 കോടി രൂപ വിറ്റുവരവുള്ള, നല്ല ലാഭമുണ്ടാക്കുന്ന നിർമാണ സ്ഥാപനങ്ങൾ കേരളത്തിൽ കുറവായിരിക്കുന്നത് എന്തുകൊണ്ടാണ്?

നമ്മെ അലോസരപ്പെടുത്തേണ്ട ചോദ്യങ്ങൾ തന്നെയാണ് ഇവ. വികസന രംഗത്ത് കേരളത്തിന് നേട്ടങ്ങൾ കൈവരിക്കാൻ കഴിയാതെ പോയതിന് ഒരു പിടി രാഷ്ട്രീയ കാരണങ്ങൾ നാം കണ്ടെത്തിയേക്കാം. നമ്മുടെ രാഷ്ട്രീയ മുന്നണികൾക്ക് സാമൂഹ്യക്ഷേമ സൂചികകളിൽ മികച്ച നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെ, ഇതര സംസ്ഥാനങ്ങ

ളുമായി താരതമ്യം ചെയ്യുമ്പോൾ സമ്പത്തിന്റെ നീതിപൂർവകമായ വിതരണം നിർവഹിക്കാനും കഴിഞ്ഞിട്ടുണ്ടെന്ന് കാണാം. എന്നാൽ ഇതെല്ലാം തന്നെ സംസ്ഥാനത്തിന്റെ ഇന്നത്തെ വളർച്ച മുരടിപ്പിന് കാരണമായി മാറിയിട്ടുണ്ട് എന്നതാണ് യാഥാർഥ്യം.

ദേശീയ വരുമാനത്തിൽ നല്ല സംഭാവനയർപ്പിക്കുന്ന, അല്ലെങ്കിൽ ഉയർന്ന ജോലി സാധ്യത നൽകുന്ന ഇന്ത്യയിലെ ഏറ്റവും മുൻനിരയിലെ 20–25 കോർപ്പറേറ്റുകളെയെടുക്കാം. ഇവയ്ക്കൊന്നും കേരളത്തിൽ സാന്നിധ്യമില്ലെന്നതാണ് സത്യം. ഇവർ കേരളത്തിൽ നിക്ഷേപം നടത്തണമോ, അല്ലെങ്കിൽ ഇവരെ കൂടാതെ തന്നെ നമുക്ക് മുന്നോട്ട് പോകാൻ കഴിയുമോ എന്നതടക്കമുള്ള കാര്യങ്ങളിൽ സംസ്ഥാനം ഒരു തീരുമാനമെടുക്കുന്നതിനുള്ള സമയം അതിക്രമിച്ചിരിക്കുന്നു എന്ന് തന്നെ പറയാം. ഇവിടെ എനിക്ക് സൂചിപ്പിക്കാനുള്ള കാര്യം ഇക്കാര്യത്തിൽ ഒരു വ്യക്തത വേണം എന്നതാണ്. അവർ വരട്ടെ എന്നാണ് തീരുമാനമെങ്കിൽ നിക്ഷേപത്തിന് അവർ തയാറാകും. എന്നാൽ മറ്റു ചില സംസ്ഥാനങ്ങളിൽ നടക്കുന്നതുപോലെ തൊഴിൽ ചൂഷണവും പ്രകൃതി ചൂഷണവും അനുവദിക്കാൻ നമുക്ക് കഴിയില്ല. ഇതിന് രണ്ട് കാരണങ്ങളുണ്ട്.

ഇത്തരത്തിലുള്ള മുതലാളിമാരുടെ ഒരു സഹായവും നമുക്ക് ആവശ്യമില്ല എന്നാണ് നമ്മുടെ ഉറച്ച നിലപാടെങ്കിൽ അതിനനുസൃതമായ നിയമ നിർമാണം വരട്ടെ. പക്ഷെ, അതിനെ രാഷ്ട്രീയവത്കരിക്കുന്ന നടപടി തെറ്റാണ്. (അടുത്തകാലത്ത് തിരുവനന്തപുരം വിമാനത്താവളത്തിന്റെ നിയന്ത്രണം അദാനി ഗ്രൂപ്പ് ഏറ്റെടുക്കുന്നതിനെ കുറിച്ചുയർന്ന പുകപടലങ്ങൾ തന്നെ ഉദാഹരണമായി എടുക്കാം. ഇതിൽ നിയമ വിരുദ്ധമായ എന്തെങ്കിലുമുണ്ടെങ്കിൽ തീർച്ചയായും അതിനെ എതിർക്കേണ്ടതാണ്. പക്ഷെ രാഷ്ട്രീയ ആശയങ്ങളുടെ പേരിലാണ് എതിർപ്പെങ്കിൽ സംസ്ഥാനത്തിന്റെ വളർച്ചയെ വിവാദത്തിലേക്ക് വലിച്ചിഴക്കുകയാണ് ചെയ്യുന്നത്. തദനുസൃതമായ മുരടിപ്പ് വളർച്ചയിൽ സംഭവിക്കും. ഈ വിഷയത്തിൽ നിലപാടുകളിലെ സുതാര്യത ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. രാഷ്ട്രീയ ആശയങ്ങളുടെ പേരിൽ വളർച്ചയെ ബലി കഴിക്കാൻ നാം ഒരുക്കമാണോ? അതെ എന്നാണ് ഉത്തരമെങ്കിൽ അത് ഉറക്കെ പറയാൻ തയാറാകണം. ഇതുമായി ബന്ധപ്പെട്ട നിഷ്പക്ഷരായ ആളുകൾക്ക് ഈ വിഷയം ചർച്ച ചെയ്യുമ്പോൾ കേരളത്തിന് ഇക്കാര്യത്തിലുള്ള പരിമിതികൾ ബോധ്യമാവുകയും ചെയ്യും.)

നമ്മുടേത് സംസ്ഥാനങ്ങൾ ചേർന്നുള്ള ഒരു യൂണിയനാണ്. അതുകൊണ്ട് നിക്ഷേപത്തിനായി ഇതര സംസ്ഥാനങ്ങളുമായി നമുക്ക് മത്സരിക്കേണ്ടതായി വരുന്നു എന്നതാണ് രണ്ടാമത്തെ കാരണം. എന്നാൽ ഇതര സംസ്ഥാനങ്ങൾക്ക് സ്വകാര്യ മൂലധനം സംബന്ധിച്ച് വ്യത്യസ്ത കാഴ്ച്ചപ്പാടാണ് ഉള്ളതെങ്കിൽ നമുക്ക് ഉപേക്ഷിക്കേണ്ടി വരുന്നത് ഒരു ലെവൽ പ്ലെയിങ് ഫീൽഡാണ്. മറ്റു വിധത്തിൽ പറഞ്ഞാൽ ബോധപൂർവം തന്നെ പൊതുവായ ഒരു മൈതാനത്തെ നിരപ്പല്ലാത്ത ഒന്നാക്കി മാറ്റുകയാണ് നാം ചെയ്യുന്നത്. വളർച്ചയെ ബലി കഴിക്കുന്ന ഒരു ബദൽ വികസനമാണ് നമ്മുടെ കാഴ്ചപ്പാടെങ്കിൽ അതിൽ തെറ്റ് പറയാനാകില്ല. പക്ഷെ അത് സുതാര്യതയോടെ ബോധ്യപ്പെടുത്താൻ നമുക്ക് കഴിയണം എന്നതാണ് കാര്യം.

ഇക്കാര്യത്തിൽ പരസ്പര വിരുദ്ധമെന്ന് വിശേഷിപ്പിക്കാവുന്ന വിവിധ ചലനങ്ങൾ നമുക്ക് കാണാം. അന്തരിച്ച വ്യവസായ വകുപ്പ് മന്ത്രി കെ.ആർ ഗൗരിയമ്മ വ്യവസായികളെ കേരളത്തിലേക്ക് ക്ഷണിക്കാൻ തൊണ്ണൂറുകളിൽ മുബൈയ്ക്ക് പോയ കാര്യം ഞാൻ ഓർക്കുകയാണ്. 2002–03 ഘട്ടത്തിൽ

അന്നത്തെ യു ഡി എഫ് സർക്കാരാണ് ആദ്യമായി ആഗോള നിക്ഷേപക സംഗമം സംഘടിപ്പിച്ചത്. എന്നിട്ടും നിക്ഷേപ സൗഹൃദത്തിന്റെ കാര്യത്തിൽ ഇ ഒ ഡി ബി സൂചികയനുസരിച്ച് ഇന്ത്യയിലെ 29 സംസ്ഥാനങ്ങളിൽ ഇരുപത്തിയെട്ടാമതാണ് കേരളത്തിന്റെ സ്ഥാനം.

ഒരു ബാങ്കർ എന്ന നിലയിൽ വളർച്ചക്കായി താഴെ പറയുന്ന നിർദേശങ്ങൾ നടപ്പിലാക്കുന്നത് നല്ലതാണെന്ന് ഞാൻ വിശ്വസിക്കുന്നു. നമ്മുടെ ആസൂത്രണത്തിന്റെയും വികസനത്തിന്റെയും കേന്ദ്ര ബിന്ദുവായി അവ മാറണം.

1. ഇ ഒ ഡി ബി സൂചികയിലെ നില ഒരു വർഷത്തിനുള്ളിൽ തന്നെ മെച്ചപ്പെടുത്തണം. ഇത് നേടുന്നതിനുള്ള ശ്രമങ്ങളിൽ നിന്ന് നേട്ടം കൈവരിക്കുന്നതിന് യത്നിക്കണം.

2. തിരഞ്ഞെടുക്കപ്പെട്ട മേഖലകളിൽ നിക്ഷേപകരെ ആകർഷിക്കുന്നതിന് മാർക്കറ്റിങ് ടീമിനെ സജ്ജമാക്കണം. നിലവിലെ ജീവനക്കാരിൽ നിന്നുവേണം ഇത്തരമൊരു ടീമിനെ വാർത്തെടുക്കാൻ. ഈ മേഖലകളിൽ അർദ്ധ മനസോടെയുള്ള തീരുമാനങ്ങളാകരുത്.

3. ബാങ്ക് വായ്പകൾ മൂലധനത്തെയാണ് പിന്തുടരുന്നത്. അതുകൊണ്ട് ആസൂത്രണ ബോർഡ് കേന്ദ്രത്തിലെ നീതി ആയോഗിന് സമാനമായ രീതിയിൽ വേണം പ്രവർത്തിക്കാൻ. വളർച്ചയെ പിന്തുണക്കുന്ന നയങ്ങൾ ഉണ്ടാകുമ്പോൾ മൂലധനം താനേ എത്തുന്നു. കടങ്ങൾ പിന്നീടാണ് വരുന്നത്. ഈ മാതൃക പിന്തുടരുന്ന അയൽ സംസ്ഥാനങ്ങളിൽ വായ്പ-നിക്ഷേപ അനുപാതം ഏതാണ്ട് 100 ശതമാനമാണ്.

4. കെ-സ്വിഫ്റ്റിനൊപ്പം എം എസ് എം ഇ മേഖലയിലെ മൈക്രോ യൂണിറ്റുകൾക്കെങ്കിലും കേന്ദ്ര നിയമങ്ങളെ വഴക്കിയെടുക്കാൻ കഴിയുമോ എന്ന് പരിശോധിക്കുക. (നിലവിലെ നിയമമനുസരിച്ച് വഴിയോരത്തെ ചായക്കടക്കാരൻ പോലും 2006 ലെ ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ് നിയമപ്രകാരം രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. ഇപ്രകാരം രജിസ്റ്റർ ചെയ്യാതിരിക്കുന്നത് നിയമവിരുദ്ധമാണ്. ഇത് വായ്പയുടെ ഒഴുക്കിനെ പ്രതികൂലമായി ബാധിക്കുന്നു.)

5. വികസനം, മുതൽമുടക്ക്, വളർച്ച എന്നീ കാര്യങ്ങളിൽ സമവായം ഉണ്ടാക്കുന്നതിന് ഒരു സംസ്ഥാന വികസന കൗൺസിൽ രൂപീകരിക്കുന്ന കാര്യം ആലോചിക്കേണ്ടതാണ്. ഇതിൽ രാഷ്ട്രീയ പാർട്ടികൾക്കും 20/20 പോലുള്ള സംഘടനകൾക്കും പ്രാതിനിധ്യമാകാം. ഓരോ മൂന്ന് മാസം കൂടുമ്പോഴും യോഗം ചേർന്ന് വികസന രംഗത്ത് തുടർച്ചയായ സമവായം സൃഷ്ടിക്കുന്നതിന് ഇത്തരമൊരു സംവിധാനത്തിന് സാധ്യമാകുന്നതാണ്. അധികാരത്തിലിരിക്കുന്നത് ആരാണെന്നത് ഈ പ്രക്രിയക്ക് ഒരു തടസ്സമാകരുത്.

■

(സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ചീഫ് ജനറൽ മാനേജരാണ് ലേഖകൻ)

**വിവരസാങ്കേതിക രംഗം**

# തൊഴിൽ അവസരത്തിനായി ഐ ടി മേഖലയ്ക്ക് ഊർജം പകരുക

**ഇ എസ് ബിനുജേക്കബ്**

പുതിയ ബജറ്റ് തൊഴിൽ സേനയെയും ഒപ്പം സമൂഹത്തെയാകെയും വീണ്ടെടുക്കുന്നതിന് നടത്തുന്ന ശ്രമങ്ങൾ ശ്ലാഘനീയമാണ്. അഞ്ചു വർഷം കൊണ്ട് 20 ലക്ഷം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതികളും ഇതിൽ കാണാം. ഐ ടി രംഗത്തെ ഇന്ത്യയുടെ ആകെ ആഗോള കയറ്റുമതിയുടെ രണ്ട് ശതമാനം സംഭാവന നൽകുന്നത് കേരളമാണ്. ഇത് ഏകദേശം 300 കോടി ഡോളർ അഥവാ 25000 കോടി രൂപയാണ്. 30 വർഷത്തോളമായി കേരളത്തിൽ സാന്നിധ്യമറിയിക്കുന്ന ഐ ടി മേഖല, സുമാർ ഒന്നര ലക്ഷം ജോലി അവസരങ്ങൾ മാത്രമാണ് സൃഷ്ടിച്ചിരിക്കുന്നത്. അടുത്ത അഞ്ചു വർഷം കൊണ്ട് 20 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നത് പ്രായോഗികമായി അത്ര എളുപ്പമല്ല. കാരണം, ഒന്നര ലക്ഷം തൊഴിലവസരങ്ങളും 25000 കോടി രൂപയുടെ കയറ്റുമതി വരുമാനവും നേടാൻ 30 വർഷം വേണ്ടിവന്നു എന്നതാണ്. അതുകൊണ്ട് അഞ്ചുവർഷം കൊണ്ട് ഇത് ഇരട്ടിയാക്കുക എന്ന ലക്ഷ്യത്തോടെ കുറച്ചുകൂടി യാഥാർഥ്യ ബോധത്തോടെയുള്ള ഒരു പദ്ധതിയാണ് മുന്നോട്ട് വയ്ക്കുന്നത്.

ഐ ടി വിപണിയെക്കുറിച്ച് നമുക്ക് നല്ല അവബോധമുണ്ട്. സർക്കാർ ഐ ടി വ്യവസായ മേഖലയിൽ നിശ്ചയമായും കാര്യമായ ഊന്നൽ നൽകേണ്ടതുണ്ട്. നല്ല തോതിലുള്ള വളർച്ച കൈവരിക്കാൻ കഴിയുന്ന ഒരു രംഗമാണ് ഇത് എന്നതാണ് കാരണം. ഐ ടി മേഖലയുടെ വളർച്ചക്കനുസരിച്ച് സമ്പദ്‌വ്യവസ്ഥക്ക് നേട്ടം കൈവരിക്കാൻ കഴിയും എന്നതാണ് പ്രധാന കാര്യം. 2025-26 സാമ്പത്തിക വർഷമാകുമ്പോൾ 350 ബില്യൺ ഡോളറിന്റെ വളർച്ചയിലേക്ക് എത്താൻ കഴിയുമെന്നാണ് പ്രതീക്ഷ. കേരളത്തിൽ അഭ്യസ്തവിദ്യരായ, നല്ല കഴിവുള്ളവർ ധാരാളമായി ഉള്ളതുകൊണ്ട് കേരളത്തിന് ഈ മേഖലയിലൂടെ മികച്ച നേട്ടം കൈവരിക്കാൻ കഴിയും. മൈക്രോസോഫ്റ്റ് പോലുള്ള രാജ്യാന്തര കമ്പനികളുടെ ജീവനക്കാരിൽ 30 ശതമാനം പേർ കേരളത്തിൽ നിന്നുള്ളവരാണ്. അതുകൊണ്ട് വളർച്ചയ്ക്കുള്ള ഒരു എഞ്ചിനായി ഈ മേഖലയെ ഉപയോഗിക്കാൻ കഴിഞ്ഞാൽ സംസ്ഥാനത്തിന് നല്ല നേട്ടമുണ്ടാക്കാൻ കഴിയും. പ്രാഥമികമായി വേണ്ടത് നിലവിലെ ഒന്നര ലക്ഷം തൊഴിലവസരങ്ങൾ മൂന്ന് ലക്ഷമായി ഉയർത്തുകയും വരുമാനം 25000 കോടിയിൽ നിന്ന് 50000 കോടി രൂപയുമാക്കി വർദ്ധിപ്പിക്കുകയുമാണ്. വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയുമായി ബന്ധപ്പെട്ട് നിരവധി കാര്യങ്ങൾ നമുക്ക് ചെയ്യാൻ കഴിയും. കഴിവ് മാത്രമാണ് ഇതിൽ ഒരു കുപ്പിക്കഴുത്തായി കാണുന്നത്. 50000 കോടിയുടെ വരുമാനത്തിലേക്കും അത് പിന്നീട് ജി ഡി പിയുടെ പത്ത് ശതമാനം എന്ന നിലയിലേക്കും ഉയരുമ്പോൾ ഐ ടി മേഖലയിലെ ജീവനക്കാർ നടത്തുന്ന ചെലവഴിക്കൽ സാമ്പത്തിക മേഖലയിൽ വളരെ നിർണ്ണായകമായി മാറുന്നതാണ്. ഐ

ടി മേഖലയിൽ സൃഷ്ടിക്കപ്പെടുന്ന ഓരോ തൊഴിലവസരവും മൂന്ന് അല്ലെങ്കിൽ നാല് തൊഴിലവസരങ്ങൾ മറ്റു വിധത്തിൽ സൃഷ്ടിക്കുന്നുണ്ട്. 2025 ഓടെ സർക്കാരിന്റെ നികുതി വരുമാനത്തിൽ 2200-3000 കോടി രൂപയെങ്കിലും അധികമായി സൃഷ്ടിക്കാൻ കഴിയും. അതുകൊണ്ട് രണ്ടു മേഖലകളിലാണ് നാം കൂടുതലായി മുതൽമുടക്കേണ്ടത്. ഒന്ന്, കഴിവുള്ളവരെ വാർത്തെടുക്കലാണ്. മികവുള്ളവരെ പിന്തുണയ്ക്കുന്നതിനുള്ള ഒരു പദ്ധതി ഐ ടി വ്യവസായ മേഖല ആരംഭിച്ചിട്ടുണ്ട്. വിവിധ കോഴ്സുകൾ പാസായി പുറത്തു വരുന്നവരെ പെട്ടെന്ന് ജോലിക്ക് പ്രാപ്തരാക്കുന്ന വിധത്തിൽ വ്യവസായ മേഖലക്ക് സഹായിക്കാൻ കഴിയും. അതുകൊണ്ട് കൂടുതൽ തൊഴിലവസരങ്ങൾ കൊണ്ടുവരാൻ കഴിയുന്ന വിധത്തിൽ കമ്പനികൾക്ക് സർക്കാർ ആവശ്യമായ പ്രോത്സാഹനം നൽകുകയാണ് വേണ്ടത്. ഇതുവഴി കൂടുതൽ കമ്പനികളെ സംസ്ഥാനത്തേക്ക് ആകർഷിക്കാൻ കഴിയും. ഹൈദരാബാദിൽ നടപ്പാക്കിയ കാര്യം മാതൃകയാണ്. കമ്പനികൾക്ക് കേരളത്തിൽ നിക്ഷേപം നടത്താൻ പ്രേരിപ്പിക്കുന്ന വിധത്തിൽ കൂടുതൽ സൗകര്യങ്ങൾ നൽകണം. ടി സി എസ് പോലുള്ള ഏതാനും ചില കമ്പനികളെയാണ് നാം ലക്ഷ്യമിടുന്നത്. എന്നാൽ ബംഗളുരു അടക്കമുള്ള നഗരങ്ങളിൽ ധാരാളം രാജ്യാന്തര കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ പല കമ്പനികളും ചെറുകിട, ഇടത്തരം പട്ടണങ്ങളിലേക്ക് ചേക്കേറാൻ താല്പര്യപെടുന്നുണ്ട്. കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം എന്നീ നഗരങ്ങൾ ഇതിന് അനുയോജ്യമായവയാണ്. നിലവിലുള്ള കമ്പനികളടക്കമുള്ളവയെ എങ്ങനെയൊക്കെ സഹായിക്കാം എന്നത് ഇക്കാര്യത്തിൽ പ്രധാനമാണ്. വാടകയുടെ കാര്യത്തിലുള്ള നയങ്ങളാണ് ഇതിൽ ഏറ്റവും പ്രധാനം. പല കമ്പനികളും ഇപ്പോൾ വിട്ടുപോകാനുള്ള ഒരു കാരണം വീട്ടിലിരുന്ന് ജോലി ചെയ്യുന്ന സമ്പ്രദായം വ്യാപകമാകുന്നതാണ്. ടി സി എസ് കമ്പനിയുടെ മേധാവികൾ പറയുന്നത് 2025 ആകുമ്പോഴേക്ക് 25 ശതമാനം പേർ മാത്രമായിരിക്കും ഓഫിസിൽ വന്ന് ജോലി ചെയ്യുക എന്നാണ്.

താല്പര്യമുണർത്തുന്ന ഒരു കാര്യം ടെക്നോപാർക്ക് വാടക അഞ്ചു ശതമാനം ഉയർത്തുന്നുവെന്നതാണ്. ടെക്നോപാർക്കും ഇൻഫോപാർക്കും വാടക ഉയർത്തുന്നത് ആർക്കും ഗുണകരമായ കാര്യമല്ല. ഇത് എങ്ങനെ ഒഴിവാക്കാം എന്ന കാര്യം ഗൗരവതരമായി പരിഗണിക്കപ്പെടേണ്ട ഒന്നാണ്. ചെറിയ കമ്പനികൾക്കാണ് ഇത്തരത്തിൽ വാടക ഒഴിവാക്കി നൽകേണ്ടത്. വൻകിട കമ്പനികൾക്ക് വൻകിടക്കാരുടെ ബിസിനസ് ലഭിക്കുന്നതുകൊണ്ട് അവയ്ക്കു ഗുരുതരമായ പ്രതിസന്ധിയില്ല. സംസ്ഥാനത്ത് വൻകിട കമ്പനികൾ നിക്ഷേപം നടത്താനെത്തുന്നത് പൊതുവെ കുറവാണ്. എന്നാൽ ചെറിയ കമ്പനികൾ വരികയും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. 20000 -30000 പേർക്ക് വീതം പ്രതിവർഷം ജോലി നല്കാൻ കഴിഞ്ഞാൽ അഞ്ചു വർഷം കൊണ്ട് ഒന്നര ലക്ഷം പേർക്ക് പുതിയതായി ജോലി നൽകാൻ കഴിയും. 3000 കോടി രൂപയുടെയെങ്കിലും അധിക വരുമാനം അതുവഴി സർക്കാരിന് നികുതിയിനത്തിൽ ലഭ്യമാകും. അതുകൊണ്ട് നിലവിലുള്ള കമ്പനികൾക്ക് പ്രോത്സാഹനം നൽകുക. അത്തരം പ്രോത്സാഹനങ്ങൾ ഉണ്ടെങ്കിൽ കൂടുതൽ പേർക്ക് പരിശീലനം നൽകാനും തൊഴിൽ നൽകാനും കമ്പനികൾ മുന്നോട്ട് വരും. ഈ രണ്ടു കാര്യങ്ങളാണ് കേരളത്തിന്റെ സാമ്പത്തിക മേഖലയുടെ നങ്കൂരമാകുന്ന ഐ ടി വ്യവസായ മേഖലയുടെ വികസനത്തിന് വേണ്ടുന്നത്.

■

(ഇ എസ് ബിനുജേക്കബ്, എക്സിപിരിയോൺ ടെക്നോളജീസിന്റെ സി.ഇ.ഒയും എം.ഡിയുമാണ്)

ടൂറിസം

# ടൂറിസം മേഖലക്ക് പ്രത്യേക പാക്കേജ് നൽകണം

**ഇ എം നജീബ്**

കേരളത്തിൽ തൊഴിലില്ലായ്മ നിരക്ക് 11 ശതമാനമാണ് . എന്നാൽ ദേശീയ തലത്തിൽ ആറ് ശതമാനമാണ്. ഇപ്പോഴത്തെയും മുൻപത്തേയും എൽ ഡി എഫ് സർക്കാരുകൾ ടൂറിസം മേഖലക്ക് വലിയ പ്രാധാന്യം നൽകിയിട്ടുണ്ട്. ടൂറിസം രംഗം സംസ്ഥാനത്തിന്റെ വികസനകാര്യത്തിൽ വളരെ പ്രധാനപ്പെട്ടതാണെന്ന് ഡോ. തോമസ് ഐസക്കും ശ്രീ കെ. എൻ ബാലഗോപാലും തങ്ങളുടെ ബജറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. ടൂറിസം മേഖലയുമായി ബന്ധപ്പെട്ട ചില സുപ്രധാന പ്രഖ്യാപനങ്ങൾ ഇരു ബജറ്റിലുമുണ്ട്. ഇക്കാര്യങ്ങളെ കുറിച്ച് ടൂറിസം വകുപ്പ് മന്ത്രി തന്നെ കൂടുതൽ വിശദീകരണം നൽകിയിട്ടുണ്ട്.

സംസ്ഥാനത്തിന്റെ ജി ഡി പിയിൽ 11 ശതമാനം സംഭാവനായർപ്പിക്കുന്ന മേഖലയാണ് ടൂറിസം. ഏകദേശം 45,000 കോടി രൂപയുടെ വരുമാനവും രണ്ടു ദശലക്ഷം പേർക്ക് തൊഴിലും ഈ മേഖല നൽകുന്നു. എന്നാൽ കഴിഞ്ഞ വർഷം വരുമാനം 36,000 കോടി രൂപയായി കുറഞ്ഞതായി മന്ത്രി പ്രസ്താവിച്ചിട്ടുണ്ട്. ചിലപ്പോൾ അതിലും കുറവ് സംഭവിച്ചിട്ടുണ്ടാകാം. എന്നാൽ ടൂറിസം വകുപ്പിൽ നിന്ന് ലഭ്യമാകുന്ന കണക്ക് അതാണ്. സംസ്ഥാനത്തിന്റെ ഇന്നത്തെ സ്ഥിതിയിൽ ഇത് വലിയൊരു നഷ്ടം തന്നെയാണ്.

തൊഴിൽ മേഖലയിലെ ഇന്നത്തെ സാഹചര്യം പരിഗണിക്കുമ്പോൾ ടൂറിസം രംഗത്തെ സംരംഭകർ ജീവനക്കാരെ വലിയൊരളവോളം സംരക്ഷിച്ചു പോരുന്നതായി കാണാം. എന്നാൽ ദൗർഭാഗ്യകരമെന്ന് പറയട്ടെ, ഈ രംഗത്ത് ഏതാണ്ട് 80 ശതമാനം പേർക്കും തൊഴിൽ നഷ്ടമായിരിക്കുകയാണ്. കാരണം, തുടർച്ചയായി ഇവരെ സംരക്ഷിക്കുക സംരംഭകർക്ക് അസാധ്യമാണ്. അതുകൊണ്ട് ടൂറിസം രംഗത്തെ പുനരുദ്ധരിക്കേണ്ടത് ഏറ്റവും ആവശ്യമായ ഒരു കാര്യമാണ്. ഇക്കാര്യങ്ങളാണ് ധനമന്ത്രിക്കും ടൂറിസം മന്ത്രിക്കും നിവേദനമായി സമർപ്പിച്ചിട്ടുള്ളത്. ഇവിടെ ഒരു പുനരുദ്ധാരണ പാക്കേജ് അടിയന്തിരമായി പ്രഖ്യാപിക്കേണ്ട സാഹചര്യമുണ്ട്. കെ എഫ് സി വഴിയായി 500 കോടി രൂപ വായ്പ അനുവദിക്കുന്ന ഒരു പാക്കേജ് ധനമന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. എന്നാൽ ഇതിന് കെ എഫ് സി എന്ത് തരത്തിലുള്ള നിബന്ധനകളാണ് മുന്നോട്ട് വയ്ക്കുക എന്ന് അറിയില്ല. കഴിഞ്ഞ മന്ത്രിസഭയുടെ കാലത്ത് മുഖ്യമന്ത്രി പ്രഖ്യാപിച്ച വായ്പാ പദ്ധതികളോട് നിഷേധാത്മക സമീപനമാണ് ബാങ്കുകൾ സ്വീകരിച്ചത്. ഇവിടെ കേന്ദ്ര ർക്കാർ പ്രഖ്യാപിച്ച ഇ സി എൽ ജി പദ്ധതിയാണ് അഭികാമ്യം . എന്നാൽ ഇക്കാര്യത്തിലുമുള്ള നിബന്ധനകൾ ഈ രംഗത്തെ സംരംഭകർക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിലുള്ളതാണ്. 90 ദിവസത്തേക്കുള്ള ഡി പി ഡി ഒഴിവാക്കണമെന്ന് പല വട്ടം നിവേദനങ്ങ

ളിലൂടെ ആവശ്യപ്പെട്ടതാണ്. എന്നാൽ അതുണ്ടായില്ല. സംരംഭകർക്ക് ആവശ്യമായ പിന്തുണ ലഭിക്കുന്നില്ലെങ്കിൽ ജീവനക്കാരെ സഹായിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകും. ഇത്തരമൊരു സ്ഥിതി വിശേഷം കൂടുതൽ സംരംഭകരേയും ജീവനക്കാരെയും ഗുരുതരമായ പ്രതിസന്ധിയിലേക്ക് നയിക്കും. സർക്കാർ വെറുതെ പണം നൽകണമെന്ന് ഞാൻ ആവശ്യപ്പെടുന്നില്ല. എന്നാൽ ഒട്ടുമിക്ക സംരംഭകരും റവന്യു റിക്കവറി പോലുള്ള നടപടികൾ നേരിടുകയാണ് എന്നതാണ് വസ്തുത.

അതുകൊണ്ട് ധനമന്ത്രിയുടെയോ, അല്ലെങ്കിൽ മുൻ ധനമന്ത്രിയുടെയോ ആവശ്യമെങ്കിൽ മുഖ്യമന്ത്രിയുടെ തന്നെയോ മുൻകയ്യിൽ ബാങ്കിങ് മേഖലയിലുള്ളവരുമായി ഒരു യോഗം വിളിക്കേണ്ടതുണ്ട്. ടൂറിസം വ്യവസായത്തിന് രണ്ടു വർഷത്തേക്ക് മൊറൊട്ടോറിയം പ്രഖ്യാപിക്കാൻ തയാറാകണം. നിലവിലുള്ള വായ്പകൾ പുനഃക്രമീകരിക്കുന്നതിന് ഇതാവശ്യമാണ്. സംസ്ഥാന സർക്കാരിന്റെയോ, കേന്ദ്ര സർക്കാരിന്റെയോ പദ്ധതികളുടെ ഭാഗമായി 15,000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിക്കണം. എന്നാൽ ബാങ്കുകൾ ടൂറിസം രംഗത്തെ ക്രിയാത്മകമായ വിധത്തിൽ പിന്തുണക്കുന്നില്ല. ഇതിന് രണ്ടു കാരണങ്ങളുണ്ട്, ഒന്ന്, ടൂറിസത്തെ ഒരു വ്യവസായമായി പ്രഖ്യാപിച്ചിട്ടില്ല. രണ്ട്, റിസർവ് ബാങ്ക് ഇതിനെ ഒരു മുൻഗണന മേഖലയായി കണക്കാക്കിയിട്ടില്ല.

റിയൽ എസ്റ്റേറ്റിന്റെ ഗണത്തിലാണ് ടൂറിസത്തെ ഉൾപ്പെടുത്തിയിരിക്കുന്നത് എന്നതാണ് മൂന്നാമത്തെ കാര്യം. ഈ മേഖലയുടെ തിരിച്ചുവരവിന് കൂടുതൽ സമയം വേണ്ടിവരുമെന്നതാണ് നാലാമത്തെ പ്രശ്നം. ഇതിന് ഒരു പരിഹാര മാർഗം കണ്ടെത്തേണ്ടതുണ്ട്. എല്ലാ ഹോട്ടലുകൾക്കും റിസോർട്ടുകൾക്കും പുതുതായി ഫണ്ട് ആവശ്യമായി വരും. അതല്ലെങ്കിൽ അവ തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിയില്ല. സഞ്ചാരികളെ സ്വാഗതം ചെയ്യുന്ന വിധത്തിൽ അവയെ പൂർവസ്ഥിതിയിലേക്ക് കൊണ്ടുവരുന്നതിന് പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആവശ്യമാണ്. ഇക്കാര്യം ഞാൻ ധനകാര്യമന്ത്രിയുടെ ശ്രദ്ധയിൽപെടുത്തിയിരുന്നു. ഇക്കാര്യത്തിൽ ആവശ്യമായ പ്രവർത്തനങ്ങൾ നടക്കുന്നുവെന്നതിൽ സന്തോഷമുണ്ട്. അതുകൊണ്ട് ജീവനക്കാരുടെ നിലനിൽപ്പ് അടക്കമുള്ള കാര്യങ്ങൾക്കായി സംരംഭകരെ ശക്തമായി പിന്തുണക്കേണ്ടതുണ്ട്. അന്താരാഷ്ട്ര അതിർത്തികൾ തുറക്കുകയും ആഭ്യന്തര യാത്രകൾ അനുവദിക്കുകയും ചെയ്യുന്നതോടെ ഒരു തിരിച്ചുവരവ് സാധ്യമാകും. ആഭ്യന്തര ടൂറിസത്തിനായി യാത്രാ വിലക്കുകൾ പിൻവലിക്കണമെന്നാണ് ഞങ്ങൾ അഭ്യർത്ഥിക്കുന്നത്. ആഭ്യന്തര ടൂറിസം സാധ്യമാകുന്നതോടെ ടൂറിസം മേഖലക്ക് താത്കാലികമായി പിടിച്ചു നിൽക്കാൻ കഴിയും. ടൂറിസം മേഖലയെ കൃഷി അല്ലെങ്കിൽ മൽസ്യബന്ധനം തുടങ്ങിയ മേഖലകളെ പോലെയാണ് പരിഗണിക്കേണ്ടത്. കാരണം, കൂടുതൽ പേർക്ക് തൊഴിൽ നൽകാനും സംസ്ഥാനത്തിന്റെ വരുമാനം ഗണ്യമായി ഉയർത്താനും കഴിയുന്ന ഒരു മേഖലയാണ് ഇത്. ഇക്കാര്യങ്ങൾ വളരെ ഗൗരവത്തിൽ പരിഗണിച്ച് പരിഹാര നടപടികൾ അടിയന്തിരമായി കൈക്കൊള്ളണം. എങ്കിൽ മാത്രമേ കൂടുതൽ വരുമാനവും തൊഴിലും ടൂറിസം രംഗത്ത് തിരിച്ചുകൊണ്ടുവരാൻ കഴിയൂ.

■

(ഇ എം നജീബ്, കോൺഫെഡറേഷൻ ഓഫ് കേരള ടൂറിസം ഇൻഡസ്ട്രീസിന്റെ പ്രസിഡന്റാണ്)

**ലിംഗനീതി**

# ബജറ്റും സ്ത്രീപക്ഷ കരുതലും

**നിർമ്മലാ പദ്മനാഭൻ**

പാവപെട്ട ജനവിഭാഗങ്ങളെ സംരക്ഷിക്കുന്നതിനും ഒപ്പം അവർക്ക് സഹായങ്ങൾ നൽകുന്നതിനും സർക്കാരുകളുടെ കൈയിലുള്ള ഒരു പ്രധാന ധനകാര്യ ഉപകരണമാണ് ബജറ്റ്. അതിനാൽ ബജറ്റ് ലിംഗഭേദത്തിന്റെ വീക്ഷണകോണിലൂടെ പരിശോധിക്കുന്നതിന് സവിശേഷമായ പ്രാധാന്യമുണ്ട്; പ്രത്യേകിച്ച് കോവിഡ് മഹാമാരിയുടെ ഈ ഘട്ടത്തിൽ. 2021 ജൂണിൽ അവതരിപ്പിച്ച പുതുക്കിയ ബജറ്റിൽ മൂന്ന് വിഭാഗങ്ങളിലായാണ് സ്ത്രീകൾക്കുള്ള നിർദേശങ്ങളുള്ളത്. എം ജി എസ് ആർ ജി ഇ എസ് ആണ് ഇതിൽ ഒന്നാമത്തേത്. ഇത് 7.5 കോടി വ്യക്തിഗത തൊഴിൽ ദിനങ്ങൾ എന്നത് 12 കോടി തൊഴിൽ ദിനങ്ങളായി ഉയർത്തുന്നതിനുള്ള നിർദേശമാണുള്ളത്. ജെൻഡർ അടിസ്ഥാനത്തിൽ നോക്കുമ്പോൾ ഇതിന് വലിയ പ്രാധാന്യം കാണാം. ഇതിന്റെ ഗുണഭോക്താക്കളിൽ 92 ശതമാനവും സ്ത്രീകളാണെന്നതാണ് ഇതിന് നിദാനം. കോവിഡ് മഹാമാരിയുടെ ദുരന്തമുഖത്ത് ഇത് ഏറ്റവും അവശ്യം വേണ്ടുന്ന ഒരു കാര്യമാണ്. ഏറ്റവും അർഹരായ ജനവിഭാഗങ്ങളുടെ നിത്യവൃത്തി ഇത് ഉറപ്പു വരുത്തുമെന്നതാണ് കാരണം. രണ്ടാമതായി വരുന്നത് അയ്യൻകാളി അർബൻ എംപ്ലോയ്മെന്റ് ഗ്യാരന്റി പദ്ധതിക്കുള്ള വകയിരുത്തൽ 75 കോടി രൂപയിൽ നിന്ന് 100 കോടിയായി ഉയർത്തിയിരിക്കുന്നു എന്നതാണ്. ഇതിന്റെ ഗുണഭോക്താക്കളിൽ 50 ശതമാനവും വനിതകളാണ്. ഇത് നഗര പ്രദേശങ്ങളിലെ സ്ത്രീകൾക്ക് ആശ്വാസമാകും. കാർഷികോത്പന്നങ്ങളുടെ സംസ്കരണത്തിനായി കുടുംബശ്രീ വഴി നടപ്പാക്കുന്ന പദ്ധതിയാണ് മൂന്നാമത്തേത്. ഇതിനായി 10 കോടി രൂപയും ബജറ്റിൽ വകയിരുത്തിയിരിക്കുന്നു. കാർഷികോത്പന്ന വിപണികൾ മാന്ദ്യം നേരിടുന്ന ഈ ഘട്ടത്തിൽ ഇത്തരം ഉത്പന്നങ്ങളുടെ സംസ്കരണവും സൂക്ഷിപ്പും ഉല്പാദകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് സഹായകമാകും. ഇതിൽ നല്ല പങ്ക് ചെറുകിട ഉല്പാദകരാണ് എന്നതുകൊണ്ട് ഇതിനു പ്രത്യേക പ്രാധാന്യമുണ്ട്. കുടുംബശ്രീയുമായി ഇതിനെ ബന്ധപ്പെടുത്തുന്നത് മികച്ച ഒരു നീക്കമായി കണക്കാക്കാം. കാരണം, കാറ്ററിങ്, ബേക്കറി, ചെറുകിട സംരംഭങ്ങൾ തുടങ്ങിയവ വഴിയായി കേരളത്തിലെ കാർഷിക മേഖലയിൽ അവരുടെ സാന്നിധ്യം ശക്തമായുണ്ട്. എന്നാൽ ഇത് കേവലം പരിശീലന കളരികൾ മാത്രമായി അവസാനിക്കാതിരിക്കാൻ ശ്രദ്ധ വേണം. ബ്രാൻഡിംഗ്, ഗുണനിലവാര നിയന്ത്രണം, ഗ്രേഡിംഗ്, വിപണനം തുടങ്ങിയ അനുബന്ധ കാര്യങ്ങളിലൂടെ ഇതിനെ പ്രവർത്തനക്ഷമമായ ഒരു ബിസിനസ് മോഡലായി പരിവർത്തനപ്പെടുത്തേണ്ടതുണ്ട്. ഇപ്പോഴത്തെ ബജറ്റ് നേരത്തെ ഡോ. തോമസ് ഐസക് അവതരിപ്പിച്ച ബജറ്റിന്റെ തുടർച്ചായതിനാൽ സ്ത്രീകളുടെ കാര്യത്തിലുള്ള നിലപാടുകൾ

പ്രത്യേകം പ്രസക്തമാണ്. 2017-18 മുതൽക്കുള്ള സംസ്ഥാന ബജറ്റുകളിൽ സ്ത്രീകളുടെയും കുട്ടികളുടെയും കാര്യത്തിൽ പ്രത്യേകം പരാമർശങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നതായി കാണാം.

ജെൻഡർ ബജറ്റിന് രണ്ടു ഭാഗങ്ങൾ കാണാം. 90-100 ശതമാനം പദ്ധതികളും സ്ത്രീകളെ ലക്ഷ്യം വച്ചുകൊണ്ടുള്ള പദ്ധതികൾ ഉൾകൊള്ളുന്ന പാർട്ട് എ യും 90 ശതമാനത്തോളം വകയിരുത്തലും ഈ വിഭാഗത്തിനായുള്ള പാർട്ട് ബിയും. സംസ്ഥാന ആസൂത്രണ പദ്ധതികളുടെ 10 ശതമാനമെങ്കിലും സ്ത്രീകൾക്കായുള്ള കാര്യങ്ങൾക്കായി നീക്കിവയ്ക്കപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ 2017-18 ലെ ബജറ്റ് പരിശോധിക്കുമ്പോൾ 11.4 ശതമാനമാണെന്ന് കാണാൻ കഴിയും. 2018-19 ൽ ഇത് 14.6 ശതമാനവും 2019-20 ൽ 16.9 ശതമാനവുമാണ്. 2020-21 ആകുമ്പോൾ ഇത് 18.4 ശതമാനമായി ഉയർന്നു. 2021-22 സാമ്പത്തിക വർഷത്തേക്ക് ജനുവരിയിൽ കൊണ്ട് വന്ന ബജറ്റിൽ ഇത് പാർട്ട് എ യിൽ 6.54 ശതമാനവും പാർട്ട് ബിയിൽ 13 ശതമാനവുമാണ്. 2021-22 ഉൾപ്പടെ എല്ലാ ബജറ്റുകളിലും രണ്ടു പ്രധാന ആശങ്കകൾ എടുത്തു പറയുന്നുണ്ട്. സ്ത്രീകൾക്കെതിരായ അതിക്രമങ്ങളാണ് ഒന്നാമത്തേത്. തൊഴിലവസരങ്ങൾ വർധിപ്പിച്ചും ജീവിതത്തിന് സുരക്ഷിതത്വം നൽകിയും അവരെ സാമ്പത്തികമായി ശാക്തീകരിക്കുക എന്നതാണ് രണ്ടാമത്തെ കാര്യം. സീതാലയം, ഭൂമിക, കുടുംബശ്രീ സ്നേഹിത ഹെല്പ് ഡെസ്ക്, 181 മിത്ര ഹെല്പ് ലൈൻ, 17 പോസ്കോ കോടതികൾ തുടങ്ങിയ നടപടികൾ വഴിയായി ആദ്യ വിഷയത്തിൽ നല്ല പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുവഴി ലിംഗപരമായ അതിക്രമങ്ങൾ നല്ലൊരളവോളം കുറഞ്ഞിട്ടുണ്ട് എന്ന് കാണാൻ കഴിയും. എന്നാൽ ഇതെല്ലം ശരിയായ പാതയിൽ ചരിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് ചില സംവിധാനങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

ശക്തമായ ഒരു വെല്ലുവിളി എന്ന നിലയിൽ തുടരുന്നത് രണ്ടാമത്തെ കാര്യമാണ്. സ്ത്രീകളുടെ ജീവസന്ധാരണത്തിനുള്ള മാർഗം ഉറപ്പ് വരുത്തുക എന്നതാണ് അത്. ഒരു തരത്തിൽ പറഞ്ഞാൽ അതിക്രമങ്ങളെ ചെറുക്കുന്നതിനും അതിനെ അതിജീവിച്ച് മുന്നോട്ട് പോകുന്നതിനും ഇത് ഏറ്റവും അനിവാര്യമായ ഒരു കാര്യമാണ്. ജെൻഡർ ബജറ്റിംഗിന്റെ ഭാഗമായി തൊഴിൽ ലഭ്യത ഉറപ്പാക്കുന്നതിനുള്ള നീക്കങ്ങൾ ഒരു പരിധി വരെ വിജയം കൈവരിച്ചതായി കാണാം. 2018-19 വർഷത്തെ പീരിയോഡിക് ലേബർ ഫോഴ്സ് സർവേ പ്രകാരം കേരളത്തിലെ തൊഴിൽ മേഖലയിൽ വനിതകളുടെ പങ്കാളിത്തം 20.4 ശതമാനമായി ഉയർന്നിട്ടുണ്ട്. ഇക്കാര്യത്തിൽ അഖിലേന്ത്യാ ശരാശരി 17.6 ശതമാനമാണ്. പക്ഷെ ഈ നേട്ടം അധികവുമുണ്ടായിട്ടുള്ളത് വിദ്യാഭ്യാസം കുറവായ, കുറഞ്ഞ വേതനത്തിൽ പണിയെടുക്കേണ്ടി വരുന്ന സ്ത്രീകളുടെ കാര്യത്തിലാണ്. അഭ്യസ്തവിദ്യരായ സ്ത്രീകളുടെ കാര്യത്തിൽ തൊഴിലവസരങ്ങൾ ഉയർത്തുക എന്ന വെല്ലുവിളി ഇനിയും ശേഷിക്കുന്നുണ്ട്.

അഭ്യസ്തവിദ്യരായ സ്ത്രീകൾക്കിടയിൽ തൊഴിൽ ലഭ്യത ഉയർത്തുന്നതിന് ദ്വിമുഖ തന്ത്രമാണ് മുന്നോട്ട് വയ്ക്കുന്നത്. വൈജ്ഞാനിക സമ്പദ്ഘടന അടക്കമുള്ള മേഖലകളിൽ സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്ന വിധത്തിൽ അവർക്ക് നൈപുണ്യം ഉണ്ടാക്കുക എന്നതാണ് അതിൽ ഒന്നാമത്തേത്. സംരംഭക അവസരങ്ങൾ വഴിയായി സ്വയംതൊഴിൽ കണ്ടെത്തുന്നത് പ്രോത്സാഹിപ്പിക്കുക എന്നതാണ് രണ്ടാമത്തെ കാര്യം. ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികളുടെ നൈപുണ്യ

വികസനം ഇതിലെ ഒരു നിർണ്ണായക ഘടകമാണ്. കാരണം ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികളിൽ 60 മുതൽ 80 ശതമാനം വരെ വനിതകളാണ്. ഇന്ന് നമ്മുടെ തൊഴിൽ രംഗത്തെ ആവശ്യവും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് പഠിച്ചിറങ്ങുന്ന പ്രഫഷനലുകളുടെ സപ്ലൈയും തമ്മിൽ ഒരു പൊരുത്തക്കേട് ദൃശ്യമാണ്. തൊഴിൽദാതാക്കളായ കമ്പനികൾ ക്യാമ്പസ് റിക്രൂട്ട്മെന്റ് വഴിയായി നിയമനം നടത്തുമ്പോൾ വളരെ കുറച്ചു പേർക്ക് മാത്രമാണ് ജോലി ലഭിക്കുന്നത്. ഇതിൽ പലരുമാകട്ടെ യഥാർത്ഥത്തിൽ ആ ജോലി ആഗ്രഹിക്കുന്നവരാകണമെന്നില്ല. പലർക്കും ഉപരി പഠനത്തിനായിരിക്കും താല്പര്യം. എന്നാൽ യഥാർത്ഥത്തിൽ ജോലി വേണമെന്നുള്ളവർക്ക് അത് ലഭിക്കാതെ പോകുന്നു. അവർക്ക് ആ ജോലിക്ക് ആവശ്യമായ കൃത്യമായ തൊഴിൽ നൈപുണ്യം ഇല്ലാത്തതാകാം ഇതിന് പിന്നിൽ. ഇതിന് വിദഗ്ദർ ചൂണ്ടിക്കാണിക്കുന്ന പരിഹാര മാർഗം വിദ്യാഭ്യാസ സമ്പ്രദായത്തെ തൊഴിൽ നൈപുണ്യവുമായി കൂട്ടിയിണക്കുക എന്നതാണ്. ഇത് താരതമ്യേന എളുപ്പമായ ഒരു കാര്യമല്ല. വിദ്യാഭ്യാസ രംഗം പലപ്പോഴും മാറ്റങ്ങളോട് വിമുഖത പ്രകടമാക്കുന്നു എന്നതാണ് ഇതിന് കാരണം. നമ്മുടെ മുന്നിലുള്ള യഥാർത്ഥ വെല്ലുവിളി വിദ്യാഭ്യാസ സമ്പ്രദായത്തെ തൊഴിൽ ചെയ്യുന്നതിന് സാധ്യമാകുന്ന വിധത്തിൽ പരിവത്തനം ചെയ്ത് വനിതകളുടെ നൈപുണ്യം ഉയർത്തുക എന്നതാണ്.

